Malayalanadu Weekly, Quilon
5 september 1976
Phone: 2825, 3362

മലയാളനാട്
വാരിക

പത്രാധിപർ
എസ്. കെ. നായർ

താളുകൾ മറിക്കുമ്പോൾ

ലേഖനം:

കാശിയിലെ കല്പടവുകൾ
ഡോക്ടർ. സി.പി. രാജഗോപാൽ 4
കാലമെന്നയാഗാശ്വം
ആഷാമേനോൻ 10
കോവൂർനാടകം
അവസാനിച്ചിട്ടില്ല
എം. പി. നാരായണപിള്ള 17
പ്രേമിക്കവാൻപററിയ സമയം
പി. ടി. വർഗ്ഗീസ് 18
കേശാലങ്കാരത്തിന് ഓന്തുകൾ!
വി. 54

കവിത:

പ്രഭാതവന്ദനം
കെ. ചന്ദ്രശേഖരൻ 7
ബന്ധനം
പി. ടി. നരേന്ദ്രമേനോൻ 15

കഥ:

പ്രാവ്
— രഘുനാഥ് പലേരി 21
വധു
— എസ്. മഹാദേവൻതമ്പി 41
അനവധിങ്ങടയാളങ്ങൾ
— ആർ. മുരളീധരൻ 49

നോവൽ:

പ്രേയസി
— സി. രാധാകൃഷ്ണൻ 26
പിതാമഹൻ II
— വി. കെ. എൻ 28
അർച്ചന
— സാറാതോമസ് 31

സ്ഥിരം പംക്തികൾ:

സാഹിത്യവാരഫലം
— എം. കൃഷ്ണൻനായർ 44
കണ്ടതും കേൾക്കാത്തതും
— കാമ്പിശ്ശേരി 38
ഗ്രന്ഥനിരൂപണം
— ഗോപി കൊടുങ്ങല്ലൂർ 59
മുഖഭാഗചിത്രങ്ങൾ
— വി. ബി. സി. നായർ 57
സിനിമ 63

മുഖചിത്രം:

ഫോട്ടോ ഇ. വി. ആർ മോഹൻ

പുസ്തകം എട്ട് □ ലക്കം പതിനാറ് □ 1152 ചിങ്ങം 21

കാലത്തിന്റെ ഒഴുക്കിൽപെട്ട് നശിച്ചുനാമാവശേഷമാകാത്ത കാശിയിലെ കല്പടവുകൾ. സംസ്കാരത്തിന്റെ സമന്വയത്തെ സമൂർത്തമാക്കുന്ന കാശിയിലെ കല്പടവുകൾ, സാംസ്കാരികവേലിയേററത്തെ അതിജീവിക്കുവാൻ വെമ്പൽകൊള്ളുന്ന കരിങ്കൽ പടവുകൾ മതേതരത്വം, സോഷ്യലിസം, സ്വാതന്ത്ര്യമെന്നീ കാലത്തിന്റെ ചുവരെഴുത്തു കണ്ട കാശിയിലെ പൗരാണികസംസ്കാരത്തിന്റെ പ്രതീകങ്ങൾ വാസ്തവത്തിൽ ഭാരതീയ മിശ്രിത സംസ്കാരത്തിന്റെ പ്രതിരൂപമത്രെ: ജനതയുടെ ജീവിതത്തെ പാപത്തിന്റെ കരാളതയിൽ നിന്നും മുക്തിയുടെ മുത്ത് നല്കാമെന്ന് വാഗ്ദാനം ചെയ്യുന്ന ഗംഗയതിന്റെ ദർശനം കാലത്തിന്റെ അഴുക്കുചാലുകൾ അടിഞ്ഞുകൂടിയ മാലിന്യത്തിന്റെ ദർശനമാണോ എന്നു സംശയിക്കുവാനുള്ള സന്ദർഭം തീർച്ചയായും ഉണ്ടാകുന്നുണ്ട്. പക്ഷെ, അത് നമ്മുടെ—ഭാരതീയജനതയുടെ ഒരു നേർപകുതിയുടെ ദർശനം മാത്രമായി നമുക്കു കണക്കാക്കാം. മുക്തിക്കുവേണ്ടി തീർത്ഥയാത്ര നടത്താൻ വെമ്പൽ കൊള്ളുന്ന ജനം—കാശ്മീർ മുതൽ കന്യാകുമാരിവരെയുള്ളവർ—ഈ നേർപകുതിയുടെ പ്രതിനിധികൾതന്നെയാണ്.

പൗരോഹിത്യത്തിന്റെ പരിവേഷമണിഞ്ഞ പണ്ഡകളും കൂർത്ത കൊമ്പുകളുമായി വഴി പോക്കരെ കുത്തിമലർത്താൻ മടിക്കാത്ത പശുക്കളും, ഇടതടവില്ലാതെ എണ്ണമൊട്ടന്നില്ലാതെ നീങ്ങുന്ന സൈക്കിൾറിക്ഷകളും, അതിന്റെ തിരക്കിൽ നിന്നും സ്വയം രക്ഷിക്കുവാൻ ശ്രമിക്കുന്ന യാത്രക്കാരുമെല്ലാം ഗ്രാമീണ—നാഗരികജനജീവിതത്തിന്റെ അവിഭാജ്യഘടകങ്ങൾ തന്നെയാണ്...

മാടപ്രാവുചമയുന്ന കഴുകന്മാർ

കോഡ്ഭാഷയിൽ സംസാരിക്കുന്ന പണ്ഡകൾ വാസ്തവത്തിൽ മാടപ്രാവു ചമയുന്ന കഴുകന്മാർ തന്നെയാണ്. കാശിയിൽ കാലുകുത്തുന്നതിനു മുമ്പുതന്നെ അവർ തീർത്ഥയാത്രക്കാരെ വലവീശി കൈക്കലാക്കും. അവരുടെ വലയിൽ വീണുപോയാൽ തിരിച്ചു പോകാൻ നന്നേ ബുദ്ധിമുട്ടുകയും ചെയ്യും. അന്ധവിശ്വാസത്തിന്റേയും, ആദ്ധ്യാത്മികതയുടേയും പുറം ചട്ടയിട്ട ജീവിതരീതി—എങ്ങും ദർശിക്കാം. പക്ഷേ, ഇത് ഇന്നും ഇന്നലെയും തുടങ്ങിയ ആചാരക്രമങ്ങളല്ല—ഒരു പക്ഷേ, കാലത്തിനൊപ്പം പഴക്കമുണ്ടായിരിക്കാമതിന്. തീർത്ഥയാത്രക്കാരെ വേണ്ടവിധത്തിൽ മുതലെടുക്കാൻ ഒട്ടും തന്നെ മടി കാണിക്കാത്ത പണ്ഡകൾ വാസ്തവത്തിൽ മുഖംമൂടിയണിഞ്ഞ മനുഷ്യർ തന്നെ—അവരിൽ പോക്കറ്റടിക്കാരനും—കൊലപാതകിയുമല്ലാ—എല്ലാ സാമൂഹ്യവിരുദ്ധ ശക്തികളും അണിനിരക്കുന്ന എന്നുള്ളതാണ് വസ്തുത.



ഡോക്ടർ സി പി രാജഗോപാൽ

സംസ്കാരത്തിന്റെ സമന്വയകേന്ദ്രം

സംസ്കാരത്തിന്റെ സമന്വയകേന്ദ്രമത്രെ കാശി—ഹൈന്ദവ, ക്രിസ്തീയ, ബൗദ്ധ ഇസ്ലാമികസംസ്കാരങ്ങളുടെ സംഗമകേന്ദ്രമാണ് കാശി. പക്ഷേ, ഈ നഗരം. വൈവിധ്യത്തിലും ഏകതയെന്ന നമ്മുടെ സിദ്ധാന്തത്തെ അരക്കിട്ട് ഉറപ്പിക്കുന്നുണ്ടോ? തീർച്ചയായും ഇത്രയധികം വൈവിധ്യമാർന്ന ജനത എവിടെയെങ്കിലും ഒന്നായിട്ട്. മിശ്രിതസംസ്കാരത്തിന്റെ ഒരു നിലവാരം കാഴ്ചവെച്ചിട്ടുണ്ടോ? അഴുക്കുചാലുകൾ അടിഞ്ഞുകൂടിയ മാലിന്യത്തിൽ നിന്നും ഇവക്കു മോചനം ലഭിക്കുമോ? കാലം തെളിയിച്ചതും. പക്ഷേ, തെളിയിക്കുന്തോറും അപ്രത്യക്ഷമാകുന്നതുമായ ഒരു പ്രതിഭാസമാണിത്.

ഇന്നോളം എത്രയെത്ര ആചാര്യശിരോമണികൾ കാശിയിൽ സിദ്ധാന്തപ്രചരണം നടത്തി. സംസ്കാരത്തിന്റെ കാതലായ ദാർശനികമതങ്ങളെ പ്രചരിപ്പിച്ചു—ദാർശനികസിദ്ധാന്തങ്ങൾ പൊതുനന്മക്കും, രാഷ്ട്രത്തിന്റെ അടിസ്ഥാനപരമായ ഐക്യത്തിനും വേണ്ടി കാഴ്ചവെച്ചു. അദ്വൈതസിദ്ധാന്തത്തിലൂടെ ലോകദാർശനികതയുടെ ഗ്രന്ഥത്തിൽ പുതിയൊരധ്യായം എഴുതിച്ചേർത്ത ശങ്കരാചാര്യരും ഏകദൈവമെന്ന മഹത്തായ സിദ്ധാന്തം പ്രചരിപ്പിച്ച കബീറും. ഒക്കെ കാശിയിലെ ജനജീവിതവുമായി ഇടപഴകുകയും ജനജീവിതത്തെ മാററത്തിനു വിധേയമാക്കുവാൻ ശ്രമിച്ചവരുമാണ്. പക്ഷേ, മധ്യകാലഘട്ടത്തിൽ കാശി വിവിധ സിദ്ധാന്തപ്രചാരകന്മാരുടെ പിടിയിൽ അമർന്നുപോയിരുന്നു. ശൈവ—വൈഷ്ണവ പോരാട്ടത്തിന്റെ ഉഗ്രരൂപം തന്നെ അവിടെ കാണപ്പെട്ടു. ആചാര്യഗുരുക്കന്മാരുടെ ആശയപ്രചരണവും തന്മൂലമുണ്ടായിട്ടുള്ള മനഃപരിവർത്തനങ്ങളുടേയും ഒരു നീണ്ടപട്ടിക വൈഷ്ണവപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. (History of Vaishnava Faith and Movement in Bengal. Dr. S·K· De)

പക്ഷേ ഇത്തരത്തിലുള്ള ആശയ–സിദ്ധാന്ത പ്രചരണത്തിന്റെ കൊടുങ്കാററിലകപ്പെട്ട കാശി വിഭിന്ന പ്രവാഹധാരകളെത്തുചേർന്ന ഒരു സംഗമ കേന്ദ്രമായിത്തീർന്നു എന്നുള്ളതിൽ സംശയമില്ല. ഇതിന്റെ ഫലമായി കാശി ആരാധനയുടേയും, വിദ്യാഭ്യാസത്തിന്റേയും ഒരു കേന്ദ്രമായിത്തീർന്നു. പണ്ഡിതന്മാരേയും ആചാര്യന്മാരേയും ദർശിക്കുവാനെത്തുന്ന വിജ്ഞാനദാഹികൾ ആ നഗരത്തെ ഒന്നുകൂടി വികസിപ്പിച്ചു. നിരവധി നൂററാണ്ടുകളായി കാശി ഭാരതീയ ജനജീവിതവുമായി അടുത്ത ബന്ധമാഗ്രഹിക്കുന്ന ഒരുകൂട്ടമാളുകളുടെ സംഗമസ്ഥലവും കൂടിയായിരുന്നു.

ഊഹിക്കുവാൻകഴിയാത്ത പ്രാചീനത

ഈ പ്രശസ്ത പുരാതന നഗരിയുടെ പ്രാചീനത ഊഹിക്കുവാൻ സാദ്ധ്യമാണോ? നമുക്കു മനസ്സിലാക്കുവാൻ കഴിയാത്ത എത്രയോ നൂററാണ്ടുകൾക്കുമുമ്പായിരുന്നു ഇതിന്റെ ആവിർഭാവം. ഗീതയിലെ ഒരു ശ്ലോകത്തിൽ ($\frac{1}{5}$)ശക്തനായ ഒരു കാശീരാജാവിന്റെ കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

"ധൃഷ്ടകേതുശ്ചേകിതാനഃ
കാശിരാജശ്ചവീര്യവാൻ"

നാനാപുരാണങ്ങളിലും കാശിയെപ്പററിയുള്ള സൂചനകളും ഈ നഗരത്തിന്റെ പ്രാചീനതയും മാഹാത്മ്യവും വ്യക്തമാക്കുന്നുണ്ട്. ഒരു കാര്യം വ്യക്തം — ചരിത്രത്തിന്റെ രേഖപ്പെടുത്താത്ത ഏടുകളിൽ കൂടിയും ഇതിന്റെ മാഹാത്മ്യം ഒളിഞ്ഞുകിടപ്പുണ്ട്, എന്ന്.

ആദ്യ സാംസ്കാരിക കേന്ദ്രമായിരുന്നതുകൊണ്ട് ഈ നഗരി നിരവധി പരീക്ഷണങ്ങളുടേയും ഒരു ഈററില്ലംതന്നെയായിരുന്നു. അറബിസംസ്കാരത്തിന്റെ ചാട്ട

വാരും — (അറബികളുടേയും മുഗളന്മാരുടെയും നിരവധി പ്രാവശ്യത്തെ ആക്രമണത്തിനു വിധേയമായ ഒരു സ്ഥലമായിരുന്നു ഇതെന്നു് ബനാറസ് ഗസററിയറിൽ സൂചിപ്പിച്ചിട്ടുണ്ടു്.) — ബ്രിട്ടീഷ് ഭരണത്തിന്റെ തിക്താനുഭവങ്ങളും — (ബ്രിട്ടീഷുകാരും കാശിയിൽ ആദിപത്യം ഉറപ്പിക്കുകയും തങ്ങളുടെ മാഹാത്മ്യം വിളംബരം ചെയ്യിക്കുവാൻവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുള്ളതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടു്) — ഒക്കെ മായാത്ത അടയാളമുണ്ടാക്കിവെച്ച കാശിയുടെ മുഖം ഇന്നും പ്രസരിപ്പോടുകൂടിതന്നെയാണു്.

ഗംഗയുടെ തീരം — കാലത്തിന്റെ ഓളങ്ങൾ അലയുന്ന—

അസ്ത്യുരസ്യാം ദിശിദേവതാത്മാ
ഹിമാലയോ നാമ നഗാധി
രാജ–നിൽനിന്നും —, പുണ്യഭൂമിയെ ഭൂയിഷ്ഠമാക്കുവാൻ പ്രവഹിക്കുന്ന ഗംഗ — അതിന്റെ തീരം. ഭാരതീയർക്കെന്നും പ്രിയമുള്ള ഒരു സ്ഥലംതന്നെ. കാശിയിലെത്തിയാലേ പാപമോചനം ലഭിക്കു എന്നു വിശ്വസിക്കുന്ന ഭക്തശിരോമണികൾ — ജീവിതസാഫല്യത്തിനുവേണ്ടി വിശ്വനാഥദർശനത്തിനെത്തുന്ന ഭക്തന്മാർ— ആരാധ്യയായ "ഗംഗാമായി"യെ സ്പർശിച്ചു വന്ദിക്കുന്ന ജനങ്ങൾ ഇവരൊക്കെ ഭൂതകാലത്തിന്റെ — മാഞ്ഞുപോയ ഏതോ മാഹാത്മ്യത്തെ അയവിറക്കുന്നവർതന്നെയാണു്.

അർദ്ധരാത്രിയുടെ മൂകതയിൽ ആദ്യമായി "മുഗൾസരായ്" റയിൽവേസ്റ്റേഷനിലിറങ്ങിയപ്പോൾ എന്റെ മനസ്സ് അങ്ങകലെ ഗംഗയുടെ തീരത്തിലെ കല്പടവുകളിൽ ഓടിയെത്തി. വിഖ്യാതമായ വിശ്വനാഥക്ഷേത്രവും അവിടം ദർശിച്ചു് സായുജ്യം നേടിയ മഹാത്മാക്കളുടെ ചൈതന്യവുമൊക്കെ ഒരു കെട്ടുകഥപോലെ എനിക്കു തോന്നി.

പക്ഷേ യാഥാർത്ഥ്യബോധമുണ്ടായപ്പോൾ — ദുഃഖത്തിന്റേയും ദാരിദ്ര്യത്തിന്റേയും പ്രതിരൂപമായിത്തീർന്ന ആ നഗരിയെപ്പററി അല്ല, കുണ്ഠിതപ്പെടാതിരുന്നില്ല. യുഗങ്ങളോളം മുക്തിദാഹികൾക്കു് എങ്ങിനെ ഈ നഗരി ആശ്വാസമേകി.

വിശ്വനാഥഗലി

കാശിയിലെ തിരക്കേറിയ ഗോധൗലിയാ ജംഗ്ഷനിൽനിന്നും ഇരുന്നൂറടി തെക്കോട്ടു മാറിയാൽ വിശ്വനാഥക്ഷേത്രത്തിലേക്കുള്ള വഴിയായി. ആദ്ധ്യാത്മികതയുടെ അന്തസത്ത മനസ്സിലാക്കുവാൻ അപരിചിതലോകത്തിലെത്തിയ ഹിപ്പികളുടെയും ഹിപ്പിണികളുടെയും ഒരു കൂട്ടം തന്നെയവിടെ. എത്രയൊ നൂററാണ്ടുകളായി അപരിചിതർക്കു ദർശനം നൽകുന്ന ചിരപരിചിതനായ വിശ്വനാഥൻ ഇതൊക്കെ നോക്കുന്നുണ്ടോ എന്നറിയില്ല. The World is Strange. All are Strangers എന്നുള്ള ഈ സിദ്ധാന്തത്തെ മുറുകിപിടിക്കുന്ന ഇക്കൂട്ടരിൽ ഒരു ഹിപ്പിണിയെ വിശ്വനാഥഗലിയിൽവെച്ചു് ഒരു പശു കുത്തിതള്ളിയിട്ടപ്പോൾ അവരെ രക്ഷിക്കാനൊരു "പോക്കററ്മാർ" മാത്രമേ ഉണ്ടായിരുന്നുള്ളു.

വിശ്വനാഥന്റെ വിശ്വരൂപം

എന്റെ ഭാവനയിലെ വിശ്വനാഥക്ഷേത്രം ശില്പകലാവൈദഗ്ദ്ധ്യത്തിന്റെ മറുകര കണ്ട ഒരു മഹാക്ഷേത്രമായിരുന്നു. ഉയന്ന ഗോപുരങ്ങളും അതിനെ പൊതിഞ്ഞ സ്വർണ്ണത്തകിടുകളും, സ്വർണ്ണാഭയാന്ന താഴികക്കുടവുമൊക്കെ എന്റെ ഭാവനയിൽ പരിലസിച്ചു പക്ഷേ വിശ്വനാഥക്ഷേത്രത്തിലേക്കുള്ള അഞ്ചടി വീതിയുള്ള വഴി അവിടത്തെ പ്രധാന ഉദ്ദേശം — വ്യാപാരംമാത്രമേ സൂചിപ്പിക്കുന്നുള്ളൂ. എന്റെ ഭാവനയിലെ ക്ഷേത്രം ക്രമേണ യാഥാർത്ഥ്യത്തിനു വഴിമാറിക്കൊടുക്കുവാൻ തുടങ്ങി.

കൗതുകസാധന വില്പനക്കടകളും, തുണിക്കടകളുമൊക്കെ അവിടത്തെ വ്യാപാര സാദ്ധ്യതയുടെ ഒരു ചിത്രം നമ്മുടെ മുന്നിൽ വെക്കുന്നുണ്ടു്. ബനാറസ് എന്നുമെന്നും പട്ടുസാരികൾക്കു് പേരുകേട്ട ഒരു സ്ഥലമായിരുന്നു. പാവപ്പെട്ട നെയ്ത്തുകാർ വൈകുന്നേരം നെയ്തുതീർന്ന സാരിയുമായി എത്തുന്ന കാഴ്ച കൗതുകകരം തന്നെയാണു്. പക്ഷേ നാലിരട്ടി വിലക്കു വില്ലുവാൻ വേണ്ടി അവയെ കൈക്കലാക്കുന്ന ബിസിനസ്സുകാർ— മററൊരു അതിശയത്തിനും വക നല്കുന്നുണ്ടു്: വ്യാപാരസൂത്രം ശരിക്കും മനസ്സിലാക്കിയവരാണു് അവിടത്തെ വ്യാപാരികൾ: ഏതുഭാഷ സംസാരിക്കുവാനും അറിയുന്ന അവരുടെ ഏജൻറുമാർ നമ്മേ തരം കിട്ടുമെങ്കിൽ കബളിപ്പിക്കുവാനും മടിക്കില്ല. "പോക്കററടിക്കാരെ സൂക്ഷിക്കുക" എന്ന ബോർഡ് എവിടെയും കാണാം. നിറപ്പകിട്ടാന്ന രണ്ടുവശത്തും നമ്മെ ആകർഷിക്കുന്ന അനേകം സാധനങ്ങളുണ്ടു് പക്ഷേ അതിൽ ലയിച്ചുപോയാൽ നമ്മുടെ പോക്കററ് കാലിയാകും തീർച്ചതന്നെ.

വളഞ്ഞു, വളഞ്ഞുപോകുന്ന ഗലി— എല്ലാം വക്രതയുടെ പര്യായമാണോ എന്നു ഞാൻ ഒന്നാലോചിച്ചു. ഏതു ഭാഷയും സംസാരിക്കുന്ന പണ്ഡകളും വ്യാപാരിമാരും അല്പം സൂക്ഷിച്ചു് നടന്നില്ലെങ്കിൽ എല്ലാം നഷ്ടപ്പെട്ടുത്താൻ വെമ്പുന്ന പോക്കററടിക്കാരും ചെരുപ്പുസൂക്ഷിപ്പുകാരും— ചെരുപ്പിനേക്കാളേറെ സൂക്ഷിപ്പുകൂലി ഈടാക്കുന്നവർ. അവരുടെ വിനയസമന്വിതമായ സംബോധനയിൽ— ഭായിസാഹേബ്— ആയിയെ— ഒരുപക്ഷേ നാം ആകൃഷ്ടപ്പെട്ടേക്കാം. പക്ഷേ ഇതിൽനിന്നൊക്കെ മോക്ഷം നേടണമെങ്കിൽ സാക്ഷാൽ വിശ്വനാഥനെ ദർശിക്കുകതന്നെ വേണം.

ഗലിയിലെ തിരക്കിൽനിന്നും നേരെ തിരക്കുകൂടിയ മററൊരുരംഗത്താണു് ഞാനെത്തിയതു്— വിശ്വനാഥക്ഷേത്രം. സർവ്വജനങ്ങളും സ്പർശിച്ചു് വന്ദിക്കുന്ന ശിവലിംഗത്തിന്റെ മുന്നിൽ, എല്ലാവർക്കും ഒരുപോലെ സ്പർശിക്കാവുന്ന ആരാധനാകേന്ദ്രം. വിശാലമനസ്കതയുടെ— ഉത്തമ ഉദാഹരണം.

പ്രഭാതവന്ദനം

കെ. ചന്ദ്രശേഖരൻ

ദേവഭാഷയിലെന്തോ ചൊല്ലി—
നീ, യവ്യക്താർദ്ര
ഭാവഗീതിയായതെൻ ഹൃത്തിൽ—
വീണലിയവെ
നിന്നു ഞാൻ പ്രിയയുടെ—
നിസ്തുലകപോലത്തിൽ
മിന്നിമായുന്നു രാഗദീപ്തികളനുവേലം.
കൺമണി, മനോജ്ഞമാം നിന്റെ—
ഭാഷതൻ ഭാവ
ഭംഗികൾ നിഴലിക്കുമാക്കവിൾ—
ത്തടങ്ങളിൽ
ഉത്സവച്ചലൗകികഹർഷവായ്പുകൾ—
നേട്ടു—
മെന്റെ മാനസം നീയാം വെളിച്ച—
മണിയുന്നു.
എന്നിൽ നിന്നകന്നേറെ ദൂരെമാറിയധന്യ
ധന്യമാമൊരു പുലർകാലദീപ്തിയിൽ—
വീണ്ടും
ബന്ധുരേ, നീയും ഞാനുമൊന്നായി—
ച്ചരിക്കുന്നു
രണ്ടുതുമ്പികൾപോലെ നീലശാദ്വല—
ഭൂവിൽ.
സ്വച്ഛന്ദമൊഴുകുന്നു ജീവിതതരംഗിണി;
ചുററിലുമിളങ്കാററിൽ നൃത്തമാടുന്നു—
പൂക്കൾ:
സ്വച്ഛസുന്ദരവാനംമാനസം പ്രഭാതാർക്ക
രശ്മിയിലലംമുങ്ങി ദിവ്യമാ—
മുഹൂർത്തത്തിൽ
മാഞ്ഞുപെട്ടുന്നാമംഗം: നഷ്ടസൗഭാഗ്യ—
സ്മൃതി
മായാതെനിന്നുഹൃത്തി, ലുഗ്രവേനലായ്—
വീണ്ടും.

* * *

നന്ദി, മാനസതാരിലുഷസ്സിൻ—
മൃദുസ്മേര
ഭംഗികൾ വിടർത്തിയ നിനക്കെൻ—
പ്രണാമങ്ങൾ!

അല്പം ചരിത്രംകൂടി

ഇന്നുകാണുന്ന വിശ്വനാഥഗലിയിലെ വിശ്വനാഥക്ഷേത്രം വളരെ പഴക്കമുള്ളതല്ല. വിദേശീയ ശക്തികളുടെ ധ്വംസനങ്ങൾക്കും പീഡനങ്ങൾക്കും പാത്രീഭവിച്ച പഴയ ക്ഷേത്രത്തിന്റെ മറക്കാൻ വയ്യാത്ത സ്മരണ ഉണർത്തുന്ന പുത്തൻ പതിപ്പാണിത്. അഞ്ചാംനൂററാണ്ടിൽ കാശിസന്ദർശിച്ച ഫാഹ്യാനും, ആറാംനൂററാണ്ടിൽ കാശിയിലെത്തിയ ഹ്യൂൻസാങ്ങും കാശിയിലെ മനോഹരമായ ശിവക്ഷേത്രത്തിന്റെ മാഹാത്മ്യത്തെ വർണ്ണിച്ചിട്ടുണ്ട്. ബനാറസ്ഗസററിയറിൽ നൂറടിയോളം ഉയരമുള്ള ശിവന്റെ താമ്രപ്രതിമയെപ്പററിയുള്ള സൂചനയുണ്ടുതാനും. എ.ഡി. 1011, 1022, 1033 എന്നീ വർഷങ്ങളിലുണ്ടായ വിദേശീയ ആക്രമണങ്ങൾ മുഖേന കാശിയിലെ വിശ്വനാഥക്ഷേത്രത്തിലെ സ്വർണ്ണവും വെള്ളിയും കൊള്ളചെയ്യപ്പെട്ടു. 1194-ൽ ഗോറി അവിടം നശിപ്പിക്കുകയും ചെയ്തു. ഇങ്ങിനെ നാമാവശേഷമാക്കപ്പെട്ട വിശ്വനാഥക്ഷേത്രം 1226 നോടടുത്ത് ഗുജറാത്തിലെ വസ്തുപാൽ സേഠ് എന്ന ധനാഢ്യൻ ജീർണ്ണോദ്ധാരണം നടത്തി. എന്നാൽ പിന്നീട് ഹുസൈൻ ഷാശർക്കിയും, സികന്ദർ ലോദിയും ഈ ക്ഷേത്രത്തെ ഇല്ലായ്മ ചെയ്തതായി കാശിയുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ദാരാശിക്കോഹ് തന്റെ പുത്തൻ സഹിഷ്ണുതാപ്രമാണത്തിന്റെ പേരിൽ ക്ഷേത്രത്തെ പുനരുദ്ധരിക്കുകയും ചെയ്തു. എന്നാൽ 1669-ൽ ഔറംഗസീബ് ഇതൊക്കെ പൂർണ്ണമായും നശിപ്പിച്ചു. കാശിയുടെ പേര് മുഹമ്മദാബാദ് എന്നാക്കുകയും ചെയ്തു. 1777 ൽ ഇൻഡോർ മഹാറാണി അഹല്യബായി ഹോൾക്കർ പുതിയ വിശ്വനാഥക്ഷേത്രം പണികഴിപ്പിച്ചതോടെ കാശിയിലെ വിശ്വനാഥന്റെ ജീവിതത്തിൽ പുതിയ അദ്ധ്യായമാരംഭിച്ചു. 1839-ൽ രൺജിത്സിംഹ് ഈ ക്ഷേത്രത്തിൽ പുതിയ പല പരിഷ്കാരങ്ങളും വരുത്തുകയും ചെയ്തു.

കല്പടവുകളിലേക്ക്

വിശ്വനാഥഗലിയുടെ മുന്നിൽ നിന്നും തെക്കോട്ട് ഒരു ഫർലാംഗ് കൂടി നടന്നാൽ വിഖ്യാതമായ കാശിയിലെ കല്പടവുകളായി. അറുപത്തിനാലു കല്പടവുകൾ. ഓരോ കാലത്തു് മഹാത്മാക്കളുടെ പേരിൽ നിർമ്മിക്കപ്പെട്ട് പ്രശസ്തമായിട്ടുള്ള പടവുകൾ. മണികർണികാഘാട്ട് മുതൽ തുളസീഘാട്ട്വരെ ഏകദേശം രണ്ടു മൈൽ ദൂരം. വാസ്തവത്തിൽ കാശിനഗരം തന്നെ ഇതിന്റെ കരയിൽ തന്നെയാണ്. എത്രയോ നൂററാണ്ടുകളായി ജനജീവിതരീതിയുമായി ബന്ധപ്പെട്ടിട്ടുള്ള നദീതീരം. ആചാര്യന്മാരും യജമാനന്മാരും ഒത്തു ചേർന്ന പടവുകൾ—സംസ്കാരത്തിന്റെ പ്രതിരൂപമെന്ന് സിദ്ധിച്ച കല്പടവുകൾ. അവിടേയും തീർത്ഥയാത്രക്കാരോടൊപ്പം ഹിപ്പിമാരും.

വിശ്വനാഥഗലിയിൽ പശു കുത്തി പരിക്കേല്പിച്ച ഹിപ്പിണിയും—കൂട്ടുകാരനും. പുത്തൻ സംസ്കാരത്തിന്റെ വേലിയേററം. ഞാനന്വേഷിച്ചു. ഹിപ്പിണി ഒരു അമേരിക്കൻ കവയത്രിയാണത്രേ. ഹിപ്പി സൂചിപ്പിച്ചു. തെളിവു നല്കാനായി സഞ്ചിയിൽ നിന്നും തന്റെ ഏററവും പുതിയ കാവ്യസമാഹാരം ഹിപ്പിണി എന്റെ മുന്നിലേക്കിട്ടു തന്നു—

യുഗങ്ങളായി ഭാരതീയസംസ്കാരത്തെ വളർത്തുവാൻ ശ്രമിച്ച ആ കല്പടവുകളിൽ പുതിയൊരു സംസ്കാരം മുളയിടുന്നതായിട്ടെനിക്കു അനുഭവപ്പെട്ടു. ഹൈന്ദവ—ക്രിസ്തീയ, ബൗദ്ധ, ഇസ്ലാമിക സംസ്കാരങ്ങളോടൊപ്പം പുതിയ ഹിപ്പിയിസവും. കല്പടവുകൾ ഇതിനു സാക്ഷികളത്രേ! ഭൂതകാലത്തിന്റെ ഭൂമിയിൽക്കൂടി എന്റെ മനസ്സ് പ്രേതം കണക്കേ അലഞ്ഞു തിരിഞ്ഞു.—കവയിത്രിയുടെ കാവ്യസമാഹാരത്തിലെ രണ്ടു വരികൾ മാത്രം വ്യക്തമായി ഞാൻ കണ്ടു—

"and be willing to fuck quite frequently
at least until we're go"

കല്പടവുകളിലെ—സംസ്കാരത്തിന്റെ തൊട്ടിലിൽ—പറന്നു വീണ കടലാസുകഷ്ണം. വിഖ്യാതനായ ജോർജ്ജ് സന്തായന കാവ്യത്തെപ്പററി സൂചിപ്പിച്ച വാക്കുകൾ എന്റെ ഓർമ്മയിൽ ഓടിയെത്തി—

If poetry in its higher reaches is more philosophical than history

(ശേഷം 64-ൽ)

ജൂനിയർ സുപ്രണ്ട് ചുണ്ടു കടിച്ചുകൊണ്ട് അകത്തു കടക്കുമ്പോൾ അയാളുടെ ഏകപുത്രി മിനി ആകാശഗംഗകളുടെ എണ്ണം പൂജ്യത്തെക്കാൾ വലുതാണെന്ന് കണ്ണടച്ചുരുവിടുന്നുണ്ടായിരുന്നു. എന്നിട്ടും അയാളുടെ ഉള്ളിൽ അലഞ്ഞത് ഇവിടം വിട്ടു പോകാൻ തിരിച്ച് ഇവിടം പൂകാനിനിയും കാലമെത്ര ഇഴയണമെന്ന ആലോചനയായിരുന്നു.

കഥാമാലികയിലെ
നാലാമത്തെ കഥ

ടി. ആറിന്റെ

'വിജയൻ ഒരിയ്ക്കലും പിഴച്ചിട്ടില്ല'

1976 സെപ്റ്റംബർ
മൂന്നാം വാരത്തിലെ
മലയാളനാട്ടിൽ
പ്രസിദ്ധീകരിക്കുന്നു.

കാലമെന്ന യാഗാശ്വം

ആഷാമേനോൻ

വ്യക്തത്യതീതമായ കലയുടെ രമണീയമായൊരു മാതൃകയുണ്ടു് തോമസ്മന്നിന്റെ മാജിക്മൌണ്ടൻ എന്ന ഗ്രന്ഥത്തിൽ; ഒരു സാനറ്റോറിയത്തിൽ ചികിത്സയിൽ കഴിയുന്ന ഹ്യാൻസ് ക്യാസ്റ്റോർപ് മഞ്ഞിൽസ്കേറ്റിങ്ങിനു് പോവുന്നു. അലൌകികതപോലെ പരന്നുകിടക്കുന്ന മഞ്ഞിന്റെ ഉൾവലയങ്ങളിലേക്കു് അതിശുദ്ധമായ ഏതോ ആവേശം കൊണ്ടെന്നപോലെ ഹ്യാൻസ്ക്യാസ്റ്റോർപ് സഞ്ചരിച്ചുതുടങ്ങുന്നു. കുറേ ചെല്ലുമ്പോഴാണു് അയാൾക്കു് തന്റെ സാഹസികതയുടെ രൂപം മനസ്സിലാവുന്നതു്. എവിടേയും മഞ്ഞു് മാത്രം തനിക്കു് തിരിച്ചുചെല്ലാനുള്ള അടയാളചിഹ്നങ്ങൾ അത്രയും, ഒരു വൃക്ഷത്തിന്റെ ചില്ലപോലും ഒഴിയാതെ മഞ്ഞിൽ ആഴ്ന്നിരിക്കുന്നു. ദിഗ്ബോധം നഷ്ടപ്പെട്ടു് ശാന്തനായി തനിക്കു് ചുററും കണ്ണോടിക്കുവേ എന്തോ ഒന്നു് അയാളിൽ നിറയുന്നപോലെ തോന്നുന്നു. യുഗാരംഭത്തിൽ എത്തിപ്പെട്ടവനെപ്പോലെ തോന്നുന്നു ക്യാസ്റ്റോർപിനു്. മോഹപരവശനാക്കുന്ന ആ ധവളിമയിൽ, ഭഞ്ജിക്കപ്പെടാത്ത ആ നിശ്ശബ്ദതയിൽ സൃഷ്ടികാരകമായ ആദിമന്ത്രംപോലെ അതിലോലമായ ഒരു മുഴക്കം അയാൾ തിരിച്ചറിയുന്നു. ആ വരികൾ വായിച്ചുപോകവേ നാമതിശയിച്ചുപോവുന്നു. ഇതു് മറെറന്തിന്റെയെല്ലാമോ വർണ്ണനയല്ലേ, ഇതു് ഗ്രന്ഥത്തിന്റെ മർമ്മഭാഗമാണെന്ന ബോധം മിന്നൽപോലെ നമ്മിൽ അങ്കുരിക്കുന്നു. ക്യാസ്റ്റോർപിൽനിന്നും നാമേററുവാങ്ങുന്നു. ഉദാത്തമായ ഒരു സ്തബ്ധത. വിസ്മൃതനീലിമയിൽ നിന്നും ഒരു ശംഖൊലികേട്ടപോലെ നാം മുഗ്ധരായിത്തീരുന്നു. നിമിഷനേരത്തേക്കെങ്കിലും നമുക്കനുഭവപ്പെടുന്ന സാന്നിധ്യം അതേ, അപാരതയുടേതാണു്. ഞാൻ എന്ന ബോധം, ആ അനുഭവത്തിൽ ജലത്തിൽ ലവണകണികകൾപോലെ മെല്ലെ മെല്ലെ ലയിച്ചു ചേരുന്നു. സീമാതീതമായ എന്തോ ഒന്നിലേക്കു് പടരുന്നപോലെ; പ്രപഞ്ചവുമായി അദ്വയരാവത്തിൽ വർത്തിക്കുന്നപോലെ— വ്യക്തത്യതീതമായ കലയുടെ പാരത്യന്തികതലങ്ങൾ ഇവിടം തൊട്ടു തുടങ്ങുന്നു. ഇവിടെ വേദനയില്ല, ദുഃഖമില്ല, ഉപരിപ്ലവമായ ആഹ്ളാദമില്ല മനസ്സിനു് ഒരു സ്വച്ഛന്ദതമാത്രം അനുഭവപ്പെടുന്നു. പരമമായ കല സംഗീതത്തോടടുത്തുനില്ക്കുന്നെന്ന നിർവ്വചനം എത്ര അർത്ഥവത്താണെന്നു് നാം അത്ഭുതപ്പെടുന്നതു് ഇപ്പോഴാവും (എന്നിട്ടും ബീഥോവൻ തന്റെ പിൽക്കാല സിംഫണികളിൽ സംഗീതാതീതപ്പോലും ഉല്ലംഘിക്കാൻ ശ്രമിച്ചത്രേ, കൂടുതൽ പരിപൂർണ്ണതക്കായി:) മോഹനമോ യമൻകല്യാണിയോ നമ്മിൽ ഉളവാക്കുന്നതെന്താണു്? പദങ്ങൾകൊണ്ടോ, ഉൽപ്രേക്ഷകൾകൊണ്ടോ രാഗങ്ങൾകൊണ്ടോ അപാരതയുടെ സാന്നിധ്യം. അതിന്റെ സമ്പൂർണ്ണാർത്ഥത്തിൽ നമുക്കു് ബോധ്യപ്പെടുത്തിത്തരാൻ ഒരു കലാകാരനും സിദ്ധിച്ചിട്ടില്ല.] ഇന്നേവരെ. കല എപ്പോഴും പദാർത്ഥികമാണല്ലോ. പദാർത്ഥാതീതമായ ഒന്നിലേക്കു് അതിനെ പരിവർത്തിപ്പിക്കുക, ഒരു അസാധ്യതയാണു്. കലയും ധ്യാനവും തമ്മിലുള്ള മൌലികമായ വ്യത്യാസവും അതാണല്ലോ. എങ്കിലും തെല്ലുനേരത്തേക്കെങ്കിലും നമ്മിൽ ഒരു അമ്പരപ്പു് അവർണ്യവും സങ്കീർണ്ണവും ആയ ഒരു അമ്പരപ്പു് സൃഷ്ടിക്കാൻ വ്യക്തത്യതീതമായ കലക്കു് സാധിക്കുന്നു. പുതിയ നിയോഗങ്ങൾ, പുതിയ കണ്ടെത്തലുകൾ സംഭവിക്കുന്നു.

മറെറാരു രൂപകം ഓർമ്മവരുന്നു. മനുഷ്യർ ഓരോരുത്തരും ഒരുമാതിരി പച്ചപ്പുഴുക്കളാണു്. ഒരു കൂററൻ വൃക്ഷത്തിന്റെ അസംഖ്യം ഇലകളിൽ ഏതിലെങ്കിലും അരിച്ചുനടക്കുന്ന പച്ചപ്പുഴുക്കൾ— ഈ ചെറിയ ഇലയെ വേണമെങ്കിൽ ഭൂമി എന്നു് വിളിക്കാം. മററിലകൾ, നമുക്കുമുകളിൽ കണ്ണുചിമ്മുന്ന നക്ഷത്രങ്ങൾ. ഈ ഇലയുടെ ഞരമ്പുകളിൽ, ഉപരിതലങ്ങളിൽ ഏതോ ഉത്കണ്ഠയോടെ നാം പരതി നോക്കുന്നു. മണക്കുന്നു. രുചിക്കുന്നു. ചിലപ്പോൾ നന്നായിത്തോന്നുന്നു, ചിലപ്പോൾ ചീത്തയായും. എങ്കിലും അതിന്റെ സചേതനത്വം നമ്മെ വിസ്മയിപ്പിക്കുന്നു. ചിലമനുഷ്യർ. ഭീതിലേശമില്ലാത്ത ചിലമനുഷ്യർ ഈ ഇലയുടെ അതിർത്തികളിലേക്കു് സഞ്ചരിച്ചെത്തുന്നു. അവിടുന്നപ്പുറം അവർ വിറച്ചുതുടങ്ങുന്നു. ആ നിസ്സീമതക്കു മുൻപിൽ ആ ക്രമശൂന്യതക്കു മുൻപിൽ. എന്തൊരു ഭീതിദമായ ഗർത്തങ്ങളാണു് തങ്ങൾക്കു ചുററുമെന്നോർത്തു് അവർ അധൈര്യരായിത്തീരുന്നു. അപ്പോഴും അവർക്കു് കേൾക്കാവും. ആ കൂററൻ വൃക്ഷത്തിന്റെ ഇലകളുടെ ആരവം, വിദൂരതയിൽനിന്നെന്നപോലെ ആ വൃക്ഷത്തിന്റെ വേരുകളിൽ നിന്നും ഏതോ ജീവബിന്ദുക്കൾ ആ ഇലകളിലേക്കു് പടരുന്നപോലെയും അവർക്കനുഭവപ്പെടുന്നു. അവരുടെ മനസ്സിലെന്തോ പച്ചപിടിക്കുന്നു. ആ ഭീതിദങ്ങളായ ആഴങ്ങളിൽ നോക്കി നിലകൊള്ളവേ, അപരിചിതമായ ഏതോ സംഭ്രമത്തിൽ അവർ മന്ത്രിച്ചുതുടങ്ങുന്നു. കവിത ജന്മം കൊള്ളുന്നതു് അവിടുന്നാണു്. ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏററവും ധന്യമായ നിമിഷം, കസൻസാക്കിസ്* പറഞ്ഞുനിർത്തുന്നു, അവന്റെ അറിവിനോടോ യശസ്സിനോടോ ബന്ധപ്പെട്ടതല്ലെന്നും, മറിച്ചു്, ദൈവികമെന്നു് വിളിക്കാവുന്ന ആ സംഭ്രമത്തിന്റേതാണെന്നും ഞാൻ കരുതുന്നു.

ലൌകികമായ വിലങ്ങു്

വിശുദ്ധമായ ഒരു നദിക്കരയിൽ, കാളിക്ഷേത്രത്തിനു് മുന്നിൽ നില്ക്കുന്ന നിങ്ങൾ അരവിന്ദഘോഷ് ചോദിക്കുന്നു. കാണുന്നതെന്താണു്? ഒരുപക്ഷേ, ഒരു അഞ്ജനക്കല്ലു്. സുഭഗതയാർന്ന കൊത്തുപണി — അല്ല, അടുത്തനിമിഷം നിങ്ങൾക്കനുഭവപ്പെടുന്നു, ഗാഢമായ ഏതോ മർമ്മരം,- സംഗീതത്തിലൂടേയോ, കവിതയിലൂടെയോ ഇത്തരം ചൈതന്യസംക്രമണം സംഭവിക്കാം, അവയുടെ സ്രഷ്ടാവിനു് - അല്ലെങ്കിൽ ആ വാക്കുകളുടെ സാരാംശം, ആ രൂപത്തിൽ നിർവ്വിശേഷമായ ഗാംഭീര്യം, ഒരുപക്ഷേ സ്രഷ്ടാവു് ഉദ്ദേശിച്ചതിലുമേറെ അർത്ഥപൂർണ്ണമായ സന്ദേശം ഉൾക്കൊള്ളുന്നു. ആ ശബ്ദം ആത്മാവിന്റെ സ്പർശിനികൾകൊണ്ടു് തൊട്ടറിവാൻ കഴിവുള്ള ഒരാൾക്കും – ഈ അമ്പരപ്പോടെ, അദ്ദേഹം തുടരുന്നു, ഏദന്തങ്ങളിലെവിടേയോ ലൌകികമായ ഒരു വിലക്കു് അയഞ്ഞുപോവുന്നപോലെ തോന്നുന്നു. പഞ്ചേന്ദ്രിയാതീതമായതെന്തോ ഒന്നു് നമ്മിലേക്കു് പ്രവഹിക്കുന്നു. ബോധപരമായ ഒരു വിസ്തൃതി നാം ശ്വസിക്കുന്നു. അന്തര്യാമിയായ ഒരു ചൈതന്യത്തിന്റെ സ്പർശം നമ്മെ നിർവൃതരാക്കുന്നു. [അന്തിമവിശകലനത്തിൽ ഇവപോലും ശാരീരികമാവുമോ? Parasympathetic System എന്നും Adrenal Sympathetic System എന്നും പേരായ രണ്ടു നാഡീവ്യൂഹങ്ങളുണ്ടു് നമ്മുടെ ശരീരത്തിൽ – വിശപ്പു്, രോഷം, വേദന തുടങ്ങിയ വികാരങ്ങൾ ശരീരത്തെ പ്രകോപിപ്പിക്കുന്നതു് രണ്ടാം വകുപ്പിൽപെടുന്ന നാഡീവ്യൂഹത്തിലൂടെയാണു്. മറിച്ചു് സ്വയം അതിക്രമിക്കുന്ന വികാരങ്ങൾ — ദൈവികമായ അമ്പരപ്പോ ലയമോ — ശരീരത്തിന്റെ രക്തമർദ്ദം കുറക്കുകയും അതിനെ ആത്യന്തികമായ ഒരു ശാന്തതയിലേക്കു് കൊണ്ടുവരികയും ചെയ്യുന്നു, ആദ്യം പറഞ്ഞ നാഡീവ്യൂഹത്തിലൂടെ - ആർതർ കിഡ്‌ലർ* പറഞ്ഞുതരുന്ന വിശദാംശങ്ങൾ എത്ര വിരസം! അറിവിൻ വെളിച്ചമേ ദൂരെപ്പോ, ദൂരെപ്പോ, വെറുതെ സൌന്ദര്യം [illegible] കാണുന്ന കൺപൊട്ടിച്ചു, മനസ്സു് കേണു പോവുന്നു.

ഊഷരമായ വിങ്ങൽ

വെളുത്ത പൂഴിമണലിൽ കറുത്ത ഭീമാകാരന്മാരായ കരിങ്കൽ പല്ലവരഥങ്ങൾ, അശ്വരഥങ്ങൾ, മണ്ഡപങ്ങൾ— കടലിനു നേരെ കുതിക്കുന്ന ഏഴു കുതിരകളെ പൂട്ടി ഇരുപത്തിനാലു ചക്രങ്ങളുള്ള ഒരു തേരു് ... ആനന്ദിന്റെ ഈ പ്രതിഷ്ഠയി

ല്ലാത്ത മഹാക്ഷേത്രം നമ്മിൽമുകളിൽ കൊട്ടുന്നതിനു് സമാന്തരമായ ഒരു ഭാവം സൃഷ്ടിക്കുന്നു. ഏതോ തപസ്സിന്റെ അഗ്നി അതിനെ ചൂഴ്ന്നു് നിൽക്കുന്നു. അതു് അഭിസംബോധനചെയ്യുന്നതു് നമ്മിൽ ഉറങ്ങിക്കിടക്കുന്ന ഏതോ അംശത്തെയാണെന്നു് തോന്നുന്നു. ഒരുപക്ഷേ, ആനന്ദിന്റെ മററു കൃതികളൊന്നും ചെയ്യാത്തതുപോലെ ദാർശനികത എന്നും ആനന്ദിനെ സംബന്ധിച്ചേടത്തോളം ഒരു വരപ്രബന്ധമായാണു് അനുഭവപ്പെട്ടിട്ടുള്ളതു്. മണ്ണിന്റെ താളത്തോടു് ദാർശനികത ഇത്രയും രസബോധത്തോടെ ഇണക്കിച്ചേർക്കാൻ കലാകാരന്മാർക്കു് അപൂർവ്വമായേ കഴിയാറുള്ളൂ. ഇതിലേറെ അവ രണ്ടും രഞ്ജിപ്പിക്കുക വയ്യതന്നെ. ആൾക്കൂട്ടത്തിലെ എത്ര മുഖങ്ങൾ മനസ്സിലേക്കു് ഇരച്ചുവരുന്നു. എന്നിട്ടും, ഒരു ബോധമുള്ള നിരൂപകൻ ആൾക്കൂട്ടവും മരണസർട്ടിഫിക്കററും Derivative Art എന്ന വകുപ്പിൽ പെടുന്നവയെന്നും അവയിലാകെ ഒരു യാന്ത്രികത്വം നിറഞ്ഞുനിൽക്കുന്നെന്നും വിശേഷിപ്പിച്ചുകാണുമ്പോൾ അത്ഭുതം തോന്നുന്നു. ടി. എസ്. എലിയട്ടിന്റെ waste-land തൊട്ടു് Four Quartets വരെയുള്ള കവിതകളെ വേണമെങ്കിൽ Derivative poetry എന്നു വിളിക്കാം; ജെസ്സിവെസ്സണും ഫ്രേസറും തുടങ്ങി എത്ര പേർ, എത്ര ഐതിഹ്യമാലകൾ അവയെ അലങ്കരിക്കുന്നുണ്ടെന്നോ? എങ്കിൽക്കൂടെ കവിതകളെന്നനിലക്കു് ഒന്നാന്തരം സാധനങ്ങളാണവയെന്നതിൽ ആരെങ്കിലും സംശയിക്കുമോ? ഈ ചർച്ചക്കിവിടെ പ്രസക്തിയില്ല. ഏതായാലും—ഈ കഥ അദ്ദേഹത്തിന്റെ ഇതരകൃതികളിൽനിന്നും പാടേ വിഭിന്നമാണു്. ഇവിടെ കല Depersonalized ആയിത്തീരുന്നു. നമ്മെ ഏതോ അതീതമണ്ഡലങ്ങളിലേക്കു് കൈപിടിച്ചുചെല്ലുന്ന ഈ കഥ കാലത്തെ പിടിച്ചുകെട്ടാൻ വെമ്പിയ മനുഷ്യന്റെ ഇതിഹാസമാണു്. യുഗാന്തരങ്ങളായുള്ള മനുഷ്യന്റെ അപ്രാപ്യതയിലേക്കുള്ള ഉൾക്കുതിപ്പിന്റെ അവിരാമമായ പ്രയാണത്തിന്റെ ഇതിഹാസം. എന്നിട്ടുപോലും നമുക്കു് അതൊട്ടും അബ്സ്ട്രാക്റ്റ് ആയി തോന്നുന്നില്ലെന്നതാണു്, കലാകാരന്റെ ശില്പബോധം വിജയിക്കുന്നതു്.

വന്ധ്യമായ ഗർഭഗൃഹം എന്ന ഒരൊററ പദംകൊണ്ടു് ആ പരിതോവസ്ഥയെ എത്ര ഹൃദ്യമായി ഉൽപ്രേക്ഷിച്ചിരിക്കുന്നു. മാകവ്യററ ശകുടങ്ങളെവിടെ? പ്രാഭവമിയന്ന ഗാണ്ഡീവങ്ങളെവിടെ? യോദ്ധാക്കളെവിടെ?—സന്താനഗോപാലകഥ, ഒരുപക്ഷേ, ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. നിഷ്ഠകൾ, മന്ത്രങ്ങൾ എല്ലാം വ്യർത്ഥമായിരിക്കുന്നു: പരമമായ ചൈതന്യവുമായി ഒരു സംഗമംകൊണ്ടേ ഗർഭഗൃഹം അർത്ഥവത്താവുകയുള്ളൂ.

കിഴക്കൻ കടൽത്തീരത്തു് കറുത്ത കല്ലുകൾകൊണ്ടു് പണിതുയർത്തിയ, ആനന്ദ് കഥ പറഞ്ഞുതുടങ്ങുന്ന, ഒരു മഹാക്ഷേത്രമുണ്ടു്—കടലിനു്നേരേ കുതിക്കുന്ന ഏഴു കുതിരകളെ പൂട്ടി ഇരുപത്തിനാലു ചക്രമുള്ള തേരിന്റെ ആകൃതിയിൽ. വെയിലും കടൽക്കാററും ഏററു് തകർന്നുവീണ ആ ക്ഷേത്രഗോപുരം ചരിത്രകാരന്മാർ കണ്ടെടുക്കുകയാണുണ്ടായതു്. ആ അവശിഷ്ടങ്ങൾക്കുമുൻപിൽ നിൽക്കുമ്പോൾ നാം ഷെല്ലിയുടെ ഒസിമാൻഡിയാസിനെ ഓർത്തുപോവുന്നെങ്കിൽ അതു് വെറുതെയല്ല—ദ്വീപാന്തരങ്ങളിലെ കടൽപക്ഷികളുടെ ചിറകുപോലെ തളർന്നുകിടക്കുന്ന മരുഭൂമിയും. നനവെന്തെന്നറിയാത്ത മണൽത്തരികളും. ദൂരെ മൃഗതൃഷ്ണയുടെ പായലുകളും. മണലിൽ എഴുന്നുനിൽക്കുന്ന കരിങ്കല്ലിൽ തീർത്ത രണ്ടു കൂററൻകാലുകൾ, ഉടലില്ലാതെ—അടുത്തുതന്നെ ശ്രദ്ധിച്ചാൽ കാണാം, മണലിൽ പൂഴ്ന്നുപോയ ഒരു മുഖരൂപം. ആജ്ഞാഭാവവും ധിക്കാരവും ദ്യോതിപ്പിക്കുന്ന ആ ചുളിവാർന്ന കൺകൾ ശതാബ്ദങ്ങൾക്കുമുൻപെ അവയുടെ ശില്പി ആവാഹിച്ചെടുത്ത അതേരൂപത്തിൽ കാൺകെ നാം ഞെട്ടുന്നു. ഒസിമാൻഡിയാസ് എന്നാണെന്റെ പേരു്. രാജാക്കന്മാരുടെ രാജാവു്—ഈവഴിപോവുന്ന സാർത്ഥവാഹകരേ ഒരുനിമിഷം നിൽക്കൂ, എന്റെ സൃഷ്ടികളെ കാണൂ, നിരാശരാവൂ—ആ ഭീമമായ അവശിഷ്ടം നമ്മിൽ ഏതോ ഐഹികേതരമായ നൊമ്പരം ഉണർത്തുന്നു; വ്യർത്ഥമായി പരന്നു കിടക്കുന്ന മണൽത്തീരങ്ങൾ. ഉപേക്ഷിക്കപ്പെട്ട മനുഷ്യന്റെ സർഗ്ഗമുദ്രകൾ: ജീവിതം ഊഷരമായ ഒരു വിങ്ങൽ മാത്രമാണോ? അതിന്റെ ക്ഷണികതക്കെതിരെയുള്ള പ്രക്ഷോഭമെന്ന നിലയിൽ കലയും ഒരു ദുരന്തമാവുമോ? അതോ ശാശ്വൽക്കരണത്തിനുള്ള ഒരു ഉപാധിയാവുമോ?

കെട്ടുപോയ വെളിച്ചം

കാലത്തിന്റെ പിന്നാലെ ഇറങ്ങിത്തിരിച്ച ഒരു പഥികനായിരുന്നു പഗോഡയുടെ ശില്പി. അയാൾ അതിൽ കാലത്തെ പ്രതിഷ്ഠിക്കാൻ ശ്രമിച്ചു: എന്നാൽ കാലം അയാളുടെ വിഗ്രഹത്തെ തകർത്തു് ഗർഭഗൃഹത്തെ വന്ധ്യമാക്കി മുന്നോട്ടു പോയി. പണ്ടു് പണ്ടു്, മലയിൽ വനങ്ങളിൽ അല്ലലറിയാതെ അലഞ്ഞുകൊണ്ടിരുന്ന കാലത്താണു് ഒരു നാൾ പഥികനിൽ കാലം മുളകൊണ്ടതു്. ഇണയുമൊത്തു് ഗുഹയിൽ ഉറങ്ങിക്കിടന്ന അയാൾ ഒരു രാത്രി പെട്ടെന്നു് ഒരു രോദനം കേട്ടു് ഞെട്ടിയുണർന്നു. തന്റെ ഇണയുടെ അരികിൽ സ്വന്തം രൂപത്തിൽ അക്ഷമമായി ഒത്തുതീർപ്പിനു് വഴങ്ങാതെ പിടഞ്ഞുകരയുന്ന ഒരു കൊച്ചുജീവി. മുമ്പെങ്ങും അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു ദാഹവും അസ്വസ്ഥതയും അയാൾക്കു തോന്നി. അതൊരു ചുഴലിക്കാററുപോലെ അയാളെ പൊക്കിയെടുത്തു. വളരെ വളരെ അകലെ നിന്നു് ആരോ തന്നെ വിളിക്കുന്നതായും താൻ ആ വിളി സ്വീകരിച്ചതായും അയാൾക്കു് തോന്നി. തന്റെ സന്തോഷമായ ഇണപ്പെണ്ണിനേയും ആദ്യസൃഷ്ടിയായ കുരുന്നു ജീവനേയും ഉറങ്ങിക്കിടക്കുന്നേടത്തു് വെച്ചുവിട്ടു് അയാൾ ഇറങ്ങിനടന്നു.

തനിക്കു് കൈവിരലുകൾ മടക്കാനും വളക്കാനും കഴിയുമെന്നു് കണ്ടപ്പോൾ അയാൾക്കു ഉള്ളിലൊരു അലകടൽ ഇരമ്പിട്ട ആവേശമുണ്ടായി. കല്ലുകൊണ്ടു് കല്ലു മൂർച്ചപ്പെടുത്തി മരത്തിന്റെ കമ്പൊടിച്ചു് മരത്തിലെറിഞ്ഞു് പഴങ്ങൾ വീഴ്ത്തി. അവൻ യാത്ര തുടർന്നു. മലകളും പാറകളും കടന്നു് നീണ്ട പുല്ലുകൾ വളർന്നു നിൽക്കുന്ന മൈതാനത്തിനു മുൻപിൽ അയാൾ ഭക്ഷണത്തിനു് ആദ്യമായി വിഷമിച്ചു. അവശനായി കിടക്കവേ മുന്നപ്പോലെ

---

* Zorba The Greek

1 Act of Creation

NBS NEWS

അഷ്ടാംഗഹൃദയം

എസ്പിസീയെസ് പതിപ്പു്

അഷ്ടാംഗഹൃദയം സൂത്രസ്ഥാനത്തിലെ ആദ്യത്തെ ആറദ്ധ്യായങ്ങളുടെ വൃത്താനുവൃത്ത– വാക്യാനുവാക്യ വിവർത്തനവും രഞ്ജിനീവ്യാഖ്യാനവും ഉൾക്കൊള്ളുന്ന ബൃഹത് ഗ്രന്ഥം. തയാറാക്കിയതു്, അപ്പൻതമ്പുരാന്റെ മകനും ഇംഗ്ലീഷ്–സംസ്കൃതഭാഷകളിൽ പണ്ഡിതനുമായ ശ്രീ വി. എം. കുട്ടികൃഷ്ണമേനോൻ. പ്രസിദ്ധീകരണം 1976 ഡിസംബർ 15നു്

അദ്ധ്യാപകർക്കുംവിദ്യാർത്ഥികൾക്കും ഡോക്ടർമാർക്കും വൈദ്യന്മാർക്കും—ചുരുക്കത്തിൽ ആരോഗ്യത്തെ ആഗ്രഹിക്കുന്ന ആർക്കും ഒഴിച്ചുകൂടാൻ വയ്യാത്ത ഒരുത്തമപാഠ്യ ഗ്രന്ഥം. വീട്ടമ്മമാർ വായിച്ചുപഠിക്കേണ്ട നിരവധി ഒററമൂലികാപ്രയോഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗൃഹചികിത്സാഗ്രന്ഥം.

ഡമ്മി എട്ടിലൊന്നു സൈസ്. 700–ഓളം പേജ്. കാലിക്കോബയന്റ് വില 28 ക.

പ്രിപബ്ലിക്കേഷൻ വില
16 ക. മാത്രം!

തവണകളായി 18 ക. യും
(8 + 10)

എൻബിയെസ് ശാഖകളിലോ ഏജൻസികളിലോ ഇന്നുതന്നെ പേരു് രജിസ്റ്റർ ചെയ്യുക. മണിയോർഡർ കോട്ടയത്തേക്കു മാത്രം.

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം.

ണ്ടുപേരുടെ ശബ്ദം കേട്ടുണർന്നു അയാൾ. ഇന്നിന്റെ തുറുങ്കു് തുറന്നു് നാളെയിലേക്കു് യാത്രതിരിച്ചവർ. അവർ പരസ്പരം സംസാരിക്കാതെ തന്നെ മനസ്സിലാക്കി. ഒരുമിച്ചു് ഇരമൃഗങ്ങളെ ഇണക്കിയെടുത്തു് വളർത്തി, അവയ്ക്കു് തീററ നൽകി. അവയുടെ പാൽ കറന്നെടുത്തു. ഒരു മേച്ചിൽപുറസംസ്കാരം ആവിർഭവിച്ചു. മഴക്കാലത്തു് മലയോരങ്ങളിലേക്കും, വേനലിൽ നദീതീരങ്ങളിലേക്കും മാറിമാറി പാർക്കുന്നതിനിടയ്ക്കാണു് പെട്ടെന്നു് പഥികനു് താൻ എവ്വിധം ഋതുക്കളുടെ ചക്രത്തിനടിമപ്പെട്ടിരിക്കുന്നെന്നു് ബോധം ഉളവാകുന്നതു്. താമസിച്ചില്ല, രാത്രിയുടെ നിശ്ശബ്ദതയിൽ സഖാക്കളേയും കന്നുകാലിക്കൂട്ടങ്ങളേയും വിട്ടു് ഗഹനതയിലേക്കു് ഒരിക്കൽക്കൂടി ഇറങ്ങിത്തിരിച്ചു. ഇരുട്ടിന്റെ തോടുകൾ പൊളിച്ചു് രാത്രിവെളിച്ചത്തിലേക്കു് വിടരുന്നതും നോക്കി അയാൾ നടന്നു.

ഇടത്തുന്ന കൂട്ടുകളിലെവിടെയോ വെച്ചു പഥികൻ തന്റെ ആദ്യത്തെ സഹചാരരെ വീണ്ടും കണ്ടുമുട്ടി. അതേ കൂട്ടത്തിൽ നിന്നും കട പറഞ്ഞു പോന്ന യാത്രക്കാർ. നടക്കുംതോറും അകന്നു പോവുന്ന തങ്ങളുടെ തന്നെ സൃഷ്ടിയായ നാളെയെ പിന്തുടരാൻ ശപിക്കപ്പെട്ടവർ. മറെറാരു സംസ്കാരത്തിന്റെ, നദീതടസംസ്കാരത്തിന്റെ പ്രാരംഭമായിരുന്നു അതു്. അവർ കെട്ടിപ്പടുത്ത സംസ്കാരത്തിൽ അറിയാതെ തന്നെ താൻ ആരാധനാമൂർത്തിയാവുന്നതു് പഥികൻ നിസ്സഹായനായി നോക്കി നിന്നു. താൻ നയിക്കുന്നവർക്കു് മേൽ തന്റെ ആധിപത്യം ഏറുകി വരികയായിരുന്നു. ക്രമേണ തന്നെ പരിചരിക്കാനും, അനുസരിക്കാനും സദാ സന്നദ്ധമായ ആ സമുദായം അയാളെ അലട്ടി. താൻ സൃഷ്ടിച്ച അനുയായിവൃന്ദത്തേയും സമുദായക്രമത്തേയും ആവരണം ചെയ്ത ഇരുട്ടു് അയാളെ പരിഭ്രാന്തനാക്കി. കണ്ണുകാണാത്തവനെപ്പോലെ അയാൾ കാട്ടിലേക്കു തന്നെ തിരിച്ചു, അവസാനം—അവിടെ ഏകാന്തവും, നിരാലംബവും ആയ ഒരു നിമിഷത്തിൽ അയാൾ അണഞ്ഞുപോയ വിളക്കു കണ്ടെത്തി— തന്നെത്തന്നെ—ഈ സ്വപ്നത്തിന്റെയും സംതൃപ്തിയുടേയും അന്ധകാരത്തിൽനിന്നു് പുറത്തു കടക്കണമെങ്കിൽ ആ വെളിച്ചം ഉരച്ചു കത്തിക്കേണ്ടിയിരിക്കുന്നു. എങ്ങിനെ? താൻ നിർമ്മിച്ചതെല്ലാം തന്നെ ഒരു മോചനത്തിനു് പററാത്തവിധം വരിഞ്ഞു മുറുക്കിയിരിക്കുന്നു. അവരിൽ നിന്നു് രക്ഷപ്പെടാൻ ഒരു വഴിയേ ഉള്ളു. മുറിച്ചു് കടന്നു പോകാൻ കഴിഞ്ഞില്ലെങ്കിൽ സ്പർശിക്കാനരുതാത്തവിധം ഉയരുക. ചലനത്തിനു് നടുവിലെ നിശ്ചലബിന്ദു പോലെ, ശബ്ദകോലാഹലത്തിനിടയിലെ നിശ്ശബ്ദനിമിഷം പോലെ.

സാഫല്യം തേടി

സമുദായം അയാൾ രാജ്യമായി വിസ്തൃതീകരിച്ചു. അയാളവരുടെ രാജാവായി. പടച്ചട്ടകൾ. അവസാനിക്കാത്ത യുദ്ധസന്നാഹങ്ങൾ. ജൈത്രയാത്രകൾ, മേൽക്കുമേൽ — അങ്ങിനെ ഒരിക്കൽ തന്റെ മഹൽ സൈന്യവുമായി പഥികൻ ഒരു കടൽത്തീരത്തു് വന്നെത്തി: ഇനിയും കീഴടക്കേണ്ടതെന്തെന്നറിയാതെ വിഷമിച്ചു നിൽക്കുമ്പോൾ. ആകസ്മികമായി പഥികന്റെ തളർന്ന ചേതനയിൽ ഒരു മിന്നൽപിണർ — കാലത്തിന്റെ പഴയ വെല്ലുവിളി അയാളിൽ അവശേഷിച്ച ജീവൽശക്തിയെ ജ്വലിപ്പിച്ചു. അയാൾ കൽപിച്ചു: ഇവിടെ ഈ സമുദ്രതീരത്തു് ഒരമ്പലം പണിയുക. ഇന്നിൽനിന്നു് നാളെയിലേക്കു് നീണ്ടുകിടക്കുന്ന അനന്തതയുടെ പാലമായി. നാം അതിൽ കാലത്തെ വേരോടെ ആവാഹിച്ചു് അവരോധിക്കും. ആ വിഗ്രഹത്തിൽനിന്നു് ഊരിപ്പോവാൻ കാലത്തിനു കഴിയില്ല, കഴിയരുതു്. മെല്ലെമെല്ലെ, വർഷങ്ങളുടെ ചംക്രമണത്തിൽ ഉഴറിമറിയുന്ന കടലിനെ ഉററുനോക്കി വെളുത്ത പൂഴിമണലിൽ കറുത്ത ഭീമാകാരമായ കരിങ്കൽ പർവ്വതം ഉയർന്നുവന്നു. അടിയിൽ വിശാലമായ ഉപാനത്തിൽ ആകാശത്തിലേക്കു തുളച്ചുകയറിപ്പോകുന്നപോലെ ഗർഭഗോപുരവും ആകാശത്തു്നിന്നടർന്നുവീണപോലെ അതിന്റെ മുഖശാലയും. രഥകങ്ങൾ, അനുരഥകങ്ങൾ, മസ്തകങ്ങൾ. എന്നാൽ ഉയർന്നുകൊണ്ടിരിക്കുന്ന ഗോപുരത്തിനു് താഴെ ഗർഭഗോപുരം ശൂന്യമായിക്കൊണ്ടിരുന്നു. ഓരോദിവസവും ഗർഭഗൃഹത്തിന്റെ ഓരോ കോണിൽ വന്നുനിന്നു് പഥികൻ വിഗ്രഹത്തിന്റെ അളവുകൾ ഗണിക്കാൻ ശ്രമിച്ചു. വിഗ്രഹമില്ലാതെ ഒരു മഹാക്ഷേത്രം തീരാൻപോവുകയാണോ? അനന്തതയിൽനിന്നും സംഭരിച്ചുകൊണ്ടുവരുന്ന തങ്ങളുടെ ശക്തി മുഴവൻ കരയുടെ വക്കിൽ കൈയൊഴിയുന്ന തിരമാലകളെ നോക്കി പഥികൻ കുഴഞ്ഞിരുന്നു. പണിതുയർത്തിയതു് ധിഷണയുടെ ഗോപുരമല്ല മരണത്തിന്റെ കുടീരമാണെന്നു് അയാൾക്കു് തോന്നി. പെട്ടെന്നു് ദൂരങ്ങളിൽനിന്നു് ഒത്തുതീർപ്പിനു വഴങ്ങാതെ കരഞ്ഞുതുടിക്കുന്ന ഒരു പിഞ്ചുകുഞ്ഞിന്റെ ശബ്ദം അയാളിൽ അലച്ചുവന്നു. താൻ ഒത്തുതീർപ്പിനു് വഴങ്ങിയതാണോ പരാജയഹേതു? കീഴടക്കാനുള്ള രാജ്യമല്ല, പ്രയാണം ഏററുവാങ്ങാനുള്ള പിന്തലമുറയാണു് തങ്ങൾക്കു് മുട്ടിയതു് എന്നാണോ? സ്വന്തം വൃത്തിയിലല്ലാതെ മറെറാന്നിലും വിശ്വസിക്കാൻ ശീലിക്കാത്ത ഈ സൈന്യം — സൃഷ്ടിയെ വൃത്തിയാക്കിത്തീർത്ത ഈ സൈന്യം — വൈദഗ്ദ്ധ്യത്തിന്റെ വന്ധ്യതയെ വിളംബരം ചെയ്തു എന്നാണോ? സർഗ്ഗകൌതുകം നിർവീര്യമായിപ്പോവുകയേ ഉള്ളു എന്നോ? ക്രമേണ അയാളുടെ സൈന്യം നാമാവശേഷമായി. ഖജനാവു് ഒഴിഞ്ഞു. തന്റെ വഴി മുടക്കിനിൽക്കുന്ന തന്റെ തന്നെ സൃഷ്ടിയായ ക്ഷേത്രത്തിനരികെ, താൻ ഇവിടം വരെ വന്നവനും ഇവിടെനിന്നു് മുന്നോട്ടുപോകാൻ അശക്തനായെന്നും കുറിച്ചിട്ട നാഴികക്കററിക്കരികെ ഉൽക്കടമായ വേദനയോടെ കാത്തിരിക്കെ, അയാളോർത്തു. ഈ തണുത്തുറക്കുന്ന നാഴികക്കല്ലിന്റെ മുഖത്തു് തന്റെ പൊലിയുന്ന ജീവന്റെ മുദ്രകുത്തുകമാത്രമേ തനിക്കു് ചെയ്‌വതുള്ളു. തന്നിൽ ശേഷിച്ചതെല്ലാം സംഭരിച്ചുകൊണ്ടു് ഒററക്കു് ഒരു സൈന്യം പോലെ അയാൾ അമ്പലത്തിനുനേരെ കുതിച്ചു. അയാൾ കൊത്തുപണികളാരംഭിച്ചു. അഴിച്ചുവിട്ട കൊടുങ്കാററുപോലെ രൂപങ്ങളുടെ തിരമാലകൾ കടിഞ്ഞാണിൽനിന്നും പുറത്തുചാടുന്ന ഘോരാശ്വങ്ങൾ, വസന്തോത്സവത്തിൽ ഉന്മത്തരായ കുമാരിമാർ — നടന്നുവന്ന വഴി മുഴവൻ തിരിഞ്ഞു് പഥികന്റെ ഭാവന

ബന്ധനം

പി. ടി. നരേന്ദ്രമേനോൻ

ഇനിയുമണയുക കാലമേ! നിൻ
ചുവടമർന്ന കലാശവേദിക
പണിയുമുലകിൻ യുഗകലാപവു,—
മളവുകാണാക്കല്പയാനവു,—
മൊരു കടങ്കഥ തീർക്കുമെൻ മന—
മിനിയുമിത്രസരേണുവും ക്ഷണ—
മുണരുമിച്ചെറുനൊടിയുമേതോ
തിരവിഴുങ്ങുവതോർത്തു നില്പവെ,
ഇന്നലേയുടെ കുമിളപൊട്ടി
ലയിക്കുമിന്നിൻ വീർപ്പിൽനിന്നൊരു
മിന്നൽപോലെയടർന്നു മറയും
നാളെയെന്നകളിമ്പമോർക്കവെ,
പൊന്നുനൂലുതൊടുത്ത നിൻവല
വീണു ഗോളകദംബവീഥിയു,—
മണ്ഡതുംഗകടാഹസീമയു,—
മണുവിലണുവും വിങ്ങി, നില്പവെ,
അകലെയെങ്ങോ കാലകാല—
കടുന്തുടീരവമുണ്ടതിൽ ചെ—
ന്നലിയുമെല്ലകാലജാലവു—
മവിടെയാണു പിറന്ന വീടെ—
ന്നലിവൊടുതളിയ പഴയ ചിന്തിൻ
പൊരുളുതിരായതുഴറിയും നിൻ
കൊടിയലാളനനോവിലും പാഴ്—
ക്കവിത പാടിപ്പാടിയും ഞാൻ
ശരണമാക്കുവ, തിരുൾ നിലങ്ങൾ
ചികഞ്ഞു ചെങ്ങിയ കല്ലട്ട,ത്തഴൽ
പുളയുമീ വഴിവക്കിലുള്ളം
പണിത നിന്റെ തുറുങ്കുമാത്രം.

—*—

അയാളെ അയാളാക്കിയ ആദിസർഗ്ഗചേതനയിൽ ചെന്നുമുട്ടി. കടലിലേയ്ക്കു് കുതിക്കുന്ന ഏഴു കുതിരകളും ഇരുപത്തിനാലു ചക്രങ്ങളും കൊത്തിത്തീർന്നാറെ തിരിയാത്ത ചക്രങ്ങൾകൊണ്ടു് എന്നന്നേക്കുമായി ഉറച്ചുപോയ തന്റെ തേരിനെ ഒന്നുകൂടെ ഉരുട്ടാനുള്ള യത്നത്തിൽ, ആ അവസാന ചക്രത്തിന്റെ കുററിയിലും ഇഴയിലും തൂങ്ങി അയാൾ നിശ്ചലനായി. സ്വന്തം യാത്രയുടെ സമാപ്തി, സാഫല്യം കുറിക്കുന്ന ശ്മശാനശിലയായി.

ദിവ്യദർശനസിദ്ധി

ടി. എസ്. എലിയട്ടിന്റെ Four Quartets — അപൂർവമായതോ അനുഭൂതിതലത്തിലേയ്ക്കു് അനുവാചകരെ പിടിച്ചുയർത്തുന്നെന്നു് വാഴ്ത്തപ്പെടുന്ന ഈ കവിതകളിൽ കാലത്തെക്കുറിച്ചു ബെർഗ്ഗ്സോണിയൻ സങ്കല്പങ്ങളാണത്രേ അദ്ദേഹത്തെ സ്വാധീനിച്ചിരിക്കുന്നതു് — ഒരിടത്തു് പറയുന്നു: അനന്തത സമയവുമായി സമ്മേളിയ്ക്കുന്ന നിശ്ചലബിന്ദു ഉൾക്കൊള്ളാൻ ഒരു ഋഷിക്കു മാത്രമേ കഴിയൂ. നിശ്ചലബിന്ദുവിൽ തന്നെ നിലകൊള്ളുവാനും ഋഷിക്കേ ശക്തിയുള്ളൂ. നമ്മെ, മനുഷ്യരെ സംബന്ധിച്ചേടത്തോളം കാലത്തിനു പുറത്തുകടക്കുക നിർവഹണാതീതമായ ഒരു വ്യാമോഹം മാത്രമാവും. നാം കാലത്തിൽ, കാലത്തിന്റെ തിരയേററങ്ങൾക്കകത്തുതന്നെ വർത്തിക്കുന്നു. ബൃഹദാരണ്യകോപനിഷത്തിൽ ഒരു മന്ത്രമുണ്ടു്. അശ്വമേധത്തിലെ അശ്വസംസ്കരണവിധാനം പ്രകാശിപ്പിയ്ക്കുന്ന മന്ത്രം. മേദ്ധ്യാശ്വത്തെ കാലപുരുഷനായി സങ്കൽപിക്കപ്പെട്ടിരിക്കുന്നു. ഇവിടെ ബ്രാഹ്മമുഹൂർത്തമെന്നറിയപ്പെടുന്ന പ്രഭാതം അശ്വത്തിന്റെ ശിരസ്സും ആദിത്യൻ ദൃഷ്ടിയും മുഖം വൈതാഹികാഗ്നിയും, ഭൂമി പാദസ്ഥാനവും. വാരിയെല്ലുകൾ അഗ്ന്യാദി കോണുകളും, നക്ഷത്രങ്ങൾ എല്ലുകളും മേഘമാർഗ്ഗം ധാതുക്കളുമാണ്. പൂർവ്വാഹ്നം ശരീരത്തിന്റെ പൂർവ്വാർദ്ധവും അപരാഹ്നം, ശരീരത്തിന്റെ ഉത്തരാർദ്ധവുമാണ്. അശ്വശരീരത്തിന്റെ വിജൃംഭണം മിന്നലും മൂത്രോൽസർഗ്ഗം വർഷവുമാണ്. സംസാരത്തിന്റെ വിവിധ ഘടകങ്ങൾ മുഴുവൻ ഇതിൽ ആരോപിക്കപ്പെട്ടിരിക്കുന്നെന്നു് ചുരുക്കം. ഈ അശ്വം അവിദ്യാസ്വരൂപമായ മനസ്സാണെന്നും അതിനെ ഹവനം ചെയ്യുന്ന അഗ്നി അദ്വൈതമായ ജ്ഞാനമാണെന്നും ബോധിക്കുമ്പോൾ ആത്യന്തികമായ വിലയം സംഭവിക്കുന്നു. നീ വിളി കേട്ടിറങ്ങിത്തിരിച്ച കാലം നിനക്കു പുറത്തല്ല, അകത്താണെന്നു് ആനന്ദ് ഒരിടത്തു് പറയുന്നുണ്ടു്. കാലത്തെ ബന്ധിക്കാനാവില്ല. അതാരുടേയും കുതിരയാവില്ല. കാലമെന്നതു് യാത്രയായിരിക്കേ യാത്ര പിടിച്ചുകെട്ടാൻ തുനിയുന്നവർ യാത്രക്കാരല്ലാതായിത്തീരുന്നു. പ്രയാണരൂപഭാവങ്ങളാർന്ന കാലം പ്രതിഷ്ഠയിൽ ഒതുക്കിനിർത്തപ്പെടുന്നില്ല, ഒരിക്കലും.

ഉപനിഷത്തിൽ വിവരിക്കുന്ന യാഗാശ്വം, അല്ലെങ്കിൽ മേധ്യാശ്വം പോലും ഒരിക്കലും ഇല്ലാത്തതാണ്. എങ്കിലും. അതു് ഇല്ലെന്നറിവ് പഞ്ചബോധങ്ങൾക്കതീതമായ ഒന്നാണ്. പിതാവിന്റെ യാഗാശ്വത്തെ പിടിച്ചുകെട്ടുന്ന, ഒരിക്കൽ പിടിച്ചുകെട്ടിയ പുത്രന്മാർ പോലും തപോബലമുള്ളവരായിരുന്നു. മനുഷ്യരിൽ ഓരോരുത്തരിലും ഓരോ പ്രഭവതന്ത്രിയുണ്ടു് അതിനെ സ്പർശിച്ചു കഴിഞ്ഞാൽ പിന്നെ ആയിത്തീരലുകളില്ല. തിരിച്ചു വരവുകളില്ല. എല്ലാ അന്വേഷണങ്ങളുടേയും പര്യവസാനമാണവിടെ. ബോധിവൃക്ഷ

(ശേഷം 56-ൽ)

ഇംഗ്ലീഷ് പഠിക്കുക

ഞങ്ങളുടെ പോസ്റ്റൽ ററ്യൂഷൻ ക്ലാസ്സിൽ ചേർന്നു് A. B. C. D. മുതൽ B. A. വരെ ഇംഗ്ലീഷ് പഠിക്കാം. കൂടുതൽ വിവരങ്ങൾക്കു മറുപടി സ്റ്റാമ്പുസഹിതം കത്തിടുക.

പ്രകാശ് കോളേജ്
കളക്ടറേററു് P.O.
കോട്ടയം-2

കോവൂർനാടകം അവസാനിച്ചിട്ടില്ല

എം പി നാരായണപിള്ള

ഏതാനും ആഴ്ചകൾക്കു മുമ്പു് മലയാളനാട്ടു് വാരികയിലൂടെ പ്രൊഫസർ കോവൂരിന്റെ പുരാതനമായ ലക്ഷം രൂപാ വെല്ലുവിളി ഞാൻ സ്വീകരിക്കുകയും അതു് പരീക്ഷിക്കേണ്ട വിശദമായ ചട്ടങ്ങൾ അറിയിക്കുകയും ഉണ്ടായി. തുടർന്നു് കോവൂരിന്റെ മറുപടി വേറൊരു വാരികയിൽ വായിക്കാനും ഇടയായി. പിന്നീടുണ്ടായതായി ഞാൻ കേട്ട പലതും തെററിദ്ധാരണകൾ ഉണ്ടാക്കുന്നവയായിരുന്നു. അതുകൊണ്ടു് മലയാളനാട്ടു വായനക്കാരെ താഴെപ്പറയുന്ന കാര്യം അറിയിക്കണം.

“മലയാളനാട്ടു്” വാരികയിൽ ഞാനെഴുതിയിരുന്ന പരീക്ഷണവും അതിന്റെ നടപടിക്രമങ്ങളും വള്ളിപുള്ളി വിസർഗ്ഗങ്ങൾക്കു് വ്യത്യാസമില്ലാതെ ഇപ്പോഴും നിലവിലിരിപ്പുണ്ടു്. പ്രൊഫസർ കോവൂരിന്നു് അതു് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. അതിന്നു് തയാറുണ്ടോ ഇല്ലയോ എന്ന കാര്യത്തിന്നു് വ്യക്തമായും അസന്നിഗ്ദ്ധമായും ഒരു മറുപടി, “Yes” or “No” എന്നു്, ആവശ്യമുണ്ടു്.”

യുക്തിവാദിമാസികയുടെ പത്രാധിപർ പറയുന്നു ആയിരം രൂപ പന്തയം വച്ചു് പരീക്ഷണം നടത്താനാണു്. അതിനെനിക്കു് സമ്മതമല്ല. അഭിപ്രായവ്യത്യാസം വ്യവസ്ഥകളിലല്ല, തുകയിലാണു്. കാരണങ്ങൾ—ഒന്നു്, എന്റെ നോട്ടം കോവൂരു് കൊണ്ടുവരാമെന്നവകാശപ്പെടുന്ന ഒരു ലക്ഷത്തിലാണു്. യുക്തിവാദിപത്രാധിപരുടെ ആയിരം രൂപ കൊണ്ടു് യാത്രച്ചിലവു പോലും നടക്കില്ല. പിന്നെ, സമയനഷ്ടം കൊണ്ടുവരുന്ന നഷ്ടവുമുണ്ടു്. ഏകലക്ഷ്യം ഒരു ലക്ഷമായതുകൊണ്ടു് പന്തയത്തിൽ ജയിച്ചു എന്നതിൽ മാത്രം എനിക്കു് തൃപ്തിയാകില്ല. അദ്ദേഹത്തിനതു മതി. അദ്ദേഹം യുക്തിവാദിയാണു്. എന്നാൽ ഞാൻ ചാത്തന്റെയും ദൈവത്തിന്റെയും ഭാഗത്തല്ല. ഞാനവരുടെയും ഭാഗത്തല്ല. വാശിക്കു് പന്തയത്തിനു് തയാറല്ല. ഒരു ലക്ഷമാണെങ്കിൽ, ഞാനെഴുതിയ വ്യവസ്ഥകളിൽ, ഒരാഴ്ചത്തെ നോട്ടീസിൽ തയാറാകാം.

കഴിഞ്ഞ രണ്ടുമാസങ്ങൾക്കിടയിൽ എനിക്കു് പ്രധാനമായ ഒരു സംശയത്തിനിടയായി. പ്രൊഫസർ കോവൂരിനു് ഒരു ലക്ഷം രൂപ കൊണ്ടുവരാനുള്ള കഴിവില്ലെന്നു്. ഇക്കാലമത്രയും അദ്ദേഹം വെല്ലുവിളിച്ചതു് ഒരു ലക്ഷം കയ്യിൽ വച്ചുകൊണ്ടായിരുന്നില്ല. വെറുതെയങ്ങു് പറഞ്ഞെന്നു മാത്രം. വിടുവായ.

പണമില്ല എന്നതൊരപരാധമല്ല. പ്രത്യേകിച്ചും കോവൂരിനെപ്പോലെ പ്രശസ്തനായ ഒരാൾക്കു്. (ഇല്ലാത്തതുണ്ടെന്നു് പറഞ്ഞു നടന്നു എന്നതു പോലും ക്ഷന്തവ്യമാണു്. കാശു കടം വാങ്ങേണ്ട ആവശ്യത്തിനാ [illegible] മാത്രം എത്ര ബിസിനസ്സുകാരാണു് ([illegible]“സീഡസ്” ബെൻസ്” കാറു കൊണ്ടുനടക്കുന്നതു്!) അദ്ദേഹത്തിനെ രക്ഷിക്കേണ്ട ചുമതല അനുയായികൾക്കുണ്ടു്.

അതുകൊണ്ടു് യുക്തിവാദികളായി നടക്കുന്ന അനുയായികൾ കോവൂരിനെ രക്ഷിക്കണം. ഒരു ലക്ഷം രൂപയുടെ ഒരു ഫണ്ടു് പിരിച്ചു് വെല്ലുവിളി വകയിൽ ഏതെങ്കിലും ബാങ്കിൽ ഡെപ്പോസിററു് ചെയ്യുക. (അതിൽനിന്നു് 10,000 രൂപ പലിശയുണ്ടാകും. അതു് സംഘടനയ്ക്കു് ഉപയോഗിക്കാം—പ്രത്യേകിച്ചും ഞാൻ ആവശ്യപ്പെട്ടപോലുള്ള— തോൽക്കുമെന്നുറപ്പുള്ള പരീക്ഷണങ്ങളിൽനിന്നു് ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നാൽ) ഏതായാലും ഒരു ലക്ഷം രൂപ എടുത്തുകാണിക്കാതെ ഇക്കാര്യത്തിൽ മുന്നോട്ടുപോകാൻ വയ്യ. അല്ലെങ്കിൽ അവനവനെക്കൊണ്ടാകുന്ന തുക

ഇനാമായി വങ്ങുക. എന്തിനീ സ്റ്റണ്ട്?

കോവൂർ ഈ ഫീൽഡിൽ കളിച്ച് പേരും പ്രശസ്തിയുമുണ്ടാക്കുന്നതു കണ്ടുകൊണ്ട് ഈയിടെ വേറൊരു പാർട്ടിയും ഇറങ്ങിയിരിക്കുന്നു. ബാംഗളൂർ യൂണിവേഴ്സിററിയിൽ വൈസ്ചാൻസലറായി ജോലിചെയ്യുന്ന ഒരു നരസിംഹറാവു. സോൾ ബെല്ലോയുടെ "ഹെർസോഗ്" എന്ന നോവൽ വായിച്ചിട്ടുള്ളവർക്ക് നരസിംഹറാവുവിനെ ഉടനെ അറിയും. പുള്ളിയുടെ ടെക്നിക് തപാൽവഴിയാണ്.

പ്രിയപ്പെട്ട സായിബാബ,

നിങ്ങളെ എനിക്ക് പരിശോധിക്കണം. അതിന് തലമുടി വെട്ടി തുണിമാററി തയ്യാറായിരുന്നുകൊള്ളുക. എന്റെ പരീക്ഷണത്തിന് നിങ്ങൾ നിന്ന് തന്നില്ലെങ്കിൽ നിങ്ങൾ കാണിക്കുന്ന വിദ്യകൾ ശാസ്ത്രീയമല്ല."

രജിസ്ട്രേഡ് എ. ഡി.

ഉടനു് പത്രപ്രസ്താവന—സായിബാബ മറുപടി അയച്ചിട്ടില്ല. അതുകൊണ്ട് അദ്ദേഹം കാണിക്കുന്നതു് തട്ടിപ്പാണ്. ഒന്നാംപേജ് വാർത്ത. രണ്ടുമാസം മുമ്പുവരെ നമുക്കാർക്കും അറിയില്ലായിരുന്നു ബാംഗളൂർ യൂണിവേഴ്സിററിയിൽ നരസിംഹറാവു എന്നൊരു വൈസ്ചാൻസലറുണ്ടെന്ന്. ഇന്നയാൾ പ്രശസ്തൻ! എത്രയെളുപ്പത്തിൽ കാര്യം നടന്നു.

കോവൂരിന്റെ കാര്യത്തിൽ ഉദ്ദേശശുദ്ധിക്ക് മാപ്പുകൊടുക്കാം. ജീവിതംമുഴുവൻ ഇതു പറഞ്ഞ് നടക്കുകയാണല്ലോ. എന്നാൽ നരസിംഹറാവുവിനെപ്പോലുള്ളവർ ക്ഷിപ്രപ്രശസ്തിക്ക്—കോവൂര് ചെയ്തതും കണ്ടുകൊണ്ട്—ഇറങ്ങിത്തിരിച്ചിരിക്കുന്നതു് യൂണിവേഴ്സിററിയിൽ ശമ്പളംവാങ്ങുന്ന ജോലികൾ മുടക്കിയിട്ടാണോ എന്ന് പരിശോധിക്കേണ്ടതു് അയാൾക്ക് ശമ്പളംകൊടുക്കുന്നവരുടെ ജോലിയാണ്. യൂണിവേഴ്സിററിയുടെ സെനററോ, സിൻഡിക്കേററോ ഇതൊരു ഗവേഷണപരിപാടിയായി എടുത്തിട്ടില്ല.

ഇതല്ലേ ഫലിതം—അതുള്ള പലതും നമുക്ക് പ്രത്യക്ഷമാണ്: ബഷീറിന്റെ മൂക്കിനെപ്പററിയുള്ള ഒരു കഥയില്ലേ. [illegible] മൊട്ടുസൂചികൊണ്ട് കുത്തി ചോരവ

(ശേഷം 24-ൽ)

പ്രേമിക്കുവാൻ പററിയ സമയം

പി ടി വർഗ്ഗീസ്

ഈ ആധുനികയുഗം വളരെ തിരക്കു പിടിച്ചതാണ്. തന്മൂലം ഭാര്യാഭർത്താക്കന്മാർക്ക് പ്രേമപ്രകടനത്തിൽ ഏർപ്പെടുവാൻ രാത്രിയിലെ വൈകിയവേളകളാണ് ലഭിക്കുക. ടെലിഫോൺ എന്ന ശാഠ്യക്കാരൻ, ഉറങ്ങുവാൻ നിർബന്ധം പിടിക്കുന്ന കുട്ടികൾ, വൈകിയാലും പാട്ടും, പൊട്ടലും ചീററലുമായിക്കഴിയുന്ന റേഡിയോ പരിപാടികൾ, അങ്ങനെ പരിഷ്കാരത്തിന്റെയും മററുംമററുമായി ഉള്ള എല്ലാ ഒച്ചകളും നിലച്ചുകഴിയുമ്പോൾ മണി പതിനൊന്നു കഴിഞ്ഞിരിക്കും ഉറക്കച്ചടവും. കോട്ടുവായും, വന്നുതുടങ്ങുന്നു. അസ്ഥികൾ പോലും പകലത്തെ അദ്ധ്വാനഭാരം കൊണ്ട് ക്ഷീണിച്ചിട്ടുണ്ടാവും, ഇങ്ങിനെയൊരവസ്ഥയിൽ കിടക്കയിൽ വന്നുപതിക്കുന്ന ദമ്പതികൾക്ക് ചുമതലകളിൽ നിന്നും ഒഴിഞ്ഞ് നല്കുവാൻ കിട്ടുന്ന അല്പനിമിഷങ്ങൾ. പരസ്പരം ചൂട് പകർന്നു കൊണ്ട് കിടക്കുമ്പോൾ അപ്പോൾ മാത്രമാണ് ഈ ഇരുപതാം നൂററാണ്ടിൽ മാതൃകാദമ്പതികൾക്ക് അല്പസമയം ലഭിക്കുക എന്ന് വന്നു കൂടിയിട്ടുണ്ട്.

ക്ഷീണിച്ച, രാത്രിയുടെ വൈകിയ വേളയിൽ ഉറങ്ങുവാനും വിശ്രമിക്കുവാനും ലഭിക്കുന്ന അല്പസമയത്തെക്കുറിച്ച് ഘടികാരം അവരെ ബോധവാന്മാരാക്കുമ്പോൾ പ്രേമപ്രകടനം നാളത്തേക്ക് മാററിവച്ചിട്ട് ഉറങ്ങുവാനുള്ള വെമ്പലാവും ഇരുകൂട്ടരേയും അപ്പോൾ അടക്കിഭരിക്കുക. പ്രേമപ്രകടനത്തിന് സമയത്തിന്റേതായ പ്രാധാന്യമുണ്ട്. ഇക്കാര്യം അധികം ഭാര്യാഭർത്താക്കന്മാരും ഓർക്കുന്നില്ല. മനഃശാസ്ത്രജ്ഞന്മാരും മദനാരോഗ്യഗവേഷകരും ഇക്കാര്യത്തിൽ ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

സമയം, ചുററുപാടുകൾ കാലാവസ്ഥ എന്നിവ ദമ്പതികളുടെ രതിവ്യാപാരത്തെ കാര്യമായി സ്വാധീനിക്കുന്നു. ദമ്പതികളുടെ ലൈംഗികബന്ധത്തെക്കാൾ അവരുടെ പ്രേമവ്യാപാരത്തിന് വിവാഹജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്താൻ കഴിയും. ജീവിതം സന്തുഷ്ടമാക്കുവാൻ ഇതാവശ്യമാണ്. ഇക്കാര്യത്തിൽ സമയവും പരിതസ്ഥിതികളും ഇക്കാര്യത്തെ ബലപ്പെടുത്തുന്നു.

ഏതൻസിലെ സൂര്യാരാധകരായിരുന്ന പൗരാണികരായ ഗ്രീക്കുകാർതൊട്ട് മാനവരാശി ഇക്കാര്യത്തെക്കുറിച്ച് ചിന്തിക്കുന്നുണ്ട്. മനഃശാസ്ത്രജ്ഞന്മാരിൽ ഒരു വിഭാഗം അഭിപ്രായപ്പെടുന്നതു് പ്രഭാതമാണ് പ്രേമപ്രകടനത്തിന് പററിയ സമയമെന്നാണ്. സ്ഥലമോ—വീട്ടിന് പുറത്തും. പരിഷ്കാരം വരുന്നതു വരെ, മൃഗങ്ങളെപ്പോലെ വനാന്തരത്തിൽ ഇണചേരുന്നതു് അഭികാമ്യമായി കരുതിയിരുന്ന നമ്മുടെ പ്രപൂർവ്വികർ കരുതിയിരുന്നു. എന്നാലിതു് അപരിഷ്കൃതമാണെന്ന് പിൽക്കാലമനുഷ്യൻ കരുതി. പ്രസിദ്ധബ്രിട്ടീഷ് മനശാസ്ത്രജ്ഞനായ ഹാവ്ലോക്ക് എല്ലീസ് "രതിപ്രകടനം ഇരുട്ടിന്റെ പ്രവർത്തിയായിട്ടാണ്" കരുതിയതു്.

യൂറോപ്യൻനാടുകളിൽ ഉച്ചയുറക്കം മാന്യതയുടെ ലക്ഷണമായി ഇന്നും കരുതപ്പെടുന്നു. ദക്ഷിണശാന്തസമുദ്രത്തിലെ അപരിഷ്കൃതർക്ക് ഇപ്പോഴും ഉച്ചയുറക്കവും പ്രേമവ്യാപാരവും, മിതപരമായി അംഗീകാരം നേടിയിട്ടുള്ള ഒരിനമാണ്.

U.S.A. യിലെ ലൈംഗികശാസ്ത്രഗവേഷകനായ ഡോ: ആൽഫ്രഡ് കിൻസെയുടെ നിഗമനത്തിൽ സ്ത്രീകൾ രാത്രി സമയത്താണ് രതിപ്രകടനം ഇഷ്ടപ്പെടുന്നതെന്നാണ്. എന്നാൽ പുരുഷന്മാർക്കിഷ്ടം പകലിനോടാണ്. പക്ഷെ ഇതൊരു പൊതുനിയമമല്ല. നല്ലൊരു ശതമാനം ആളുകൾക്ക്, പകൽ, രാത്രി ഭേദചിന്തയൊന്നും ഇല്ലതന്നെ. എപ്പോൾ വേണമെങ്കിലും "ആവാം" ചുരുക്കത്തിൽ വ്യക്തികളുടെ രുചിഭേദമനുസരിച്ചാണ് സമയത്തിന്റെ പ്രാധാന്യം. ഇക്കാര്യം മനഃശാസ്ത്രജ്ഞന്മാരും അംഗീകരിക്കുന്നു.

ആഴ്ചയിൽ മൂന്നു ദിവസം വെളുപ്പിന് 4 മണിക്ക് അലാറം വച്ചുണർന്ന് രതിപ്രകടനത്തിൽ ഏർപ്പെട്ടിട്ട് വീണ്ടും ഉറങ്ങുന്നവരുണ്ട്.

മാസങ്ങളോളം ഭർത്താവുമായി വേഴ്ചയിലേർപ്പെടാൻ അനുവദിക്കാതെ പിന്നീട് ഒരാഴ്ചക്ക് ദിവസംതോറും എട്ടോ പത്തോ പ്രാവശ്യം ലൈംഗികബന്ധത്തിലേർപ്പെടുന്നവരുണ്ട്. ഇങ്ങനെ മനശാസ്ത്രജ്ഞന്മാരുടെ ഡയറി പരിശോധിച്ചാൽ തമാശക്കും, അറിവിനും ഉതകുന്ന പലതും നമുക്ക് കാണാൻ കഴിയും.

ഒരു പുരോഹിതൻ ഞായറാഴ്ച രാത്രി മാത്രം പ്രേമപ്രകടനത്തിലേർപ്പെടുന്നു. എന്നാലൊരു പത്രപ്രവർത്തകന് പാതിരാത്രികഴിഞ്ഞ് (പത്രം അച്ചടിച്ചുതുടങ്ങിക്കഴിഞ്ഞ്) മാത്രം വീട്ടിലെത്തുവാൻ കഴിയുന്നെങ്കിൽ, അയാളുടെ പ്രേമജീവിതം എത്രമണിക്കാരംഭിക്കുവാൻ കഴിയും എന്ന് ഊഹിച്ചുകൊണ്ടാൽ മതി; ഇങ്ങനെ പോകുന്നു പട്ടിക.

ഓരോ ദമ്പതികൾക്കും അവരവരുടേതായ "നല്ല സമയം" കണ്ടെത്തുകയാണ് ഉചിതം. എന്നാൽ പല ദമ്പതികൾക്കും ഈ നല്ല സമയം കണ്ടെത്തുവാനോ, അല്ലെങ്കിൽ യോജിച്ചൊരു തീരുമാനമെടുക്കുവാനോ കഴിയുന്നില്ല.

"കാലാവസ്ഥയും സമയവും" യുവമിഥുനങ്ങളെ സ്വാധീനിക്കുന്നു. ഡാക്ടർ ലെനാലെവയിനിന്റെ അഭിപ്രായത്തിൽ ക്ഷീണിച്ച അവസരങ്ങളിലെ ധൃതിപ്പെട്ടുള്ള പ്രേമചേഷ്ടകൾ യാന്ത്രികമായുള്ള പ്രകടനങ്ങൾ ഇവ വിവാഹജീവിതത്തിൽ തകരാറുകൾ സൃഷ്ടിക്കുന്നു. ഡാ. ലെനെ, കുടുംബജീവിതത്തെയും കുടുംബസംവിധാനത്തെക്കുറിച്ചും ഗവേഷണം നടത്തുന്ന ഒരു സ്ഥാപനത്തിലെ ഡാക്ടറാണ്.

അമേരിക്കൈക്യനാടുകളിലെ ഫാമിലിസർവ്വീസ് അസ്സോസിയേഷനിലെ മിസ്സിസ് ഷെർലികാംപറിന്റെ അഭിപ്രായത്തിൽ ദമ്പതിമാരിൽ ഒരാൾ ലൈംഗികമായി അശ്രദ്ധാലുവാകുന്നതു് ഇണ

യുടെ ലൈംഗികത കണക്കിലെടുക്കാതെ, പേരുമാറുന്നത് തുടങ്ങിയ— ആശാസ്യമല്ലന്നാണ്.

ഏതു സമയത്താണ് "നല്ല സമയം" എന്ന് ദമ്പതികൾക്ക് തറപ്പിച്ച് പറയുവാനാവുന്നതോ അഥവാ ആ സമയം കണ്ടെത്തിയാൽത്തന്നെ എന്നും ഇക്കാര്യത്തിൽ സമയനിഷ്ഠം പാലിക്കുവാൻ തിരക്കുപിടിച്ച ഈ യുഗത്തിൽ അത്ര എളുപ്പവുമല്ല.

എപ്പോൾ, എന്നതുപോലെ എത്ര പ്രാവശ്യം ലൈംഗമായി ഇടപെടാം എന്ന ചോദ്യവും പ്രസക്തമാണ്.

മതപരമായിനോക്കിയാൽ മുഹമ്മദു നബി "ആഴ്ചയിലൊരിക്കൽ" എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. യഹൂദനിയമമനുസരിച്ച് ഒരാഴ്ചതൊട്ട് ഒരുദിവസംവരെ അവനവന്റെ ആരോഗ്യവും ജോലിയുമനുസരിച്ച്. ഡാക്ടർ കിൻസേയുടെ അഭിപ്രായത്തിൽ ദമ്പതികളുടെ പ്രായമാണ് പ്രധാനം. ഇരുപതുകളിൽ ആഴ്ചയിൽ മൂന്നതവണയും ക്രമേണ പ്രായം കൂടുന്നതനുസരിച്ച് എണ്ണം കുറച്ചുകൊണ്ടുവരിക അൻപതുകളിൽ ആഴ്ചയിൽ ഒരിക്കൽമാത്രം മതി. മർഗരററ് സാൻഗർ റിസർച്ച് ബ്യൂറോയുടെ നിഗമനത്തിൽ 85 ശതമാനം സ്ത്രീകളും ആഴ്ചയിൽ മൂന്നു പ്രാവശ്യം രതിക്രിയയിലേർപ്പെടാൻ ആഗ്രഹിക്കുന്നു. 4 ശതമാനംമാത്രം ദിനംതോറുമുള്ള രാസലീലയിലേർപ്പെടാൻ ആഗ്രഹിക്കുന്നു.

എപ്പോൾ, എത്രപ്രാവശ്യംവരെയാകാം എന്ന ചോദ്യത്തിന് ശരീരഘടനയാണുത്തരംപറയേണ്ടതു്. ഒരു സ്ത്രീക്ക് മാസമുറ ആരംഭിക്കുന്നതിന് തൊട്ടുമുൻപുള്ള നാലോ അഞ്ചോ ദിവസം (മിക്കവാറും സേഫ് പീരീഡ് ആണീ ദിനങ്ങൾ) ലൈംഗികാസക്തി വർദ്ധിക്കുന്നു. മറെറാരു മനഃശാസ്ത്രജ്ഞനായ ഡോക്ടർ മേരി സ്റ്റോപ്സ് പറയുന്നതു്, ഒരു സ്ത്രീക്ക് ഒരു മാസത്തിൽ രണ്ടുപ്രാവശ്യം ലൈംഗികമായി "ഉച്ചാ"വസ്ഥയിലെത്തും എന്നാണ്. ഇതിനനുസരിച്ചുള്ള താഴ്ചയുമുണ്ട്. രണ്ട് ആർത്തവങ്ങൾക്കിടയ്ക്കുള്ള മദ്ധ്യദിനങ്ങളാണ്. അവയിലൊന്ന് ഈയവസരത്തിലെ രതിക്രിയ ഇരുകൂട്ടർക്കും സന്തോഷപ്രദമായിരിക്കും. (ഇതു് ഓവം ഉല്പാദിപ്പിക്കപ്പെടുന്ന ദിനങ്ങളാണ്.)

ഈയടുത്തകാലത്ത് സ്വീകരിക്കപ്പെട്ട ഒരു തിയറി അനുസരിച്ച് ഓരോദിവസവും രതിക്രിയയ്ക്ക് പററിയ സമയമുണ്ട്. ഉറക്കം ഉണർന്നുകഴിഞ്ഞു് 6 മുതൽ 10 മണിക്കൂറിനു ശേഷമാണിതു്. നമ്മുടെ പ്രവർത്തിസമയം അതിന്റെ ഉച്ചകോടിയിലെത്തുന്നു. ഈ സമയം സ്ത്രീകൾക്കായാലും പുരുഷനായാലും കഴിവിന്റെ പരമാവധി പ്രവർത്തിക്കുവാൻ കഴിയുന്ന സമയമാണ്. ഇതേസമയംതന്നെയാണ് മന്മഥലീലയ്ക്കും പററിയ സമയം. മിനസ്സോട്ടായൂണിവേഴ്സിററിയിലെ സ്കൂൾ ഓഫ് മെഡിസിൻ വിഭാഗത്തിന്റെ റിസർച്ച് ഫലങ്ങളനുസരിച്ച് ശാരീരികശേഷി ഉച്ചകോടിയിലെത്തുന്ന ഒരു സമയമല്ല എന്നാണ്. കൂടാതെ ഇരുട്ടാവുമ്പോൾ ഇതൊരു സാമൂഹ്യ ആചാരമാണെന്ന തോന്നലുമുണ്ടത്രേ! ഒരു സ്ത്രീ പറഞ്ഞതിങ്ങനെയാണ്; "രാത്രി—രാത്രിയിലാണെനിക്കിഷ്ടം. കാരണം നാം എന്തു ചെയ്യുന്നു എന്നുള്ളതു് നാം കാണുന്നില്ലല്ലോ."

ഡോക്ടർ കാൽഡെറോണിന്റെ നിഗമനമനുസരിച്ച് ഭൂരിപക്ഷം സ്ത്രീകളും പ്രഭാതത്തിലും ഉച്ചകഴിഞ്ഞും രതിയിലേർപ്പെടുവാൻ മടിക്കുന്നവരാണ്—ഇക്കാര്യം ഭർത്താക്കന്മാർ മനസ്സിലാക്കിയാൽ നന്ന്. പകൽ പ്രേമിക്കുവാൻ പററിയ സമയമായി സ്ത്രീകളിലൊരുവിഭാഗം കരുതുന്നുണ്ട്. ചുററുപാടുകൾ, കിട്ടാവുന്നത്ര ഗോപ്യത, മററു തടസ്സങ്ങൾ, പ്രേമപ്രകടനത്തിനുള്ള മറവും സാവകാശവും എന്നിവയൊക്കെ സ്ത്രീകൾ മുൻതൂക്കം നൽകുന്നു. പുരുഷന്മാർ ഇക്കാര്യത്തിൽ അല്പവും ശ്രദ്ധാലുക്കളല്ല. രതിയും പ്രേമപ്രകടനവും ഒരുമിച്ചാവണം എന്നാണ് സ്ത്രീകളുടെ ആഗ്രഹം. ഇവ വേർപിരിക്കാനാവാത്ത ഘടകങ്ങളാണ് സ്ത്രീകൾക്ക്. ഇവ വേർപിരിക്കപ്പെട്ടാലോ, രതി, യാന്ത്രിക പ്രക്രിയയായി മാറും.

ഒരു സ്ത്രീ ന്യൂയോർക്കിലെ ഒരു മനഃശാസ്ത്രജ്ഞനോട് പറഞ്ഞതു് ഇങ്ങനെയാണ്— "എന്റെ ഭർത്താവിന് രാത്രിയിൽ കിടക്കമുറിയിലെ വിളക്കിന്റെ സ്വിച്ചിനോടാണ് "രതി" ബന്ധപ്പെട്ടിരിക്കുന്നതു്. ഈ സ്വിച്ചമർത്തുമ്പോൾ ലൈററണയുന്നു. ഒപ്പം കേൾക്കുന്ന "ക്ലിക്ക്" ശബ്ദം കേട്ടാലുടൻ അദ്ദേഹം കർമ്മനിരതനാകുന്നു.

ഡാ കിൻസെയുടെ പരീക്ഷണങ്ങളിൽനിന്നും അദ്ദേഹം രണ്ടു കാര്യങ്ങൾ സ്ത്രീകളെ ഉത്തേജിപ്പിക്കുന്നതായി മനസ്സിലാക്കി. അവ സിനിമയും നോവലുമാണ്. ഇവ പ്രേമവുമായി ചുററിപ്പിണഞ്ഞു കിടക്കുന്നു.

ഒരു ദാമ്പത്യകഥ കേട്ടോളൂ. അടുത്തകാലത്തു് വിവാഹിതരായ ദമ്പതികളാണ്. നല്ല വസ്ത്രധാരണം പട്ടണത്തിൽ പോകണം. വിരുന്ന് കഴിക്കണം. മദ്യപിക്കണം. നൃത്തത്തിൽ പങ്കെടുക്കണം. ഒടുവിൽ ഭർത്താവോടൊന്നിച്ച് ക്ഷീണിച്ച് വീട്ടിലെത്തണം.

ബുദ്ധിമാനായ ഭർത്താവിന് പ്രേമം സൃഷ്ടിക്കുവാൻ കഴിയും എന്ന് മനഃശാസ്ത്രജ്ഞന്മാർ കരുതുന്നു. ഇതിനല്പം ഭാവനാപരമായ ശ്രമമാവശ്യമാണ്. എന്ന് മാത്രം ചിലക്ക് അല്പം ഷാംപെയിൻ, മററു ചിലക്ക് ഒരു സമ്മാനം, വേറെ ചിലക്ക് ഒരു വിരുന്നുസല്ക്കാരം, അല്ലെങ്കിൽ പുറത്ത് ചിലവഴിക്കുന്ന ഒരു സുന്ദരൻ സായാഹ്നം ഇതൊക്കെയാവാം.

ഭർത്താക്കന്മാർ അതൃപ്തരാവാനോ മുറിയിലെ വെളിച്ചം ഭാര്യയെ അലോസരപ്പെടുത്തുന്നതാവാം. അല്ലെങ്കിൽ [illegible]ത്തിലുള്ള ശബ്ദമാവാം. എന്നാൽ ഒരു പുരുഷനെ സംബന്ധിച്ചിടത്തോളം തന്റെ "കാമ"ത്തിൽനിന്ന് പിൻതിരിപ്പിക്കുവാൻ തോക്കിന്റെ കുഴലിനുപോലും സാദ്ധ്യമല്ലെന്ന് ഡാ: മാരിയോൺ ഹഗ്ളയാർഡ് കരുതിയിരുന്നു.

മനഃശാസ്ത്രജ്ഞന്റെ ഡയറിയിൽനിന്നു മറെറാരുകഥ ഒരുവൻ തന്റെ ഭാര്യയുടെ ഭാവനയിലുള്ള ഭയം മാററാനായി ഒരു വലിയ പൂട്ട് വാങ്ങി അതു് കിടക്കമുറിയിലിട്ട് പൂട്ടിയിരുന്നു അതോടെ ഭാര്യയുടെ പരിഭ്രമവും നീങ്ങി.

പുരുഷന്മാർ സെക്സിന്റെ കാര്യത്തിൽ ഇത്ര വിഷമമുള്ളവരല്ല. പുരുഷന്റെ കാമമുണരുവാൻ പാൽക്കട്ടി, ഫോട്ടോകൾ, സ്ത്രീയുടെ നഗ്നസൗന്ദര്യത്തിന്റെ, രേഖാചിത്രങ്ങൾ ടി. വി. യിലോ, ഫിലിമിലോ കാണുന്നവ. അശ്ളീ

(ശേഷം 48-ൽ)

കഥ

പ്രാവ്

രഘുനാഥ് പലേരി

അഴികളില്ല എന്നുള്ളതു് ജനാലയുടെ ഒരു പ്രത്യേകതയായിരുന്നു. അതുകൊണ്ടുതന്നെ അകലത്തിൽ സംഭവിക്കുന്നതെന്തും വ്യക്തമായി കാണിച്ചുതരുവാൻ ജനാലയ്ക്കു കഴിഞ്ഞിരുന്നു. എന്റെ ഏക സുഹൃത്ത്, വിശാലഹൃദയൻ.

എന്റെ സുഹൃത്തായ ജനാലയുടെ ചുമലും ചാരി ഞാനെന്നും സന്ധ്യക്ക് നില്ക്കും. കെട്ടിടത്തിന്റെ ഏററവും മുകളിലായതുകൊണ്ട് ജനാല എന്നും നല്ല കാഴ്ചയാണ് എനിക്കു കടംതരാറുള്ളതു്. കടം തിരിച്ചുനൽകാനായി, എന്തെങ്കിലും കാഴ്ചകൾ ജനാലയ്ക്കു തിരിച്ചുനൽകണമെന്ന വസ്തുത എന്നെ അലട്ടാറില്ല. ചുകന്ന ചുണ്ടുകളുള്ള പ്രാവുകളാണ് ജനാലയ്ക്കൽവരുന്ന എന്റെ അതിഥികൾ. ചിലപ്പോൾ അവരിലാരുടെയെങ്കിലും ചുണ്ടിൽ പച്ചനെല്ലിന്റെ ഒരു കതിരുണ്ടാവും. അവരുടെ തൂവലുകളിൽ മഴവില്ലൊളിച്ച മഴത്തുള്ളികളുണ്ടാവും. ഒരിക്കൽ ഞാനവയോടു ചോദിക്കയുണ്ടായി.

നിങ്ങളെവിടെനിന്നാണ് വരുന്നതു്? എന്റെയും, എന്നെ തടവുകാരനാക്കിയ പെൺകുട്ടിയുടെയും മനസ്സുകളിലെ തുറന്നുവെച്ച കൂടുകളിൽനിന്നുമാണോ, ഗന്ധർവ്വന്മാരെ പ്രതീക്ഷിക്കുന്ന അപ്സരസ്സുകളുടെ സന്ദേശങ്ങളിൽനിന്നുമാണോ. ആർക്കാണീ നെൽക്കതിരുകൾ? ആർക്കുവേണ്ടിയാണീ മഴത്തുള്ളികൾ?

പ്രാവുകളുടെ ഭാഷ എനിക്കു മനസ്സിലാ

വാറില്ല. അവ ഏറെനേരം ജനാലയ്ക്കൽ നിൽക്കുന്നു. കുറുകി അവിടെയും ഇവിടെയും നടക്കുന്നു. അന്യോന്യം തൂവലുകൾ കൊത്തിമിനുക്കുന്നു. ഒടുവിൽ കണ്ണുകൾക്കിറങ്ങിച്ചെല്ലുവാൻ സാധിക്കാത്ത ആകാശങ്ങളിൽ പറന്നകലുന്നു. പിന്നീട് പ്രതീക്ഷിക്കാത്ത മുഹൂർത്തങ്ങളിൽ വീണ്ടും അതിഥികളാവുന്നു.

പ്രാവുകളുടെ ചിറകടിശബ്ദം അസഹ്യമായതുകൊണ്ടാവണം അടുത്ത മുറിയിലെ പ്രദീപ് ചക്രവർത്തി പറയുകയുണ്ടായി.

“ആ ജനവാതിൽ നിങ്ങൾക്കൊരു ശാപമാണ്.”

“പ്രാവുകളെ ചക്രവർത്തിക്ക് ഇഷ്ടമല്ലേ.”

“ഇഷ്ടമാണ്. അതിന്റെ ഭംഗിയല്ല. മാംസം.”

“അതിന്റെ ചുകന്ന ചുണ്ട് കാണുമ്പോൾ, തൂവലുകളിലെ മഴത്തുള്ളികൾ കാണുമ്പോൾ നിങ്ങൾക്കവയെ എങ്ങിനെ കൊല്ലുവാൻ തോന്നുന്നു.”

“ഞാനതൊന്നും കാണാറില്ല എന്നുള്ളതാണ് വാസ്തവം.”

ജന്മദേശത്തുനിന്നും മൈലുകൾ കടന്ന് സൌന്ദര്യം ആസ്വദിക്കുവാൻ വന്നവനാണ് പ്രദീപ് ചക്രവർത്തി. കൂടെ ഗവൺമെൻറു നൽകിയ ഒരു ഗൈഡും. നഗരത്തിലെ എല്ലാ വശങ്ങളും അവൻ കണ്ടുകഴിഞ്ഞു. നാളെ യാത്രതിരിക്കും. ഒരു പത്തുവർഷം കഴിഞ്ഞാൽ ഒരിക്കൽകൂടെ നഗരം തേടിവരും. ഇന്നലെ ഒരു ചെറിയ ഗ്ലോബുമായി പ്രദീപ് ചക്രവർത്തി എന്നെക്കാണുവാൻ വന്നിരുന്നു. ഭൂഗോളമാതൃക ഒന്നു കറക്കി അവൻ പറഞ്ഞു.

“ഇനി ഞാൻ കാണാത്ത രാജ്യങ്ങൾ വളരെ ചുരുക്കമാണ്.” എന്നിലെ അത്ഭുതം അപ്പോഴും വററിയിരുന്നില്ല. പ്രാവുകളുടെ ചിറകടിശബ്ദം അസഹ്യമായ ചക്രവർത്തി എന്തു സൗന്ദര്യമാണ് ഈ നഗരത്തിൽ കണ്ടെത്തിയത്.

ഇന്നലെ രണ്ടുതവണ എന്റെ സ്റ്റെനോയും ഫോണിൽ വിളിക്കുകയുണ്ടായി. നിങ്ങൾക്കാസ്ഥലം പററിയതല്ല. വരൂ, നല്ലൊരു സ്ഥലം ഞാൻ കണ്ടുപിടിച്ചുതരാം. ആ പ്രാവുകൾ നിങ്ങൾക്കൊരു തലവേദനയായിരിക്കും. ഈ വാശി കളയൂ. ഈ വാശിക്ക് ഭംഗിയല്ല.

എന്നിലെ അത്ഭുതത്തിന് ഒരിക്കലും മരണമില്ലെന്നു തോന്നുന്നു. ഒരു സ്റ്റെനോയ്ക്ക് തന്റെ ബോസിനെ സ്നേഹിക്കുവാൻ കഴിയുമോ. അതും ഒരു കുഞ്ഞിന്റെ അച്ഛനെ. കുഞ്ഞിനെ സ്വന്തമാക്കുവാൻ കാത്തിരിക്കുന്ന അച്ഛനെ.

മുറിയുടെ വാതിൽ തുറന്നുകിടന്നതുകണ്ടിട്ടായിരിക്കാം ചക്രവർത്തി മുറിയിൽ വന്നത്. കയ്യിൽ ഏതോ ഇംഗ്ലീഷു മാസിക. വിടർന്ന മുഖത്ത് തിളക്കമുള്ള കണ്ണുകൾ. കണ്ണുകളിലെ തിളക്കത്തിന് കറുത്ത വേദനയുടെ തെളിമ. ജനലിനു പുറംതിരിഞ്ഞ് ഇരിക്കുകയായിരുന്നു ഞാൻ. എന്റെ തോളിൽ അപ്പോഴും ഒരു വെളുത്ത പ്രാവുണ്ടായിരുന്നു. പ്രാവു കുറുകിക്കൊണ്ടിരുന്നു. വാതിൽ പതിയെ ചാരി എന്നിൽനിന്നും അകലത്തിലായി, കസേരവലിച്ചടുപ്പിച്ച് ചക്രവർത്തി അതിലിരുന്നു. കുറുകിക്കൊണ്ടിരുന്ന പ്രാവിനെ അവൻ ഭീതിയോടെ നോക്കിക്കൊണ്ടിരുന്നു. ചുവന്ന കൊക്കുകൊണ്ട് കഴുത്തിൽ പതിയെ നുള്ളി നോവിച്ച് ഒരു പരിഭവചാതുരിയോടെ പ്രാവ് ജനലിലൂടെ പറന്നുപോയി. ചക്രവർത്തിക്ക് ആശ്വാസമായെന്നു തോന്നുന്നു. ചക്രവർത്തി സംസാരിക്കുവാൻ തുടങ്ങി.

“നിങ്ങൾ ഇവിടെ എത്രദിവസം താമസിക്കും.”

“ഒരുദിവസംകൂടി”

എവിടെയൊക്കെ സന്ദർശിച്ചു”

“ഞാൻ സന്ദർശകനല്ലല്ലോ”

“പിന്നെ”

“നിങ്ങളല്ലേ അതിഥികൾ. സന്ദർശകർ ഞാൻ വെറും ആതിഥേയൻ”

“പക്ഷേ, ഇതു ടൂറിസ്റ്റുകൾ താമസിക്കുന്ന സ്ഥലമല്ലേ”

“എനിക്കവരെ പരിചയമില്ല. ഏതു ടൂറിസ്റ്റുകൾ”

“എന്നെപ്പോലെയുള്ളവർ”

ചക്രവർത്തി ചിരിക്കുവാൻതുടങ്ങി. ഇന്നലെ ഒരു ചുകന്ന കമ്പിളിയിൽ ദേഹം പൊതിഞ്ഞ് ഏതോ വിദേശപ്പുകയില നിറച്ച ഹുക്കവലിച്ച് എന്നെ പരിചയപ്പെടുവാൻവന്നപ്പോഴും ചക്രവർത്തി ഇങ്ങനെയായിരുന്നു ചിരിച്ചത്. എന്റെ വസ്തുക്കൾ അടുക്കിവെയ്ക്കുകയായിരുന്നു, മന്ദിരത്തിലെ ജോലിക്കാരൻ ചക്രവർത്തിയോട് പരിചയംനടിക്കുകയുണ്ടായി.



“സാബ് എല്ലാവർഷവും ഇവിടെ വരുന്നുണ്ടല്ലോ” ചക്രവർത്തി അപ്പോഴും ചിരിച്ചുകൊണ്ടിരുന്നു. ചിരി നിലയ്ക്കുമ്പോഴേയ്ക്കും ജോലിക്കാരൻ സ്ഥലംവിട്ടിരുന്നു.

“അയാൾ പറഞ്ഞതു ശരിയാണോ”

“അതെ”

“ഇവിടെ ഇത്രമാത്രം എന്തെങ്കിലും കാണാനുണ്ടോ”

“ഉണ്ട് വളരെയേറെ. കാണാൻ മാത്രമല്ല. കണ്ടുപിടിക്കാനും” വളരെനേരത്തെ മൗനമായിരിക്കണം ചക്രവർത്തിയുടെ ചിരി മായ്ച്ചുകളഞ്ഞത്. സംസാരിക്കുന്നതിനുപകരം ഏതോ മാസികയിലെ ചിത്രങ്ങൾ തിരയുവാൻ തുടങ്ങി ചക്രവർത്തി.

“ആർക്കുവേണ്ടിയാണ് രണ്ടു ടിക്കററുകൾ വാങ്ങിയത്.”

“എനിക്കും എന്റെ മകൾക്കും.”

“മകളെവിടെ. കണ്ടില്ലല്ലോ.”

“വരും. നാളെ.”

പുറത്ത് പ്രാവുകൾ കുറുകി. ചക്രവർത്തിക്ക് ഭയമായി.

“അവററ ഇതിനുള്ളിലേക്കു വരുമോ.”

“നിങ്ങളെ ഉപദ്രവിക്കില്ല.”

ചക്രവർത്തി യാത്രപറയവെ വാതിൽക്കലോളം ഞാൻ ചെന്നു. കൈകുലുക്കി, പുറംകൈയ്യിൽ ഉമ്മ നൽകി സ്വന്തം മുറിയിലേക്കു തിരിക്കവെ ചക്രവർത്തി പറഞ്ഞു.

“നാളെ ഞാനും യാത്രയാവും. തനിച്ചല്ല. എന്റെ പുതിയ പ്രാവുമൊത്ത്.”

“നല്ലതുവരട്ടെ.”

കോടതിവരാന്ത ശൂന്യമായിരുന്നു. ഞങ്ങളുടെ ദാമ്പത്യത്തിന്റെ തിരശ്ശീലവീഴുന്നതു കാണാൻ ആരും ഇഷ്ടമില്ലെന്നു തോന്നുന്നു. ന്യായാധിപന്റെ അരികിൽ ഒരു കൂട്ടിൽനിന്നും എന്റെ മകളുടെ കരച്ചിൽ എന്നെ തേടിയെത്തികൊണ്ടിരുന്നു. എന്നെ കാണണ്ടതാമസം അവളുടെ നിലവിളി അധികരിച്ചു.

എനിക്കു നല്ലൊരു ഇരിപ്പടം കിട്ടിയതു സ്റ്റെനോയുടെ മിടുക്കുകൊണ്ടായിരുന്നു. കരയുവാൻ ഭാവിച്ച എന്റെ കണ്ണുകളെ അവൾ വാക്കുകൾകൊണ്ടു തടഞ്ഞു.

"വിഷമിക്കരുതു്. നിങ്ങൾക്കു മകളെ കിട്ടും."

അവൾ പറഞ്ഞതു് ഒരു നല്ല സത്യമായിരുന്നു. ന്യായാധിപന്റെ ആദ്യത്തെ ചോദ്യംതന്നെ എന്നെ ഭയപ്പെടുത്തി. മകളുടെ നേരെ വിരൽ ചൂണ്ടി, വാൾ കുലുക്കി ഉള്ളുന്ന രൂപംപോലെ ന്യായാധിപൻ ചോദിച്ചു.

"കുട്ടിക്കു് ആരുടെകൂടെ പോകണം. അച്ഛന്റെയോ, അമ്മയുടെയോ."

എന്റെനേരെ വിരൽചൂണ്ടി അവൾ ശബ്ദത്തിൽ കരയുവാൻ തുടങ്ങി.

പ്രാവുകളിൽനിന്നും യാത്ര പറഞ്ഞു് പുതിയ സങ്കേതംതേടി യാത്രതിരിക്കവെ മോൾ വളരെയേറെ സന്തോഷവതിയായി മാറിയിരുന്നു. അമ്മയായി മാറിയ സ്റ്റെനോയുടെ കൈവിരലുകൾ അവൾ വലിയ പ്രതീക്ഷയുള്ള സുരക്ഷിതത്വത്തോടെ പിടിച്ചിരുന്നു.

ആദ്യം വന്ന വിമാനത്തിൽ കയറുവാനായി ലോണിൽനിന്നും ശബ്ദത്തിൽ പടികളിറങ്ങി ഓടിവന്ന സന്ദർശകരുടെ കൂട്ടത്തിൽ ഞാൻ ചക്രവർത്തിയെ കണ്ടു. ചക്രവർത്തിയുടെ ചുമലിൽ ചുമൽചായ്ച്ചു നടന്നുനീങ്ങിയ എന്റെ സുന്ദരിയായ പഴയ പ്രാവിനെയും. അവളെ കണ്ടിട്ടും എന്റെ മകൾ മമ്മീ, എന്നു വിളിച്ചില്ല. അവൾ അത്ഭുതത്തോടെ, ചക്രവർത്തിയെ ഉററു നോക്കി, എവിടെനിന്നോ ഓടിവരുന്ന ഒരു വലിയ കരച്ചിലിനു പൂർണ്ണതനൽകാൻ ബദ്ധപ്പെടുന്ന എന്റെ സ്റ്റെനോയെ, ഇമവെട്ടാതെ നോക്കിനിൽക്കുകയായിരുന്നു.

—*—

(18-ൽ നിന്നു തുടർച്ച)

ശക്തി യഥാർത്ഥമാണെന്നു് തെളിയിക്കുന്ന പരീക്ഷണം. നരസിംഹറാവു ഇവിടംകൊണ്ടു നിൽക്കില്ല. പേരച്ചടിച്ചു കാണാനുള്ള ചില മനുഷ്യരുടെ മോഹത്തിനു് അറുതിയില്ല. യുക്തിവാദികൾ അതുകൊണ്ടു് റാവുവിനെ കണ്ടാൽ ഒരു ലക്ഷം പിരിവിനു് സഹായിക്കും. വെല്ലുവിളി പുനരാരംഭിക്കുന്നതിനു് മുമ്പു് ഒരുലക്ഷം ഉണ്ടാക്കുക.

* മൈസൂറുകാരൻ റാവുവിനു് വേണ്ടി രണ്ടുതുള്ളി കണ്ണുനീർ. പാവം. ജയിച്ചാൽ പണം കിട്ടുമെന്നുറപ്പു വരുത്താതെ ആയിരം രൂപ കൊണ്ടു പോയി കളഞ്ഞു. ഇത്തരം വിഢികളുടെ പണം കോവൂരിനു് കിട്ടിയില്ലെങ്കിൽ വേറെ വല്ലവർക്കും കിട്ടും. ബുദ്ധിയില്ലാത്തവന്റെ മുതൽ നന്ദിയില്ലാത്തവൻ തിന്നും!

വായിച്ചിരിക്കേണ്ട
പുസ്തകങ്ങൾ

1. ദാമ്പത്യ ജീവിതശാസ്ത്രം വില രൂ. 1-50, 2. സന്താനനിയന്ത്രണം (ഫാമിലിപ്ലാനിംഗ്) വില രൂ. 1-50, 3. രഹസ്യലൈംഗിക രോഗങ്ങളും നിവാരണമാർഗ്ഗങ്ങളും വില രൂ. 1-50, 4. സ്വർണ്ണമാല (വല്ലച്ചിറ മാധവൻ എഴുതിയ നോവൽ) വില രൂ. 2-50.

പുസ്തകങ്ങൾ V. P. ആയി അയച്ചുകൊടുക്കുന്നതാണു്. തപാൽചിലവു് രൂ. 2 വസൂലാക്കും. കൂടുതൽ വിവരങ്ങളടങ്ങിയ കാററ്ലോഗ് ആവശ്യമുള്ളവർ 50പൈസ സ്റ്റാമ്പു് അയക്കുണം.

DAB AGENCIES
Kodimatha. Kottayam,
KERALA.

ഒരു മനുഷ്യായുസ്സുമുഴുവൻ നെടുവീർപ്പിട്ടു് അന്യോന്യം സ്വപ്നം കണ്ടു് ജീവിച്ച രണ്ടു് മനുഷ്യജീവിതങ്ങളുടെ കോരിത്തരിപ്പിക്കുന്ന കഥ

വിനുവിന്റെ
'നാംതമ്മിലെത്രദൂരം'

മലയാളനാട്ടിൽ
ഉടൻ പ്രസിദ്ധീകരണമാരംഭിക്കുന്നു.

ഉമ്മറത്തെത്തിയ മധുവിന്റെ ടോർച്ചു് അവരുടെ ദേഹത്തിൽപ്പതിഞ്ഞു.

കണ്ടതു പാതി, കാണാത്തതു് പാതി— മധു മുന്നോട്ടോടി. പിന്നാലെ ദേവി. വിളക്കുമായി അമ്മ അതിനും പിൻപേ.

കോമൻനായർ അറിയിച്ചു: "ഭാഗ്യം! ടിന്നു് തൊറന്നു്ട്ടില്ല്യ. അപ്പളക്കും ഞാനെത്തി."

കോമൻനായർ ടിന്നു് നീട്ടി.

മധു മാലിനിയുടെ കൈവണ്ണ പിടിച്ചപ്പോഴേയ്ക്കും ദേവി ടിന്നു വാങ്ങി.

ദേവി അത്ഭുതപ്പെട്ടു: "ഇതു് ഇത്ര വല്ല്യ വെഷാ?"

കോമൻനായർ തലയ്ക്കു് കൈയൂന്നിപ്പറഞ്ഞു: "വെഷാണെന്നോ! ഇപ്പളത്തെക്കാലത്തെ കുട്ട്യോളുടെ ഒരു പുത്തി!"

ഇതിനിടയിൽ ദേവി കളപ്പുരയുടെ ഇരുട്ടിൽ മറഞ്ഞു് ഒരു നിമിഷത്തിനകം വീണ്ടും തിരിച്ചുവന്നു; സാരിത്തുമ്പുവലിച്ചു് പുതച്ചു. അപ്പോഴേയ്ക്കും മററുള്ളവരെല്ലാവരും വീട്ടിലേയ്ക്കു് നടന്നു തുടങ്ങിയിരുന്നു.

മധുവിന്റെയും ദേവിയുടേയും കണ്ണുകളിടഞ്ഞു. ഈ ആശയവിനിമയത്തിനു് നേതൃത്വം വഹിച്ചതു് ദേവിയാണു്.

അമ്മ കോമൻനായരോടപേക്ഷിച്ചു "പൊറമേ ഒരു ചെവീം അറിയല്ലേ, മൂപ്പരേ."

കോമൻനായർ ആവർത്തിച്ചാവർത്തിച്ചു് ഉറപ്പു കൊടുത്തു അക്കാര്യം. "ഇന്റെ ചിരുതേയ്യാണു് സത്യം ഞാനാരോടും പറേണ്ല്ല്യ."

സി. രാധാകൃഷ്ണന്റെ നോവൽ അവസാനിക്കുന്നു

പ്രേയസി

അമ്മ മാലിനിയെ അണച്ചു കഴിഞ്ഞിരുന്നു: "ഓ ഇന്റെ മോളെ!..."

അന്തംവിട്ടുനില്ക്കുന്ന മധുവിനോടു് ടിന്നുയർത്തി ദേവി ആരാഞ്ഞു: "ഇതെവിട്യാ, വെച്ചു്ാ?"

കോമൻനായർ കളപ്പുര ചൂണ്ടിക്കാട്ടി: "അവിടെ—അതിനൊരു പൂട്ടുണ്ടാക്കാൻ എത്ര കാലായി ഞാൻ വിചാരിക്കണു! ഭഗവതീ, നീയു് കാത്തു."

അമ്മ മാലിനിയുടെ വായ മണത്തുനോക്കി, സംശയത്തോടെ.

കോമൻനായർ തീർത്തും പ്രഖ്യാപിച്ചു: "ഇല്ല്യ ഇപ്പൊ അബദ്ധൊന്നും പററീട്ട്ല്ല്യ." കൂട്ടിച്ചേർക്കുകയും ചെയ്തു: "ഇങ്ങന്യാച്ചാൽ ചെറും, എന്തെങ്കിലും നെലയ്ക്കു് സൂക്ഷിച്ചോളണേയ്."

മുറിയിൽ, മൂക്കത്തു് വിരലുംവെച്ചു് തരിച്ചിരിക്കുന്ന മധുവിന്റെ അമ്മയുടെ അരികിൽ, കട്ടിലിൽ മാലിനി കമിഴ്ന്നു കിടന്നു് തേങ്ങി.

അമ്മ പേർത്തും പേർത്തും അത്ഭുതപ്പെടുകയായിരുന്നു: "ഞാൻ പിന്നീം പിന്നീം അതന്ന്യാ നിരീക്കണതു്; എന്തിനേ മോളേ നീയീ വിഡ്ഢിക്കേടു് കാട്ടാൻ ഒരുങ്ങീതു്!"

എന്തെങ്കിലും മറുപടി പറയാൻ കഴിയുന്ന ഒരു അവസ്ഥയിലായിരുന്നില്ല മാലിനി.

മധു മുകളിലെ മുറിയിൽച്ചെന്നു് ക്ഷീണിതനായി കട്ടിലിൽ വീണു. ചെരിഞ്ഞുവീഴുന്ന നിലാവു് മുഖത്തടിക്കാതിരിക്കാൻ മലർന്നു് നീങ്ങിക്കിടന്നു. ടോർച്ചു് തലയിണയ്ക്കരികിൽ വെച്ചു. കൈകൾ മാററത്തു് പിണച്ചുകെട്ടി. പക്ഷേ, കണ്ണടയ്ക്കാൻ കഴിയുന്നില്ല.

ദേവി താഴത്തെ മുറിയിൽ കടന്നു് വാതിൽ പതുക്കെച്ചാരി സാക്ഷ ശബ്ദമില്ലാതെ നീക്കി. വിളക്കിന്റെ തിരി കുറച്ചൊന്നു് നീട്ടി.

ജനലടച്ചു, മെല്ലെ.

പുതച്ചസാരിത്തുമ്പു മാററി ബ്ലൌസിന്നടിയിൽ നിന്നു് ടിന്നു് എടുത്തു വിളക്കിനടുത്തു് കൊണ്ടുചെന്നു് ടിന്നിന്മേലെഴുതിയതു് വായിച്ചു.

ടിന്നും കയ്യിൽപ്പിടിച്ചു് നിവർന്ന ദേവിയുടെ മുഖം ശാന്തമായിരുന്നു. ആശ്വാസത്തിന്റെ ഒരു പ്രപഞ്ചം മുഴുവൻ അവളുടെ കണ്ണുകളിൽ അപ്പോൾ ഉണ്ടായിരുന്നു.

തുറന്ന ടിന്നു് ചുണ്ടോടടുപ്പിക്കുമ്പോൾ കൈ കുറേശ്ശ വിറയ്ക്കുന്നുണ്ടായിരുന്നു. അരുചി സഹിക്കാനാവാതെ ഓക്കാനം വന്നു. മൂക്കു പിടിച്ചു് മുഴുവൻ കുടിച്ചു.



നെഞ്ഞുഴിഞ്ഞു് പണിപ്പെട്ടു് ഛർദ്ദിയടക്കി ടിന്നു് മുറിയുടെ മൂലയിൽവെച്ചു.

മുഖത്തു് ചാരിതാർത്ഥ്യത്തിന്റെ പുഞ്ചിരി വിരിഞ്ഞു. നെററിയിൽ വിയർപ്പു് പൊടിഞ്ഞു.

വാതിൽ പതുക്കെത്തുറന്നു് പുറത്തു കടന്നു.

വളരെപ്പണിപ്പെട്ടു് തപ്പിപ്പിടിച്ചു് ദേവി കോണി കയറി.

അവൾ മധുവിന്റെ മുറിയുടെ വാതില്ക്കലെത്തിയപ്പോൾ കിഴക്കേ ജനലിന്നപ്പുറത്തു് പ്രഭാതം പൊട്ടിവിടരുന്നുണ്ടായിരുന്നു.

വയറമർത്തി വേദനയടക്കി ദേവി കട്ടിലിന്നരികിലെത്തി. ആ യാത്ര ശ്രമകരവും വളരെ നീണ്ടതുമായിരുന്നു.

കണ്ണു തുറന്ന മധു ദേവിയുടെ വിവശത കണ്ടു് പിടഞ്ഞെണീററു: "ദേവീ!"

കിതപ്പടക്കി ദേവി പുഞ്ചിരിച്ചു. "ചേട്ടാ!"

കുഴഞ്ഞുവീഴാൻ പോയ ദേവിയെ മധു കൈകളിൽ താങ്ങി.

ദേവിയുടെ പുഞ്ചിരി വിടർന്നു:

"ഒരു ഉമ്മ തരൂ, ചേട്ടാ! ഒരൊററത്തവണ—ഇനി ഞാൻ ചോദിക്കില്ല്യ—"

മധു ആർത്തിയോടെ ദേവിക്കൊരു ഉമ്മ കൊടുത്തു. വിഷവാതകഗന്ധമേററു് ഞെട്ടി ഉറക്കെ വിളിച്ചു നിലവിളിച്ചു: "അമ്മേ! —അമ്മേ!"

അടുത്ത ക്ഷണത്തിൽ വാടാത്ത പുഞ്ചിരിയോടെ, ദേവിയുടെ കണ്ണുകൾ എന്നന്നേക്കുമായി അടയുന്നതു് മധു കണ്ടു. അവളുടെപേർ ദേവിയെന്നായിരുന്നു.



പിതാമഹൻ II പതിനെട്ട്

വി കെ എൻ

കോൺഗ്രസ്സ്, കോൺഗ്രസ്സ് എന്നാണ് തീവ്രവാദിസംഘടനയുടെ അവാന്തരവിഭാഗത്തിൽപെട്ടവർ അക്കാലത്ത് വെള്ളക്കാരെ കൈബോംബെറിഞ്ഞ് വധിക്ക പതിവായിരുന്നു. അതിനാൽ ഇവരെ ഭയന്ന്, വളരെ രഹസ്യമായാണ് വൈസ്രോയി വന്നത്. ആനുഷംഗികമായി പറഞ്ഞാൽ, ഉലക്കയുടെ ചുററുപോലെ രണ്ടററത്തും ഓരോ എഞ്ചിൻ ഘടിപ്പിച്ച ഒരു പ്രത്യേക തീവണ്ടിയിൽ ശബ്ദമല്ലാതെ സഞ്ചരിച്ചാണ് ഹിസ് എക്സല്ലൻസി ദ ഡ്യൂക്ക് ഓഫ് കൊണാട്ട്, വൈസ്രോയി ഓഫ് ഇന്ത്യാ പത്നിയും സർ കഞ്ഞിരാമനും സമേതനായി എറണാകുളം സൌത്തിൽ അർദ്ധരാത്രിയ്ക്ക് നിലത്തിറങ്ങിയത്.

വാദത്തിനുവേണ്ടി തീവ്രമായവർ ഉണരുമെന്നതിനാൽ ആചാരവെടികൾ ഒന്നുമുണ്ടായില്ല. ഗാർഡ് ഓഫ് ഓണറും തഥൈവ.

ഹസ്തദാനങ്ങളും ആശ്ലേഷണചുംബനാദികളും കഴിഞ്ഞ്, ചുകന്ന പരവതാനിയിലൂടെ മാർജ്ജാരനിർവ്വിശേഷമായ ശബ്ദകോലാഹലത്തോടെ നടന്ന്, സ്റ്റേഷനുപുറത്തുകടന്ന്, സംഘം ബാരക്കകളിൽ പോയി ഉറങ്ങിക്കിടന്ന പട്ടാളക്കാരുടെ അണികളെ പരിശോധിച്ചു.

സർ ചാത്തു കോണാടന്റെ പ്രകൃതിയെ സൂക്ഷിച്ചുനോക്കി. നിരാശയായി. പിശാച് രക്തം വാർത്തുകുടിച്ചതുമാതിരിയുണ്ട്. പട്ടവൃദ്ധ. അയ്യർ എന്ന രാമസ്വാമി തള്ളയുടെ ബാക്കി നീരും സേവിച്ചിരിക്കുന്നു.

പ്രത്യേകം സജ്ജമാക്കിയിരുന്ന കൊട്ടാരത്തിൽ തമ്പ്രാട്ടികളെ ഉറങ്ങാൻവിട്ട് സർ ചാത്തുവും സർ കഞ്ഞിരാമനും മുൻചൊന്നവന്റെ വസതിയിലേയ്ക്കു പോയി. വഴിയ്ക്ക് സർ. കെ. ചോദിച്ചു.

ഡാ ചാത്തൂ, എല്ലാം ശരിപ്പെടുത്തിയില്ലേ? സംഖ്യയല്ലേ?

അതെ.

അവസാനത്തെ പൈപവരെ ശരിപ്പെടുത്തിയിട്ടുണ്ട്.

എക്കൗണ്ടന്റ് ജനറൽ സർട്ടിഫൈ ചെയ്തോ, ഖജനാവ് കാലിയാണെന്ന്?

ചെയ്യിച്ചു.

നീചൻ വല്ലതും ചോദിച്ചോ?

ഇരുപത്തഞ്ചുറുപ്പികയ്ക്ക് പിശകി.

ഇരുപത്തഞ്ചുറുപ്പികയോ?

ഒടുവിൽ, പത്തിലൊതുക്കി:

ദരിദ്രവാസി!

അറുചെററ!

പിറേറന്നു കാലത്ത് വൈസ്രോയന്റെ ഔദ്യോഗികപരിപാടികൾ മുദ്രണംചെയ്ത ഒരു കാർഡ് സർ ചാത്തു കോണാടനു സമ്മാനിച്ചു.

പ്രാതൽ കഴിഞ്ഞ് ഉച്ചവരെ — വിശ്രമം.

ഒരുമണിയ്ക്ക് ലഞ്ച്.

മൂന്നുവരെ വിശ്രമം.

മൂന്നരയ്ക്ക് നഗരസഭയുടെ വക പൌരസ്വീകരണം.

നാലരയ്ക്ക് നിയമസഭയിൽ പ്രസംഗം.

എട്ടുമണിയ്ക്ക് ഡിന്നർ.

പുലരുംവരെ നിദ്ര.

ശുക്രനുദിച്ചാൽ കപ്പലിൽ ബിലാത്തിയ്ക്ക് യാത്ര.

എഴര പാട്ടന്മാർ നമ്മെ കാണുന്നില്ലേ? — വൈസ്രോയി ചോദിച്ചു.

ഫെഡറൽ കോടതിയിൽ കേസ്സ് ഫയലാക്കിയസ്ഥിതിയ്ക്ക് നാം അനുമതി നിഷേധിച്ചു — സർ ചാത്തു പറഞ്ഞു.

നന്നായി. എന്നാൽ പ്രാതൽ കഴിക്കയല്ലേ?

അതെ.

അപ്പം വെട്ടിവിഴുങ്ങി.

ലഞ്ചിനുമുമ്പുള്ള ഇടവേളയിൽ സർ കഞ്ഞിരാമൻ ചാത്തുവിനോട് ചോദിച്ചു.

ചീതക്കുട്ടിയെ കാണാറില്ലേ?

വിശുദ്ധപ്രണയമാണല്ലോ — സർ ചാത്തു പറഞ്ഞു — അപ്പോൾ ഇടക്കൊരിക്കൽ പോകാതെ പററുമോ?

വിഷയാനുക്രമണിക?

അതുമുണ്ട്.

ലേഡി ഷാററ് സംശയിക്കുന്നുണ്ടോ?

സർ ചാത്തു ചിരിച്ചു.

അവളുടെ ധാരണ താനാണ് ചീതക്കുട്ടിയെന്നാണ്.

നീ ഭാഗ്യവാനാണെടാ ചാത്തു. ഇതിനൊക്കെ പുറമെ ലോയഡ് ജോർജ്ജ് പ്രധാനമന്ത്രിയായി വരികയുമായി.

സർ സി ഒന്നും പറഞ്ഞില്ല.

ലഞ്ചും വിശ്രമവും കഴിഞ്ഞ് മൂന്നുമണിക്കെഴുന്നേററ് വൈസ്രീനും ഭർത്താവും ഡ്രസ്സ് ചെയ്തു. നഗരസഭാഹാളിലേയ്ക്ക് ഓടിച്ചുപോയി.

ചെയർമാൻ മംഗളപത്രം വായിച്ചു.

സായ്പ് മറുപടി പറഞ്ഞു.

എന്നാൽ, എല്ലാ അവസരത്തിലെയും പോലെ, അന്നത്തെയും അവസാന വാക്ക് സർ ചാത്തുവിന്റേതായിരുന്നു. അദ്ദേഹം പറഞ്ഞു:

കോണാടൻ തല്ക്കാലം ബിലാത്തിയ്ക്ക് പോകുന്നേയുള്ളൂ. പണത്തിന് ബുദ്ധിമുട്ട് വന്നാൽ അദ്ദേഹം തിരിച്ച് കൊച്ചിയിൽ വരുന്നതായിരിക്കും, അതുകൊണ്ട് ബാധ ഒഴിഞ്ഞെന്ന് ആരും ധരിച്ചുപോകരുത്.

കാണികളുടെ കരഘോഷത്തിൽ കോണാടനും പങ്കുചേർന്നു.

ഓവർ ടു ദി അസംബ്ലി.

നിയമസഭയിൽ സാമാജികന്മാർക്ക് മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂ. സന്ദർശകഗ്യാലറികൾ ഒഴിഞ്ഞുകിടന്നു.



വിശിഷ്ടാതിഥികൾ സിംഹാസനങ്ങളിലിരുന്നപ്പോൾ സ്പീക്കർ ചെന്താമരപിഷാരടി എഴുന്നേററു.

പൂവൻ പഴമംഗലംതൊട്ട് മൂന്ന് പ്രതിപക്ഷാംഗങ്ങളെ നോക്കി അദ്ദേഹം പറഞ്ഞു:

വൈസ്രോയവർകളെ വരവേല്ക്കാൻ മാത്രമാണ് ഈ പ്രത്യേകസമ്മേളനം. ചോദ്യോത്തരവേളയില്ല. സഭാനേതാവ് കൂടിയായ പ്രധാനമന്ത്രി ഒരു പ്രസംഗംചെയ്യുന്നതും സായ്പ് അതിനു മറുപടി പറയുന്നതുമായിരിക്കും. ആരും ഇടപെട്ടു സംസാരിക്കാൻ പാടില്ല. ക്ലോസ്

സർ ചാത്തു കണ്ഠം തെളിച്ചു.

കൊച്ചി സംസ്ഥാനം ഇപ്പോൾ നാഥനില്ലാത്ത കളരിയാണ്. ഏഴരപൊട്ടന്മാരുടെ തർക്കം ഫെഡറൽ കോടതിയിലാണ്. അപ്പോൾ, ഡൽഹൌസിപ്രഭുവിന്റെ സിദ്ധാന്തമായ "ഡോക്ട്രിൻ ഓഫ് ലാപ്സ്" ഇവിടെ നിലവിലില്ലെങ്കിലും വേറൊന്ന് സംജാതമായിരിക്കുകയാണ്. "ഡോക്ട്രിൻ ഓഫ് കൊല്ലാപ്സ്" സാമ്പത്തികമായ തകർച്ച സ്റ്റേററിലെ കോശം കാലിയാണ്.

ആയതിനാൽ, സ്റ്റേററിന്റെ ഭരണം താല്ക്കാലികമായി ഇന്ത്യാഗവർമ്മേണ്ട് ഏറെറടുക്കണമെന്ന് വൈസ്രോയ് അവർകളോട് ഈ സഭയുടെ പ്രതിനിധിയെന്നനിലയ്ക്ക് ഞാൻ അഭ്യർത്ഥിക്കുന്നു.

കോണാടൻ സെഡ്.

സർ ചാത്തു പറഞ്ഞതു് എത്രയും ശരി: കാലിന്നടിച്ച മററു കോശങ്ങളുമൊരുമിച്ച് പൊരുപ്പിച്ചല്ലോ. സ്റ്റേററിന്റെ ഭരണം ഇന്ത്യാഗവർമ്മേണ്ട് ഏറെറടുത്തിരിക്കുന്നതായി ഈ നിമിഷം ഡൽഹിയിൽ പ്രഖ്യാപനം നടന്നുകഴിഞ്ഞിരിക്കും.

സഭയിൽ, സന്ധ്യയിലേയ്ക്ക് നീണ്ടുനിന്ന പൊട്ടിച്ചിരി.

കോണാടനും പെണ്ണും ചാത്തുവും കുഞ്ഞിരാമനും അത്താഴത്തിനുമുമ്പ് ആരുമില്ലിവിതം കഴിച്ചുകൊണ്ടിരുന്നപ്പോൾ, പറഞ്ഞുവെച്ചതനുസരിച്ച് ഒരു വെള്ളിത്താലത്തിൽ ഒന്നരകോടി രൂപയുടെ ചെക്കുമായി എക്കൌണ്ടൻറ് ജനറൽ കടന്നുവന്നു. വൈസ്രോയി ചെക്കെടുക്കി പോക്കലിട്ടു; മദാമ്മ താലം മോഷ്ടിച്ചു.

ഡു ഐ ടിപ്പ് ഹിം? — വൈസ്രോയി സർ ചാത്തുവിനോട് ചോദിച്ചു.

(നീചന് നക്കാപ്പിച്ച കൊടുക്കണോ?)

ഓ നോ വി ഹാവ് പെയ്ഡ് ഹിം ഹാൻസംലി.

(ഓന് വേണ്ടതു് ഞാൻ കൊടുത്തിട്ടുണ്ട്.)

ഹൌമച്ച്?

(എത്ര?)

ടെൻ മണീസ്.

(പത്തുറുപ്പിക.)

ഓ മൈ ഗോഡ്! ഇൻ ഡെൽഹി വി പേ ദീസ് ഫെല്ലോസ് ഓൺലി ഫൈവ് റുപ്പീസ്.

(ശിവനേ! ഡൽഹിയിൽ പത്തു കൊടുത്താൽ ഇവന്മാർ അഞ്ചുറുപ്പിക മടക്കിത്തരും.)

എക്കൌണ്ടൻറിന് സഹിച്ചില്ല. അയാൾ മലയാളത്തിൽ പൊട്ടിത്തെറിച്ചു.

[illegible] കയ്യിലിരിക്കട്ടെ, സാറേ കേരളത്തിൽ പത്തു രൂപായിൽ കുറഞ്ഞ് ഒരു പുല്ലും നടക്കില്ല.

ശരി ശരി—സർ ചാത്തു പറഞ്ഞു എല്ലാ ദിക്കിലും ഒക്കെ ഉണ്ടല്ലേ?

യെസ്.

എന്നാൽ പോകട്ടെ.

ലോയഡ് ജോർജ്ജ് താങ്കളെ അന്വേഷിച്ചതായി വൈസ്രോയി സർ ചാത്തുവിനോട് പറഞ്ഞു.

ജോർജ്ജുകുട്ടി നല്ലവനാണെന്നു സർ ചാത്തു പറഞ്ഞു.

താങ്കൾ നേരിട്ടറിയുമോ?

പലവട്ടം.

എവിടെവെച്ച്?

ചേറിങ്ക്രോസ്സിലെ ചായപ്പീടികയിൽവെച്ച്:

എന്നാൽ ഒരുപക്ഷേ, അദ്ദേഹം പ്രധാനമന്ത്രിയായാൽ—

സർ ചാത്തു ചിരിച്ചു.

അത്താഴത്തിനു ശേഷം സർ ചാത്തു മദാമ്മയ്ക്ക് കട്ടിൽ കാണിച്ചുകൊടുത്തു.

ഉള്ള ഉള്ളിച്ചാടി.

വണ്ടർഫുൾ എക്സിക്യൂസിററ്.

(ചിത്രം, വിചിത്രം!)

കാര്യം അതല്ല—സർ ചാത്തു പറഞ്ഞു—ശീമയിൽ പോയശേഷം തന്ത സായ്വുമൊത്ത് ഈ കട്ടിലിൽകിടന്നു നിർവ്വഹിക്കുന്ന ഭാരോദ്വഹനത്തിന്റെ ശബ്ദം ഇവിടെ കേൾക്കണം.

ലജ്ജിച്ചുകുഴഞ്ഞ മദാമ്മയെ സർചാത്തു താങ്ങിനിർത്തി.

സർ ചാത്തു ഇത്രനാളും താങ്കൾ എവിടെയായിരുന്നു?

ചാത്തവൻ തിരിച്ചടിച്ചു.

എനിക്കും അതുതന്നെയാണ് ചോദിക്കാനുള്ളത്.

എന്റെ നഷ്ടം!

എല്ലാം അയ്യനെന്ന രാമസ്വാമിയ്ക്ക് കൊടുത്തു തുലച്ചില്ലേ?

മദാമ്മ കരഞ്ഞു.

താങ്കൾ ഈ ഭൂമിയിലുള്ള കാര്യം ഞാനറിഞ്ഞില്ല.

അറിഞ്ഞിരുന്നെങ്കിൽ...

അയ്യനെന്ന രാമസ്വാമിയെ കൊന്നേനെ.

സർ ചാത്തു പിശാചിനെ സമാധാനിപ്പിച്ചു.

പാൽ തൂവിയതു് തൂവി. അതിലിനി നാം കണ്ണീരും തൂവാതിരിക്കുക.

ശുക്രനുദിച്ചപ്പോൾ സായ്പും സംഘവും പതുങ്ങിച്ചെന്ന് കപ്പലിൽ കയറി. തീവ്രവാദികളിൽനിന്നും അകലത്തായപ്പോൾ ആചാരവെടി മുഴങ്ങി.

മൂന്നു സംഘങ്ങൾ വഴിക്ക്:

സായ്പും പത്നിയും ശീമക്ക്.

സർ ചാത്തുവും ലേഡീഷാറും കൊടകര തൊടാതെ പുഴക്കരെ മാളികയിലേയ്ക്ക്.

സർ കുഞ്ഞിരാമൻ സാഹിത്യപ്രവർത്തക സഹകരണസംഘം, കുമിളി വഴി മദിരാശിക്ക്.

***

മലയാളനാട്
വാരിക
വരിസംഖ്യാനിരക്ക്

ഒരുവർഷത്തേക്ക്	40–00രൂ.
ആറുമാസത്തേക്ക്	20–00രൂ.
ഒററപ്രതി	00–75സ.

വിദേശങ്ങളിൽ അയയ്ക്കുന്നതിന് വരിസംഖ്യാനിരക്കിൽനിന്നും പോസ്റ്റേജ് കൂടുതലായിരിക്കുന്നതാണ്.

—മാനേജർ.

അർച്ചന

സാറാതോമസ്

6

ക്രിസ്തുമസ്സ് അവധികഴിഞ്ഞ് ശ്രീദേവി വരുമ്പോൾ സ്റ്റേഷനിൽ ചെല്ലണമെന്ന് നേരത്തേകൂട്ടി ആശിച്ചിരിക്കയായിരുന്നു. തന്റെ ഈട്ടിക്കറുപ്പ് നിറത്തിന് വെള്ളവസ്ത്രങ്ങൾ മാത്രമേ ഇണങ്ങുകയുള്ളൂ എന്നറിയാമായിരുന്നതുകൊണ്ട് ആ സന്ദർഭത്തിനായി പുതിയ വെള്ള പാൻറ്സും, സ്ലാക്കും തയ്പിക്കുകയും ചെയ്തിരുന്നു. കാട്ട്പോലെ വളർന്നു തുടങ്ങിയ മുടിവെട്ടി ഒതുക്കി. പക്ഷെ തയ്യാറെടുപ്പു മാത്രമേ നടന്നുള്ളൂ. വിധിയുടെ അസൂയ എന്നല്ലാതെ എന്ത് പറയാനാണ്.

ശ്രീദേവി വരുന്ന ദിവസം ഉച്ചതിരിഞ്ഞ് വർക്ക്ഷാപ്പിൽ പോയതേയില്ല. മരംകോച്ചുന്ന തണുപ്പത്ത് ജലദോഷം വകവെക്കാതെ കുളി നടത്തി പുറത്ത് വന്നപ്പോഴേക്കും ഉള്ളിൽ ഒരു കിടുകിടുപ്പ്. പിന്നെ ഒരു കണക്കിന് ചായ തിളപ്പിച്ച് കുടിച്ച് കരിമ്പടത്തിന്റെയുള്ളിൽ കടന്നുകൂടുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. മേലാകെ ചുട്ട് പൊള്ളുകയായിരുന്നു. ഇച്ഛാഭംഗംകൊണ്ട് മനസ്സും ക്ഷീണിച്ചിരുന്നു. എത്ര പ്രതീക്ഷയോടെ കാത്തിരുന്ന കൂടിക്കാഴ്ചയാണ്.

ഡൽഹിയിലേക്കുള്ള വണ്ടിയിൽ യാത്രയാക്കിയപ്പോൾ തിരിച്ച് വരുമ്പോഴും തന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കണമെന്നുള്ള ആഗ്രഹം അവളുടെ സംഭാഷണത്തിൽ ധ്വനിച്ചിരുന്നില്ലേ? കലപില ഹിന്ദുസ്ഥാനി സംസാരിച്ച് പരക്കം പായുന്ന പോർട്ടർമാരുടെ പുറകെ താനും

കൂടി ഉണ്ടായിരുന്നതുകൊണ്ടാണു് ബുദ്ധിമുട്ടു് കൂടാതെ മൂന്നാംക്ലാസ്സു് കംമ്പാർട്ടുമെന്റിൽ സൗകര്യമുള്ള സീററു് പിടിച്ചെടുക്കാൻ കഴിഞ്ഞതു്. തന്റെ സഹായത്തിനുള്ള കൃതജ്ഞത അവൾ ലോഭംകൂടാതെ പ്രകടിപ്പിക്കുകയും ചെയ്തു.

“അനന്തൻ സമയത്തു് ഇവിടെ എത്തിയതു് എന്തു് ഭാഗ്യമായെന്നോ — വാസ്തവത്തിൽ സ്റ്റേഷനിൽ വരാൻ ആവശ്യപ്പെടാനിരുന്നതാണു്. പിന്നെ ജോലിസമയത്തു് ബുദ്ധിമുട്ടിക്കണ്ട എന്നു് കരുതി.”

“അങ്ങിനെ ഒരിക്കലും വിചാരിക്കരുതു്. വേണ്ടപ്പെട്ടവർ ആരും ഇല്ലാത്തവനാണു് ഞാൻ. ഏതെങ്കിലും തരത്തിൽ ഉപകാരപ്പെടുന്നതിൽ എനിക്കുള്ള സന്തോഷം.”

അനന്തൻ പെട്ടെന്നു് നാക്കു് കടിച്ചു നിർത്തി. ഈയിടെയായി പലപ്പോഴും നിലമറന്നു് സംസാരിച്ചു് പോകയാണു്.

ശ്രീദേവി ചിരിച്ചു.

“ഏതായാലും അനന്തനു് വളരെ താങ്ക്സ്. എത്ര സുഖമായി കമ്പാർട്ടുമെന്റിൽ എത്താൻ കഴിഞ്ഞു. കഴിഞ്ഞപ്രാവശ്യത്തെ അനുഭവം കേൾക്കണോ? പോർട്ടർ ലഗ്ഗേജ്കൊണ്ടൊരു പാച്ചിൽ. ഇങ്ങെത്തിയപ്പോൾ ഒരു സൂട്ട്കേസ് കാണാനില്ല. അങ്ങിനെ ഒരു സൂട്ട്കേസ് ഇല്ലായിരുന്നു എന്നയാൾ ഒരേ തർക്കം— പിന്നെ എന്തു് ചെയ്യാൻ മിണ്ടാതെ നഷ്ടം സഹിച്ചു.”

ചൂളം വിളിച്ചു് ഓടി അകലുന്ന തീവണ്ടിയിൽ അവളുടെ പ്രസന്നമായമുഖം ഓർമ്മിച്ചുകൊണ്ടു് അനന്തൻ നെടുവീർപ്പോടെ തിരിഞ്ഞും പിരിഞ്ഞും കിടന്നു.

പിറേറ ദിവസം നേരം വെളുത്തിട്ടും തല പൊക്കാൻ കഴിഞ്ഞില്ല. സർദാർണി തിരക്കി എത്തിയതു് ഭാഗ്യമായി. മുറുക്കിയടച്ച കതകിൽ മുട്ടി അവർ ഉച്ചത്തിൽ വിളിച്ചു.

“അരേ! അനന്ത്. നിനക്കു് എന്തു് സംഭവിച്ചു! വർക്ക്ഷോപ്പിൽ പോകേണ്ട സമയം കഴിഞ്ഞിരിക്കുന്നു.”

“ഇന്നലെ ശരിക്കു് സേവിച്ചു് കാണും! അവർ പിറുപിറുക്കുന്നതും കേട്ടു.

“ബീബിജി ഞാൻ കിടപ്പാണു്—നല്ല പനി.” ഒരു കണക്കിനു പറഞ്ഞു.

അവർ വാതിൽ തുറന്നു് അകത്തു് കടന്നു.

“നല്ല കാര്യം! ഈ വിവരം കിശോറിന്റെ ബാപ്പു് പോകുന്നതിനു് മുൻപു് നിനക്കു് പറഞ്ഞുകൂടായിരുന്നോ. എങ്കിൽ രാത്രി മടങ്ങുമ്പോൾ ഹക്കിമിന്റെ മരുന്നു് വാങ്ങിക്കൊണ്ടു് വരുമായിരുന്നില്ലേ.”

ഇനിയിപ്പോൾ അനങ്ങാതെ കിടന്നോളൂ; ഞാൻ ചായ തിളപ്പിച്ചു് തരാം. നിനക്കു് ഉച്ചക്കു് കഴിക്കാൻ കഞ്ഞിയും ശരിപ്പെടുത്തി വയ്ക്കാം.”

അയാളുടെ മറുപടി കാത്തു് നിൽക്കാതെ അവർ കൊഴുത്തു് സുദൃഢമായ ശരീരത്തിൽ ഒരു അയവുള്ള ഉറപോലെ കിടന്ന കുർത്താ നേരെ പിടിച്ചു് ഇട്ടു. കീറി തുടങ്ങിയ ചുന്നി തലവഴി പുതച്ചുമൂടി, സ്റ്റൗവു് കത്തിക്കാനുള്ള പുറപ്പാടായി. അനന്തൻ ആശ്വാസത്തോടെ നെടുവീർപ്പിട്ടു. ഒരു ചൂടുചായ എത്രയും ആവശ്യമായ സന്ദർഭമാണു്. മററുള്ളവരുടെ കാര്യത്തിൽ ആവശ്യത്തിലധികം തലയിടുന്ന ഒരു അയൽക്കാരിയായി അവരെ താൻ പലപ്പോഴും ഒഴിച്ചു് മാററാൻ ശ്രമിച്ചിട്ടുള്ളതിൽ അനന്തനു് മനസ്താപം തോന്നി. ഇന്നു് അവർ തന്നെ തിരക്കിയില്ലായിരുന്നെങ്കിൽ! ഗല്ലിയിലെ മററു് താമസക്കാർ കറുത്ത മദ്രാസിയോടു് എന്നും അകലം പാലിച്ചിട്ടേയുള്ളു.

“ഇതാ ചായ—ഇതു് കുടിച്ചിട്ടു് നീ ഒന്നു് ഉറങ്ങാൻ ശ്രമിക്കു്. ഞാൻ പിന്നെ വന്നു് കഞ്ഞി പകർന്നു് തരാം.” ആവി പറക്കുന്ന ഗ്ലാസ്സു് കൈയ്യിൽ കൊടുത്തിട്ടു് അവർ അരി കഴുകി കലത്തിലിട്ടു.

കട്ടിലിന്റെ അടുത്തേക്കു് സ്റ്റൂൾ വലിച്ചിട്ടു, ഫ്ലാസ്കിൽ ചായയും നിറച്ചു് വെച്ചു.

“തല നരച്ചു് തുടങ്ങിയിട്ടും നാട്ടിൽ പോയി ഒരു പെണ്ണിനെ കൊണ്ടുവരാൻ നിനക്കു് ഇനിയും നേരം കിട്ടിയില്ലല്ലോ. അതല്ലേ ഈ കഷ്ടപ്പാടു്.”

വെററിലക്കറപിടിച്ചപല്ലുകൾകാട്ടിച്ചിരിച്ചുകൊണ്ടു് അവർ കതകടച്ചു് പുറത്തു് കടന്നു.



ചൂട് ചായ അകത്ത് ചെന്ന നേരിയ ആശ്വാസത്തോടെ അനന്തൻ തിരിഞ്ഞു കിടന്നു.

ഇങ്ങനെ കട്ടിലിൽ തന്നെ കഴിഞ്ഞുകൂടത്തക്ക അവശത ഇതിനുമുൻപ് വന്നതോർമ്മയില്ല. ശ്വാസം കഴിക്കുമ്പോൾ നെഞ്ചിനകത്ത് കരിങ്കല്ല് അമർത്തി വെച്ചിരിക്കുന്നതുപോലെ:

ഉച്ചതിരിഞ്ഞപ്പോൾ, വർക്ക്ഷോപ്പിൽ നിന്നും ഭോലാറാം തിരക്കിവന്നു. പിന്നെ അവനായി ശുശ്രൂഷകൻ. രാത്രിയിൽ തന്നെ സർദാർജി വലിയ ബസാറിൽ നിന്നും ഹക്കീമിൻറ പൊടി വാങ്ങിക്കൊണ്ടുവന്നു. പിന്നെ കുറച്ചൊരു ആശ്വാസം തോന്നി.

അഞ്ചു ദിവസം കിടന്നേ കിടപ്പായിരുന്നു. പനി വിട്ടുമാറിയിരുന്നെങ്കിലും കൈകാലുകൾ തീർത്തും ബലഹീനങ്ങളായി തോന്നി. ചുമയ്ക്കുമ്പോൾ നെഞ്ചിനകത്ത് ആകെ വിമ്മിഷ്ടമാണ്. എങ്കിലും രാവിലെ സർദാർണി സഹായത്തിനെത്തിയപ്പോൾ പറഞ്ഞു. "എനിക്ക് വേണ്ടി വളരെ ബുദ്ധിമുട്ടി ഇന്ന് നല്ല സുഖം തോന്നുന്നു. ഇനി ഞാൻ പതുക്കെപ്പതുക്കെ ഓരോന്നു ചെയ്തു കൊള്ളാം."

ജാലിം
ലോഷൻ
ചൊറിച്ചിലിനും
പുഴക്കടിക്കും
ഒരുപുതിയ ഔഷധം
Oriental Chemical Works, RAO (Indore)

അവർക്ക് ഒരു ഭാരമായി തീരരുതല്ലോ.

"അനന്തന് ആകാമെങ്കിൽ അങ്ങിനെ. പിന്നെ എൻറ ബുദ്ധിമുട്ട് കണക്കാക്കേണ്ട. ആവശ്യമുണ്ടെങ്കിൽ വിളിച്ചേക്കണേ." അവർ വാതിൽ അടച്ച് പോയപ്പോൾ കട്ടിലിൻറ ഇരുമ്പഴികളിൽ പിടിച്ച് പതുക്കെ എണീററു നോക്കി.

കാലുകൾ നിലത്ത് ഉറക്കുന്നില്ല. കണ്ണുകൾ ഇരുളുകയാണ്. വേഗം കട്ടിലേക്ക് തന്നെ ചരിഞ്ഞു. ഈ കണക്കിന് പോയാൽ ജോലിക്ക് പോകാൻ എത്ര ദിവസം വേണ്ടി വരുമോ? നിസ്സഹായതയിൽ നിന്നുള്ള മനം മടുപ്പോടെ മതിലിന് നേരെ തിരിഞ്ഞു കിടന്നു.

"അരേ അനന്തു", നീ വീണ്ടും ഉറക്കമായോ?" സർദാർണിയുടെ പരുപരുത്ത ശബ്ദം.

"ഇങ്ങോട്ട് തിരിഞ്ഞു നോക്ക്, നിനക്ക് ഒരു വിശിഷ്ടാതിഥി!"

അനന്തൻ മെല്ലെ തിരിഞ്ഞു. കണ്ണുകൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ശ്രീദേവി! ഉറക്കം തൂങ്ങിയ കണ്ണുകൾ ഒന്നുകൂടി തിരുമ്മി നോക്കി. ആശുപത്രിയിൽ പോകാറുള്ളതു പോലെ ശുഭ്രവസ്ത്രം, ഉയർത്തിയ തലമുടിക്കെട്ട്, തോളിൽ തൂക്കൽ ബാഗ്!

തന്നെ തിരിച്ചറിഞ്ഞു കഴിഞ്ഞപ്പോഴാണ് ആ മുഖത്തെ പരിഭ്രമം മാറിയത്.

താനറിയാതെ എണീക്കാൻ കൈകുത്തി. "വേണ്ട, വേണ്ട, കിടന്നോളൂ." ശ്രീദേവി കട്ടിലിൻറ അരികിൽ എത്തിക്കഴിഞ്ഞു.

വാതിൽ ശബ്ദത്തോടടഞ്ഞു. സർദാർണി പൊയ്ക്കഴിഞ്ഞു. പെട്ടെന്ന് ഉണ്ടായ വിസ്മയം ഒടുങ്ങിയപ്പോൾ ആഹ്ലാദത്തിന് പകരം ഉത്കണ്ഠയാണ് തോന്നിയത്. വലിയ ബസാർ തെരുവ് തുടങ്ങുന്ന നാൽക്കവല. അവിടെ ആലിൻറ ചുവട്ടിൽ താവളം ഉറപ്പിച്ചിട്ടുള്ള കവലച്ചട്ടമ്പികൾ. അവരെ പിന്നിട്ട് കഴിഞ്ഞാൽ ബസാറിൽ നിന്നും ഉള്ളിലേക്കുള്ള ഇടുങ്ങിയ തെരുവ്. കടിപിടികൂടുന്ന തെണ്ടിപ്പട്ടികളും ലക്ഷ്യമില്ലാതെ ആളുകളെ മുട്ടിയും തട്ടിയും നടക്കുന്ന പശുക്കൾ. തമ്മിൽ ലഹളകൂട്ടി അടിയും പിടിയുമായി കഴിയുന്ന തെരുവുപിള്ളേർ. പിന്നെ തൻറ ബസ്തിയിലേക്കുള്ള ഗള്ളി— ചാണകവും മലിനവസ്തുക്കളും കൊണ്ട് ദുർഗ്ഗന്ധം വമിക്കുന്ന അഴുക്കുചാൽ. ഈ ദുർഘടം പിടിച്ച വഴികൾ എല്ലാം പിന്നിട്ടാണ് തന്നെത്തേടി എത്തിയത്. ശ്രീദേവിയെപ്പോലുള്ള ഒരു പെൺകുട്ടി ഒറ്റയ്ക്ക് ഒരിക്കലും നടന്നുകൂടാത്ത വഴികൾ.

"ഇവിടെ ഇവരെ വരേണ്ടിയിരുന്നില്ല.

"ഉം, എന്താ വന്നാൽ— ഇങ്ങിനെ സുഖമില്ലാതെ കിടക്കുമ്പോൾ...... ഇപ്പോൾ എങ്ങിനെയുണ്ട്?"

ആ മുഖത്തെ പ്രസന്നത മങ്ങിയിരുന്നു.

"ഇവിടുത്തെ ചുററുപാടുകൾ അറിഞ്ഞുകൂടാത്തതുകൊണ്ട്. ഈ ബഡാ ബസാറും ഗല്ലികളും സ്ത്രീകൾക്ക് തനിച്ച് നടക്കാൻ പററിയിടമല്ല—"

അവളുടെ അന്വേഷണത്തിന് മറുപടി പറയാൻ അനന്തൻ വിട്ടുപോയിരുന്നു.

"അതറിയാമായിരുന്നതുകൊണ്ടല്ലേ നല്ല പകൽസമയത്ത് തന്നെ വന്നത്. ഹോസ്പിററൽ അററൻഡു ചെയ്യാതെ ഇങ്ങ് പോന്നു. വർക്ക്ഷോപ്പിൽ രണ്ടു പ്രാവശ്യം തിരക്കിയപ്പോഴും ആളില്ല. ഇന്നലെ വിളിച്ചപ്പോൾ ആരോ പറഞ്ഞു സുഖമില്ലാതെ ഒരാഴ്ചയായി കിടപ്പാണെന്ന്. അയാളോട് ചോദിച്ച് താമസസ്ഥലം ഏകദേശം മനസ്സിലാക്കി. അപ്പൊ ഇപ്പോ എങ്ങിനെയുണ്ടെന്ന് പറഞ്ഞില്ലല്ലോ."

"എനിക്ക് എല്ലാം പൊറുത്തുകഴിഞ്ഞു. ഇവിടെ വന്ന വിവരം ആരെങ്കിലും അറിഞ്ഞാൽ—" അനന്തൻറ ഉത്കണ്ഠ ഇനിയും ഒഴിഞ്ഞിരുന്നില്ല.

"ഇത് അനന്തനെന്താണ്. ആരും അറിയാനിടയില്ല. ഹോസ്പിററൽ സമയമല്ലേ. ഏതെങ്കിലും വാർഡിൽ ആയിരിക്കുമെന്നേ വിചാരിക്കുകയുള്ളൂ. പിന്നെ അറിഞ്ഞാൽ തന്നെ, എന്താ— അനന്തൻ എൻറ ബന്ധുവല്ലേ—"

"എങ്കിലും വരേണ്ടിയിരുന്നില്ല. ഒരു പനിവന്നത് ഇത്ര കാര്യമാക്കിയാൽ—" വാക്കുകൾ നീണ്ട ചുമയിൽ അവസാനിക്കുകയായിരുന്നു.

"കൊള്ളാം; ഈ ചുമ കാര്യമാക്കിയില്ലെങ്കിൽ— അതും ഇപ്പോഴത്തെ കൊടുംതണുപ്പിൽ—"

വാസ്തവത്തിൽ ഹോസ്പിററലിൽ പോയി ഡോക്ടറെ കാണിക്കുകയാണ് നല്ലത്—"

ശ്രീദേവിയിലെ ഡോക്ടർ തലപൊക്കി.

"ഹോസ്പിററലിലോ— വേണ്ട, വേണ്ട. അതിൻറ ആവശ്യം ഒന്നുമില്ല. ഇന്ന് വളരെ കുറവുണ്ട്. ഹക്കീമിൻറ മരുന്നും കഴിക്കുന്നുണ്ട്."

ശ്രീദേവി ആ പറഞ്ഞത് ശ്രദ്ധിക്കാതെ ബാഗ് തുറന്ന് സ്റ്റെത്ത് എടുക്കുകയായിരുന്നു.

ഇത്രയും ചുമയുള്ളപ്പോൾ ഞാൻ ഒന്ന് പരിശോധിച്ചു നോക്കട്ടെ— എൻറ സമാധാനത്തിന്."

വേണ്ട, വേണ്ട."

ഒരു കൊച്ചുകുട്ടിയുടെ എതിർപ്പോടെ അനന്തൻ തീർത്ത് പറഞ്ഞു.

"ഞാൻ ഡിഗ്രി എടുക്കാത്തതുകൊണ്ടാണോ വിശ്വാസമില്ലാത്തത്?"

"അല്ല, അതൊന്നുമല്ല."

"എങ്കിലീ രോഗി ഡോക്ടറെ പരിശോധിക്കാൻ അനുവദിച്ചേ പററൂ."

ഒരു ഡോക്ടറുടെ ഗൗരവത്തോടെയാണ് അവൾ പറഞ്ഞത്.

എന്ത് സമാധാനം പറയണമെന്നറിയാതെ അനന്തൻ കുഴങ്ങി. ശ്രീദേവിയെ വ്രണപ്പെടുത്തരുതെന്നുള്ള ഏക വിചാരം കൊണ്ട് വൈവശ്യമടക്കി കണ്ണുമടച്ച് കിടപ്പായി. പരിശോധന പൂർത്തിയാക്കിയശേഷമാണ് കണ്ണുകൾ തുറന്നത്.

"അനന്തൻ, ഇത് വെറും ചുമയല്ല ലങ്ങ് ഇൻഫെക്ഷൻ ഉണ്ട്. എന്തായാലും ഹക്കീമിൻറ മരുന്ന് പോരാ—" ആട്ടെ അനന്തന് എന്നെ വിശ്വാസമുണ്ടോ?" അവൾ സങ്കോചത്തോടെയാണ് ചോദിച്ചത്.

"തീർച്ചയായും."

അനന്തൻറ വാക്കുകളിൽ നിറഞ്ഞ ആത്മാർത്ഥത പ്രകടമായിരുന്നു.

ശ്രീദേവിയുടെ മുഖത്ത് സംതൃപ്തിയുടെ പുഞ്ചിരി.

"കടുത്ത ചുമയുണ്ടെന്ന് അറിഞ്ഞതുകൊണ്ട് മരുന്നും കരുതിയാണ് വന്നത്. എന്തായാലും ഞാൻ ചികിത്സിക്കാൻ പോകയാണ്—"

പഠിക്കുക! ഗൂഢചിത്രശാസ്ത്ര ഗ്രന്ഥങ്ങൾ ..

1. ജാലവിദ്യ — ചീട്ടുകൾ, നാണയങ്ങൾ, തൂവാല ഇവ കൊണ്ടുള്ള ജാലവിദ്യകൾ ചെപ്പടി വിദ്യകൾ, തന്ത്രങ്ങൾ, മായാജാലങ്ങൾ, മാജിക് പഠിക്കാനുള്ള ചിത്രഗ്രന്ഥം. വില 6 രൂ.
2. സ്വഭാവ പഠനശാസ്ത്രം—കയ്യക്ഷരം, ഒപ്പ്, നടത്തം, വേഷം, ഭാവം, മീശ, ജന്മദിനം, മററുലക്ഷണങ്ങൾ ഇവ നോക്കി ഒരു വ്യക്തിയുടെ സ്വഭാവവും കഴിവുകളും പഠിക്കാനുള്ള ശാസ്ത്രം വില 5 രൂ
3. നക്ഷത്രഫലവും ലഗ്നഫലസാരവും—ഏതുനാളിൽ ജനിച്ചവരുടേയും ഭൂത വർത്തമാന ഭാവിഫലങ്ങൾ അറിയുന്നതിനും പറയുന്നതിനും/ വില 4 രൂ.
4. പ്രേമലേഖനങ്ങൾ— ശോക പര്യവസായിയായ പ്രണയകഥ ധാരാളം റെഡിമെയ്ഡ് പ്രേമലേഖനങ്ങൾ സഹിതം വില 3 രൂ.
5. സാമുദ്രികാശാസ്ത്രം—സ്ത്രീപുരുഷ ലക്ഷണങ്ങൾ, മറുകുകൾ ചുഴികൾ, ലക്ഷണങ്ങൾ ഇവ ഗുണദോഷ ഫലങ്ങൾ ചിത്രഗ്രന്ഥം വില 2 രൂ.
6. കീറോയുടെ ഹസ്തരേഖാശാസ്ത്രം—ചിത്രങ്ങൾ സഹിതം വില 2രൂ.
7. മുഖലക്ഷണശാസ്ത്രം— പൂർണ്ണ ചിത്രഗ്രന്ഥം വില 2 രൂ.
8. [illegible]—മനുഷ്യനെ ഉറക്കുക, നിയന്ത്രിക്കുക, വശംവദരാക്കുക. പ്രാഥമിക പാഠങ്ങൾ വില 2 രൂ
9. ഹിപ്നോട്ടിസം—പരചൈതന്യ വാദവിദ്യ ശാസ്ത്രം വില 2 രൂ.
10. മാജിക്കും [illegible]മരവിദ്യയും—കൺകെട്ടു വേലകൾ, രഹസ്യങ്ങൾ ചീട്ടുകൊണ്ടുള്ള മറിവുതിരിവുകൾ, ഇവ വില 2 രൂ.
11. അത്ഭുതവാർത്തകൾ—രസകരമായ വാർത്തകൾ വില 2 രൂ.
12. രഹസ്യരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും—ചികിത്സാഗ്രന്ഥം വില 1-50

എല്ലാററിനും V. P. ചിലവ് പുറമേ. ചിത്രകാററലോഗ് സൗജന്യം.

F. P. A. I. Tharlannagar, VIA - Tiruvalla - R M S, Kerala

കേരള
ദിനേശ് ബീഡി
കണ്ണൂർ

മലയാളനാട്ട് സിനിമാദ്വൈവാരിക

വരിസംഖ്യ തപാലിൽ

ഒരുവർഷത്തേക്ക്	രൂ. 24-00
ആറുമാസത്തേക്ക്	രൂ. 12-00

വിദേശങ്ങളിലേക്കുള്ള വരിസംഖ്യാ വിവരങ്ങൾക്ക് എഴുതുക.

മാനേജർ
മലയാളനാട്ട് സിനിമാ
ദ്വൈവാരിക
കൊല്ലം-691 013

അവൾ ബാഗിൽ നിന്നും രണ്ട് സ്ട്രിപ്പ് ഗുളികകൾ പുറത്തേക്ക് എടുത്തു.

"ഈ ഗുളികകൾ കൂടി കഴിക്കണം. ദിവസവും മൂന്ന് നേരം— അനന്തൻ പേടിക്കണ്ട. പ്രൊഫസറുടെ അഭിപ്രായംകൂടി തിരക്കിയിട്ടാണ് ഈ ചികിത്സ." അനന്തന്റെ മുഖത്തെ വിസ്മയം കണ്ടിട്ടാവണം കളിമട്ടിൽ പറഞ്ഞു.

"ആട്ടെ, ഞാൻ ചായ തിളപ്പിക്കാം." ഗുളിക ഉടനെ സ്റ്റാർട്ട് ചെയ്യണം"

മുറിയുടെ അരികിൽ വീഞ്ഞപ്പെട്ടിപ്പുറത്ത് വെച്ചിരുന്ന സ്റ്റൗവിന്റെ അടുക്കലേക്ക് അവൾ നടന്നുകഴിഞ്ഞു.

തികഞ്ഞ നിസ്സഹായതയോടെ എന്ത് പറയണമെന്നറിയാതെ അനന്തൻ കിടക്കുകയായിരുന്നു.

"എനിക്ക് — ചായ വേണ്ട! ഗുളിക കഴിക്കാൻ വെള്ളം എടുത്തോളാം".

"പക്ഷേ എനിക്ക് ഒരു ചായ വേണമല്ലോ. ഉച്ചവെയിലിൽ ഇത്രയും ദൂരം വന്നതല്ലേ— നല്ല ദാഹം."

"ഓ", ഞാൻ അത് മറന്നു. മര്യാദപോലും കാണിച്ചില്ല. എനിക്കുവേണ്ടി ഒരു കാര്യം ചെയ്യാമോ. നേരത്തെ മുറികാണിച്ച് തന്ന സർദാർണിയെ ഒന്ന് വിളിച്ചു തരൂ — — —"

"ഇപ്പോൾ ആരെയും വിളിപ്പിക്കുന്നില്ല."

അനന്തൻ എന്താ കൊച്ചു കുഞ്ഞുങ്ങളെപ്പോലെ! ഞാൻ ഇതാ ചായ തിളപ്പിക്കാൻ പോകുവാണ് അനന്തന് വേണമെങ്കിൽ തരാം..."

അനന്തൻ ഒന്നും മിണ്ടിയില്ല. മധുരതരമായ ഒരു തരം വൈവശ്യം നെഞ്ചിനകത്ത്. വിമ്മിഷ്ടവും തലക്കനവും ഒന്നും തന്നെ അനുഭവപ്പെടുന്നില്ല. കാറും കോളും കൊണ്ട് ആകാശത്തിൽ മേഘപാളികൾക്കിടയിലൂടെ സൂര്യരശ്മികൾ ഊളിയിടുകയാണ്. ഭാഗ്യദേവതയുടെ [illegible] കടാക്ഷം. മുൻപിൽ ആവി പറക്കുന്ന ചായയുമായി ശ്രീദേവി.

"ഉം, ചായ കഴിക്ക. ഈ ഗുളികയും."

"നോക്കൂ, ക്ഷീണം നല്ലവണ്ണം ഉണ്ട്"... ഗ്ലാസ്സ് വാങ്ങിയപ്പോൾ വിരലുകൾ വിറച്ചത് ക്ഷീണംകൊണ്ടാണെന്ന് കരുതിയത് നന്നായി...

തന്റെ ഹൃദയത്തിലെ വെളിയേററം

അവൾ അറിയാൻ ഇടയായാൽ. അതിന്റെ പ്രത്യാഘാതം ഓർത്തപ്പോൾ അടിമുടി ഞെട്ടിപ്പോയി. തെക്കേ മഠത്തിലെ ശ്രീദേവിക്കുഞ്ഞിനെ അയൽപക്കത്തെ കൊല്ലക്കുടിയിലെ പൊന്നമ്മയുടെ മകൻ പ്രേമിക്കുക, അപ്പോൾ തന്റെ ഹൃദയത്തിൽ ഒളിഞ്ഞും തെളിഞ്ഞും തിങ്ങിനിൽക്കുന്ന വികാരം പ്രേമമെന്നോ—? അത്തരത്തിൽ മനസ്സറിഞ്ഞു വളർത്താനുള്ള ധൈര്യം എങ്ങിനെ വന്നു? തന്റെ വികാരം അവൾക്ക് വെളിവായാൽ—? ആദ്യത്തെ വിസ്മയം! പിന്നെ കണ്ണുകളിൽ തെളിയുന്ന വെറുപ്പ് ചുണ്ടത്തു പരക്കുന്ന നിന്ദ! വാക്കുകളിലെ പരിഹാസം! "ഓ അനന്തൻ ഇത്തരക്കാരൻ ആണെന്ന് ഒരിക്കലും കരുതിയില്ല — മൂഢൻ! സ്വയം മറന്ന വിഡ്ഢി."

"ഓഹ്"! ഹൃദയസ്പന്ദനംപോലും തടയപ്പെട്ടതുപോലെ!

"എന്താ അനന്തന് ഇത്ര വലിയ ആലോചന."

"ഓഹ" ഒന്നുമില്ല."

"അല്ല് വെറുതെ — മനസ്സിന് എന്തോ വല്ലായ്മയുണ്ട്. വന്നപ്പോഴേ എനിക്ക് തോന്നിയതാണ്. എന്നാലും പറഞ്ഞോളൂ. ഒന്നും സംശയിക്കണ്ട. വിഷമങ്ങൾ ആരോടെങ്കിലും പങ്കിടുമ്പോൾ [illegible] ആശ്വാസം!"

* * *



സ്റ്റേററ് കാൺഗ്രസ്സിൻെറ ആരംഭകാലത്തു് തിരുവിതാംകൂറിൻെറ ചില ഭാഗങ്ങളിൽ പോലീസ്, വെടിവയ്പുകൾ നടത്തുകയും തന്മൂലം ചിലർ മരണമടയുകയും ചെയ്തിട്ടുള്ളതു്. ഇന്നു് ചരിത്രവസ്തുതകളാണല്ലോ. നെയ്യാററിൻകര, കടയ്ക്കൽ, പാങ്ങോട്, ചെങ്ങന്നൂർ മുതലായവയും തിരുവനന്തപുരത്തെ ശംഖുമുഖം കടപ്പുറവും ഈ ആദ്യകാലലിസ്റ്റിൽപെടുന്നുണ്ട്. കൃത്യമായ ഒരു പട്ടിക തയ്യാറാക്കുവാനുള്ള ഓർമ്മ എൻെറ പക്കൽ ഇപ്പോഴില്ല. എന്നാൽ, ശംഖുംമുഖം കടപ്പുറത്തെ ലാത്തിച്ചാർജ്ജുകൾക്കും വെടിവെയ്പിനുമെല്ലാം — ഒന്നൊഴിയാതെ ഞാൻ ദൃക്സാക്ഷിയായിരുന്നു.

കൊല്ലവർഷം 1114 (1939) ആദ്യമാണീസംഭവങ്ങൾ കൂടുതലായി നടന്നതെന്ന് ഞാൻ ഓർക്കുന്നു. നൂററിപ്പതിനാലിലെ ഒന്നാം റഗുലേഷൻ എന്ന പേരിൽ, സമ്മേളനങ്ങളും ഘോഷയാത്രകളും നിരോധിച്ചുകൊണ്ടു് തിരുവിതാംകൂർ ഗവണ്മെൻറു് ഒരു നിരോധനാജ്ഞ പുറപ്പെടുവിച്ചു. അക്കാലത്തു് തിരുവനന്തപുരത്തു് സമ്മേളനങ്ങൾ കൂടുന്ന പ്രധാന സ്ഥലങ്ങൾ തമ്പാനൂർ റെയിൽവേസ്റ്റേഷൻ മൈതാനവും പേട്ടമൈതാനവുമായിരുന്നു. അന്നു് ഈ രണ്ടു സ്ഥലങ്ങളിലും ഉദ്യാനങ്ങളോ വളച്ചുകെട്ടുകളോ ഉണ്ടായിരുന്നില്ല. ഏതാണ്ടു് നാല്പതുകൊല്ലംമുൻപു് ഈ പ്രദേശങ്ങളുടെ സ്ഥിതി എന്തായിരുന്നു എന്നു് ഇന്നു പലർക്കും ഊഹിക്കാൻസാധ്യവുമല്ല. തമ്പാനൂരിലെ റെയിൽവേസ്റ്റേഷൻ കെട്ടിടം അതുപോലെതന്നെ ഉണ്ടായിരുന്നു എന്നതൊഴിച്ചാൽ, മററൊന്നുംതന്നെ ആ ചുററുപാടുകളിൽ ഉണ്ടായിരുന്നില്ല. പഴവങ്ങാടിയിൽനിന്നു് റെയിൽവേസ്റ്റേഷനിലേക്കുള്ള റോഡ് ഇടുങ്ങി കുണ്ടും കുഴിയുമായികിടക്കുകയായിരുന്നു. റോഡ് ടാറിട്ടുകപോലും ചെയ്തിരുന്നില്ല എന്നു കേൾക്കുമ്പോൾ, ഇന്നും അന്നും തമ്മിലുള്ള വ്യത്യാസം ഊഹിക്കാവുന്നതേയുള്ളു. പേട്ട റെയിൽവേസ്റ്റേഷൻ മൈതാനത്തുംവിശേഷിച്ചു് ഒന്നും ഉണ്ടായിരുന്നില്ല. കേരളകൗമുദിയുടെ ആഫീസുപോലും അന്നു് ഇത്ര വികസിച്ചിരുന്നില്ല.

പതിവായി തമ്പാനൂരും പേട്ടയിലും സ്റ്റേററ് കാൺഗ്രസ്സ് യോഗങ്ങൾ കൂടുന്നു എന്നു കണ്ടപ്പോൾ അതു് തടയണമെന്നു് ദിവാൻ സർ. സി. പി.ക്കു തോന്നി. അന്നു് തമ്പാനൂർ മൈതാനമാണു് പ്രധാനപ്പെട്ട സമ്മേളനസ്ഥലമെന്ന സംഗതി ഓർക്കണം. മിക്കവാറും എല്ലാ ദിവസങ്ങളിലും അവിടെ സ്റ്റേററ് കാൺഗ്രസ്സ് യോഗങ്ങൾ കാണും. അന്നു് അവിടത്തെ പ്രധാനപ്രസംഗകർ (എൻെറ ഓർമ്മയിൽ നിന്നു പറയുകയാണു് ജി. രാമചന്ദ്രൻ, പൊന്നറ ശ്രീധർ, ജി. ചന്ദ്രശേഖരപിള്ള, ബാലരാമപുരം ജി. രാമൻപിള്ള, എൻ. സി. ശേഖർ, എൻ. പി. കുരുക്കൾ, പുതുപ്പള്ളി രാഘവൻ, ഉള്ളൂർ ഗോപി, പേട്ട കരുണാകരൻ, ബോധേശ്വരൻ സി. നാരായണ പിള്ള, കെ. ആർ. ഇലങ്കത്തു്, ടി. കെ. നാരായണപിള്ള, കെ. എ. ഗംഗാധരമേനോൻ, എ. ജെ. ജോൺ, എൻ ശ്രീകണ്ഠൻനായർ, പി. ടി. പുന്നൂസ്, എം. എൻ. ഗോവിന്ദൻനായർ, കെ. ദാമോദരൻ (മലബാർ) എന്നിവരും ഇന്നു് പേരുപോലും ഓർമ്മയില്ലാത്തവരായ ചിലരുമായിരുന്നു. ഞാൻ പേരുപറഞ്ഞവരിൽതന്നെ ഗാന്ധി രാമൻപിള്ള, മാങ്കൂർ താണുപിള്ള, തെക്കാട്ടു ഭാസ്കർ മുതലായവരെ ഇന്നു് ആരും ഓർത്തെന്നു വരില്ല.

അക്കാലത്താണു് വടക്കേഇന്ത്യയിൽനിന്നുള്ള ശ്രീമതി കമലാദേവി ചതോപാധ്യായയുടെ ആഗമനം, പ്രശസ്ത കലാകാരനായ ഹരീന്ദ്രനാഥ് ചതോപാദ്ധ്യായയുടെ പത്നികൂടിയായ ശ്രീമതി കമലാദേവി അന്നു് തിരുവനന്തപുരത്തേക്കു വന്നതു് സ്റ്റേററു് കോൺഗ്രസ്സ് പ്രസ്ഥാനത്തെ സഹായിക്കാൻവേണ്ടിയാണു്. 1114-ലെ ഒന്നാം റഗുലേഷൻ എന്ന കരിനിയമപ്രകാരം സംസ്ഥാനത്തെ പൊതുയോഗങ്ങളെല്ലാം അപ്പോഴേക്കു് തിരുവിതാംകൂർ ഗവണ്മെൻറു് നിരോധിച്ചുകഴിഞ്ഞിരുന്നു. ശ്രീമതി കമലാദേവി ഉത്തരേന്ത്യയിൽനിന്നു് പുറപ്പെടുന്ന സമയത്തു് ഇവിടെ നിരോധനം നിലവിലുണ്ടായിരുന്നില്ല. എന്നാൽ അവർ തിരുവനന്തപുരം റെയിൽവേസ്റ്റേഷനിലെത്തിയപ്പോഴേക്കു് ആ പ്രശ്നം ഉദിച്ചുകഴിഞ്ഞു. റയിൽവേസ്റ്റേഷനിലോ റയിൽവേ വക പ്രദേശത്തോ, സ്റ്റേററ് ഗവണ്മെൻറിനു് അധികാരാവകാശമൊന്നുമില്ല. അതുകൊണ്ടു് റെയിൽവേ പരിസരത്തുവച്ചു് കമലാദേവിയെ അറസ്റ്റുചെയ്യാൻ തിരുവിതാംകൂർ പോലീസിനു് അധികാരവുമില്ല. ശ്രീമതി കമലാദേവി തീവണ്ടിമാർഗ്ഗം തമ്പാനൂരിൽ എത്തിയപ്പോൾതന്നെ തിരുവനന്തപുരം ഡിസ്ട്രിക്ട് മജിസ്ട്രേററു് നിരോധനാജ്ഞ അവരുടെ കൈകളിലെത്തിച്ചു. സംസ്ഥാനത്തിൻെറ മണ്ണിലേക്കു പ്രവേശിക്കുകയാകട്ടെ, നിരോധനം വകവയ്ക്കാതെ പ്രസംഗിക്കയാകട്ടെ പാടില്ല എന്നായിരുന്നു നിരോധനം.

കമലാദേവി ചതോപാദ്ധ്യായ വരുന്നു എന്നതു് അന്നു് തിരുവിതാംകൂർ ഒട്ടാകെ ഒരു വലിയ വാർത്തയായിരുന്നു. സ്റ്റേററിൻെറ പല ഭാഗത്തു നിന്നായി അനേകായിരം ആളുകൾ അന്നു് തമ്പാനൂരിൽ എത്തിച്ചേർന്നിരുന്നു. സൗന്ദര്യധാമമായ ഒരു യുവകാൺഗ്രസ്സുകാരി വരുന്നുഎന്ന വിചാരവും അതിൻെറ പിന്നിലുണ്ടായിരുന്നു എന്നു തോന്നുന്നു. അവരിവിടെ വലിയ പ്രക്ഷോഭണമൊന്നും അഴിച്ചുവിടാൻ പോകുന്നില്ല എന്നു് വ്യക്തമായിരുന്നു. എന്തായാലും, നിരോധനാജ്ഞ കൈയിൽ കിട്ടിയതോടെ, കമലാദേവി ഒതുങ്ങിക്കഴിഞ്ഞു. അവർ റയിൽവേസ്റ്റേഷൻ കെട്ടിടത്തിൽനിന്നു് പുറത്തേക്കുവന്നില്ല. വൈകുന്നേരം ആ മൈതാനത്തും പരിസരത്തുമായി തിങ്ങിക്കൂടിയ അനേകായിരം പൊതുജനത്തിനു് അവർ റയിൽവേസ്റ്റേഷൻെറ രണ്ടാം നിലയിൽ പ്രത്യക്ഷപ്പെട്ടു് ദർശനം നൽകി, പിൻവലിഞ്ഞു എന്നാണു് എൻെറ ഓർമ്മ.

മഹിളകൾ നൽകിയ ഉത്തേജനം

ഈ സന്ദർഭത്തിൽ, മാന്യയായ മററൊരു മഹിളയെപ്പററിക്കൂടി ഒരു സ്വാനുഭവം വിവരിച്ചുകൊള്ളട്ടെ. അവരെ ഒരു തരത്തിലും തരം താഴ്ത്തണമെന്ന ഉദ്ദേശം എനിക്കില്ല. എന്നാൽ, അന്നു് എൻെറ ഇളയമനസ്സിൽ അവരുടെ പെരുമാററം ഉളവാക്കിയ പ്രതികരണം ഇന്നും മാഞ്ഞുപോകുന്നില്ല. 1942 ആഗസ്റ്റ് മാസത്തിലൊരു ദിവസം രാത്രി. ഞാൻ തിരുവനന്തപുരം കുന്നുകുഴിയിൽ ലോഡ്ജിൽ ചില കൂട്ടുകാരോടൊത്തു താമസിക്കുകയാണു്. വയസ്സു് പത്തൊൻപതു്. പ്രായവും പദവിയുമൊക്കെ മോശമാകിലും, എൻെറ കാൺഗ്രസ്സനുഭാവം അന്നുതന്നെ വിദ്യാർത്ഥികൾക്കിടയിലും സ്ഥലത്തെ സ്റ്റേററു് കാൺഗ്രസ്സ് പ്രവർത്തകർക്കിടയിലും സുവിദിതമായിരുന്നു. അതുകൊണ്ടാകാം, രണ്ടു പേർ അർദ്ധരാത്രിയോടടുത്ത സമയത്തു് എന്നെ തിരക്കി ലോഡ്ജിൽ വന്നു കയറി. ആ ഇരുവരിൽ ഒരാളെ ഞാൻ ഓർക്കു-

ന്നു. കാൺഗ്രസ്സ് പ്രവർത്തകനായ തൈക്കാട്ട മാസ്റ്റർ.

മാസ്റ്റർ എന്നോടു പറഞ്ഞു, ശ്രീമതി സൗന്ദരം രാമചന്ദ്രൻ എന്നെ കണ്ട്, ജി. രാമചന്ദ്രന്റെ വീട്ടിൽ ഇരിക്കുന്നു എന്ന്. അദ്ദേഹം ഞങ്ങളുടെയെല്ലാം ആരാധനാപാത്രമായ ഒരു നേതാവായിരുന്നു. മഹാത്മാഗാന്ധിയുടെ ഏററവും അടുത്ത ശിഷ്യനായിട്ടാണ് അദ്ദേഹത്തെ ജനങ്ങൾ അന്ന് മനസ്സിലാക്കിയിട്ടുള്ളത്. ഏററവും ലളിതമായ ശൈലിയിൽ ഇംഗ്ലീഷ് പ്രസംഗം ചെയ്യുന്ന നേതാവെന്ന നിലയിലും വിദ്യാർത്ഥികളായ ഞങ്ങളുടെയൊക്കെ പ്രീതി അദ്ദേഹം നേടിയിരുന്നു. ശ്രീ ജി. രാമചന്ദ്രന്റെ ഭാര്യയാണ് ഡോ: സൗന്ദരം രാമചന്ദ്രൻ. സൗന്ദരത്തെപ്പററി അന്ന് പ്രത്യേകമൊരു മതിപ്പിന് കൂടി ഞങ്ങൾക്ക് കാരണമുണ്ടായിരുന്നു. ബിസ്സ് രാജാവും കോടീശ്വരനുമായ മധുരയിലെ ടി. വി. സുന്ദരം അയ്യങ്കാരുടെ (ടി. വി. എസ്സ്) ഡോക്ടർ പുത്രിയാണവർ. ഒരു കോൺഗ്രസ്സ് പ്രവർത്തകന്റെ ഭാര്യാപദം സ്വീകരിച്ചു എന്നതു തന്നെ അവരുടെ മഹാമനസ്കതയോ മഹത്വമോ ആയി അന്ന് ജനം കരുതിപ്പോന്നു. അതാണ് പശ്ചാത്തലം. ഡോ: സൗന്ദരം എന്നെ കാത്തിരിക്കുന്നു എന്നു കേട്ടപ്പോൾ എനിക്കു എന്നെപ്പററി ഉണ്ടായിരുന്ന സകലവും തന്നെ മാറിപ്പോയി. ഉടൻ തന്നെ ഞാൻ ഖദർ ജുബ്ബായും ഗാന്ധിത്തൊപ്പിയും ധരിച്ച് രാമചന്ദ്രന്റെ തൈക്കാട്ട വസതിയിലേക്കു യാത്രയായി.

ഞാനവിടെ ചെല്ലുമ്പോൾ മൂന്നോ നാലോ പേർ വേറെ ഉണ്ടായിരുന്നു. എല്ലാം വിദ്യാർത്ഥികൾ. ഒരു വിദ്യാർത്ഥിനിയും ഉണ്ടായിരുന്നു. ആ പെണ്ണിനെ പിന്നെ ഇന്നോളം എവിടെയെങ്കിലും വച്ച് ഞാൻ കണ്ടിട്ടില്ല. സൗന്ദരം രാമചന്ദ്രൻ മിക്കവാറും ഇംഗ്ലീഷിൽ തന്നെ (അല്ലാല്ലം തമിഴിലും) ഒരു നെടുനെടുങ്കൻ പ്രസംഗം ഞങ്ങളോടു ചെയ്തു. മഹാത്മാഗാന്ധിയേയും നെഹ്രുവിനേയും മററും അറസ്റ്റു ചെയ്തിരിക്കുന്ന പശ്ചാത്തലത്തിൽ, തിരുവനന്തപുരത്തും നിരോധനാജ്ഞകൾ ലംഘിക്കേണ്ടതിന്റെ പ്രാധാന്യം അവർ പറഞ്ഞു മനസ്സിലാക്കി. ഒരു വിദ്യാലയവും ഇനി തുറന്നു പ്രവർത്തിക്കാൻ അനുവദിച്ചുകൂടാ. അതിനുവേണ്ടി ജീവത്യാഗം വേണ്ടിവന്നാലും വരിക്കണം. പക്ഷേ, അക്രമരാഹിത്യം കൈവിട്ടുകൂടാതാനും. സത്യാഗ്രഹമാണ് നമ്മുടെ ലൈൻ. കോളേജുകളിലും സ്ക്കൂളുകളിലും ദിവസവും സത്യാഗ്രഹമനുഷ്ഠിക്കുക: എല്ലാ വിദ്യാർത്ഥികളെയും പുറത്തിറക്കുക—ഇതായിരുന്നു അവർ നടത്തിയ ഉജ്ജ്വല പ്രബോധനത്തിന്റെ സത്ത്.

അതനുസരിച്ച് അടുത്ത ദിവസം ഞങ്ങൾ നാലുപേർ (അവിടെ എത്തിയിട്ടുള്ള വിദ്യാർത്ഥികൾ) തിരുവനന്തപുരത്തെ കോളേജുകളിൽ കടന്നു കയറി പിക്കററു ചെയ്യണം. അതിനടുത്ത ദിവസം ശ്രീമതി സൗന്ദരം തന്നെ വിമൻസ് കോളേജ് പിക്കററു ചെയ്യുന്നതാണ്—അങ്ങനെ തീരുമാനമെടുത്തു.

ഞങ്ങൾ പിള്ളേർ അതേപടി പ്രവർത്തിച്ചു. അങ്ങനെ പിക്കററു ചെയ്ത് അറസ്റ്റിലായ നാലുപേർ ഞാൻ, ശ്രീ. ഏ. ശങ്കരപ്പിള്ളയുടെ രണ്ടുമക്കൾ, നെടുങ്ങണ്ടക്കാരനായ ശ്രീ. ശശാങ്കൻ എന്നിവരായിരുന്നു. (സി. എം. സ്റ്റീഫൻ, ജി. ജനാർദ്ദനക്കുറുപ്പ്, കെ. ബാലകൃഷ്ണൻ, സലാവുദ്ദീൻ എന്നിവർ അതിനും മുൻപ് നിയമലംഘനം നടത്തി ജയിലിലായിക്കഴിഞ്ഞിരുന്നു.) ഞങ്ങളെ പിടികൂടിയതിന്റെ അടുത്ത ദിവസവും കോളേജുകളിൽ എന്തെങ്കിലും കാര്യമായി നടക്കുമെന്ന പ്രതീക്ഷ ഞങ്ങൾക്കുണ്ടായിരുന്നു. എന്തെന്നാൽ, ഡോ. സൗന്ദരം രാമചന്ദ്രൻ സ്ഥലത്തു ക്യാമ്പുചെയ്യുന്നുണ്ട്. അവർ തന്നെ നേരിട്ട് പിക്കററിംഗ് നടത്തുമെന്നാണല്ലോ പറഞ്ഞിട്ടുള്ളത്. എന്നാൽ അടുത്ത ദിവസം ഒന്നും തന്നെ സംഭവിച്ചില്ല. പിക്കററിംഗോ അറസ്റ്റോ നടന്നില്ല. നടന്നത് ഒന്നുമാത്രം. ശ്രീമതി സൗന്ദരം രാമചന്ദ്രൻ രാത്രിക്കുരാമാനം സ്ഥലംവിട്ടു. ദിവാൻ സി. പി. രാമസ്വാമി അയ്യർ ആവശ്യപ്പെട്ടിട്ട് അവരെ സ്വപിതാവായ സുന്ദരമയ്യങ്കാർ മധുരയിലേക്ക് തിരിച്ചു വിളിച്ചുകളഞ്ഞു എന്നാണ് അന്ന് കേൾക്കാൻ കഴിഞ്ഞത്. പിന്നെ ചില വർഷങ്ങൾക്കു ശേഷമാണ് ഡോ: സൗന്ദരത്തെപ്പററി ഞാൻ കേൾക്കുന്നത്. അതും, അവർ ഒരു കേന്ദ്രമന്ത്രിയായി എന്ന വൃത്താന്തവും.

സ്റ്റേററ് കാൺഗ്രസ്സിന്റെ ചരിത്രത്തിൽ അവിസ്മരണീയങ്ങളായ ചില വനിതകളുണ്ട്. മിസ്സ് ആനി മസ്ക്രീൻ, മിസ്സ് അക്കാമ്മ ചെറിയാൻ, മിസ്സ് റോസമ്മ ചെറിയാൻ എന്നിവർ തിരുവിതാംകൂർ ജനതയുടെ വീരനായികമാരായിരുന്നു. ഇവരുടെ അപദാനങ്ങൾ ധാരാളമായി രേഖപ്പെടുത്താനുള്ളതാണ്. റോസമ്മ ചെറിയാൻ (സഖാവ് റോസമ്മ പുന്നൂസ്) പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്കു കടക്കുകയും ഇന്നും ധീരോജ്ജ്വല മഹജനസേവനം തുടരുകയും ചെയ്യുന്നു. ●●

ഇംഗ്ലീഷിൽ സംസാരിക്കാൻ

(1) ഇംഗ്ലീഷിൽ സംഭാഷണം ചെയ്യാൻ—ഇംഗ്ലീഷ് സംഭാഷണ പാഠാവലി 12ക.
(2) ഇംഗ്ലീഷ് വ്യാകരണം പഠിക്കാൻ—സമ്പൂർണ്ണ ഇംഗ്ലീഷ് വ്യാകരണ പാഠാവലി 6ക.
(3) ഇംഗ്ലീഷിൽ കത്തുകളെഴുതാൻ—Senior Letter Writer. 8ക.
(4) തെററുകൂടാതെ ഇംഗ്ലീഷ് എഴുതാൻ—Correct English. 5ക.
(5) ഉദാഹരണവാക്യങ്ങളടങ്ങിയ ഇംഗ്ലീഷ് നിഘണ്ടു. 20ക. 4ക. മുൻകൂർ അയച്ചു അപേക്ഷിക്കുക. A. P. O. യിലുള്ളവർ മുഴുവൻ തുകയും മുൻകൂറയക്കണം. ഓരോന്നിനും തപാൽചെലവ് 2ക. 50സ.

C. C. Book Depot, 6 Rajendran Colony,
Arunachalam Road, Saligramam, MADRAS - 93

കഥ

വധു

എസ് മഹാദേവൻതമ്പി

എഴുന്നേൽക്കാൻ ശ്രമിച്ചപ്പോൾ പൊത്തിപ്പിടിച്ചുകൊണ്ട് അവൾ കെഞ്ചി:

"പ്ലീസ് അവസാനത്തെ രാത്രിയല്ലേ. ഇതെനിക്കു തരൂ"

അരണ്ട വെളിച്ചത്തിൽ അവളുടെ മുഖം കണ്ടു. മയക്കുന്ന ആ കണ്ണുകളും.

വീണ്ടും കിടന്നു.

അവളുടെ വിരലുകളുടെ വേഗം തളർന്ന ഞരമ്പുകളെ ഒന്നൊന്നായി ഉണർത്തി. ത്വക്കിന്റെ നനുത്ത സ്പർശം ഉറഞ്ഞുപോയ ഒരു വികാരത്തെ ഉരുക്കി. അവളുടെ ആ ഭാവം മനസ്സിനെ കീഴടക്കി.

അവസാനം എല്ലാം കഴിഞ്ഞ് ഒരു തളർന്ന നായയെപ്പോലെ അവളുടെ മാറിൽ മുഖം ചേർത്ത് അണച്ചു തീർക്കുമ്പോൾ എല്ലാററിനേയും കീഴടക്കാൻ കഴിയുന്ന എന്തോ ഒന്ന് അവളിലുണ്ടെന്ന് ബോദ്ധ്യമായി.

അതു് ആദ്യമേ തോന്നിയിരുന്നതുമാണ്. മുറിയിലേക്കു കയറുമ്പോൾ അവൾ ജനാലക്കൽ സന്ധ്യയുടെ നിറമുള്ള വിരലുകളെ തഴുകിക്കൊണ്ടു നില്ക്കുകയായിരുന്നു. കതകടച്ച് പിന്നിലൂടെ ചെന്ന് തോളിൽ തൊട്ടപ്പോൾ അവൾ ഞെട്ടി. എല്ലാ അഭിസാ

രികമാരും ഇങ്ങനെയാണല്ലോ. ഓരോ പ്രാവശ്യം വഴങ്ങുമ്പോഴും അതാദ്യമാണെന്ന് നടിക്കുക. ഉള്ളിൽ തികട്ടിവന്ന പുച്ഛം അടക്കി മുഖം പിടിച്ചു തിരിക്കുമ്പോൾ അസാധാരണവശ്യതയുള്ള അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

വാടകയ്ക്കുവന്ന പെണ്ണ് ഇടപാടുകാരന്റെ മുന്നിൽ കരയുക. അതാദ്യത്തെ അനുഭവമാണ് അത്ഭുതംകൂറിനില്ക്കെ അവൾ വിങ്ങി.

ഞാൻ — — ഞാനങ്ങയുടെ ഭാര്യയാണ്. ഞാനാണ് നാളത്തെ വധു!"

പെട്ടെന്ന് പൊട്ടിച്ചിരിക്കാനാണ് തോന്നിയത്. മുന്നാലാവർത്തി ചിരിച്ചു. ഷംസിന്റെ പണിയാണിത്. എല്ലാം അവൻ ഇവളോടു പറഞ്ഞുകൊടുത്തിരിക്കും.

വിവാഹത്തിന്റെ തലേ രാത്രിയിൽ ഒരു സുന്ദരിയെ വിവാഹസമ്മാനമായി നൽകാമെന്ന് ഷംസ് പണ്ടെങ്ങോ ഏററിരുന്നതാണ്. നാളത്തെ വിവാഹം സംബന്ധിച്ച് ഒരു നൂറുകൂട്ടം തിരക്കിലങ്ങനെ നിന്നപ്പോഴായിരുന്നു ഷംസ് കയറിവന്നത്. മുഖവുരയൊന്നും കൂടാതെ തന്നെ അവൻ പറഞ്ഞു.

"നാളെ നിന്റെ വിവാഹമല്ലെ. പണ്ട് ഞാനൊരു സമ്മാനം തരാമെന്നു പറഞ്ഞത് ഓർമ്മയുണ്ടോ. എന്തെങ്കിലും കള്ളം പറഞ്ഞ് എന്റെകൂടെ വരൂ. ഹോട്ടലിൽ അവൾ തനിച്ചാണ്."

എനിക്കു കാര്യം മനസ്സിലായി. പോകണമെന്നുണ്ടെങ്കിലും മനസ്സ് വന്നില്ല. പാപത്തിന്റെ പട്ടികയിൽ ഒന്നുകൂടി വേണോ.

അതിഥികളുടെ കാര്യം പറഞ്ഞ് ഒഴിഞ്ഞുമാറാൻ തുടങ്ങിയപ്പോൾ ഷംസ് രഹസ്യമായി പറഞ്ഞു "എടാ കെട്ടിക്കഴിഞ്ഞാൽ പിന്നിതൊന്നും പററില്ല. നിന്റെ സകല പാപങ്ങളും ഇവിടെ തീരട്ടെ."

എന്നിട്ടവൻ അതിഥികളോടായി പറഞ്ഞു: ഇവന് ഞാനൊരു പ്രസന്റ് വാങ്ങിക്കൊടുക്കാൻ കൊണ്ടുപോകയാണ്. കുറെ നേരത്തേക്കു നിങ്ങൾ ക്ഷമിക്കണം."

വഴിനീളെ അവൻ വാടകയ്ക്കെടുത്ത പെണ്ണിന്റെ ഗുണഗണങ്ങൾ പറഞ്ഞു. ഒരു ചിത്രകാരിയോ കവയിത്രിയോ ആയിത്തീരേണ്ടവളായിരുന്നു. എന്തോ അവളിങ്ങനെയായി. ഹോട്ടലിൽ എത്തിയപ്പോൾ മുറിയുടെ താക്കോൽ തന്നുകൊണ്ടു പറഞ്ഞു. "നിങ്ങൾ ഒന്നു പരിചയപ്പെട്. ഞാൻ കുറെക്കഴിഞ്ഞു വരാം."

അപ്പോൾ പുറത്തുപോയ അവൻ മടങ്ങിവന്നിട്ടേയില്ല. എന്റെ കാര്യങ്ങളെല്ലാം അവൻ അവളോടു പറഞ്ഞുകൊടുത്തിരിക്കും. ആദ്യത്തെ കൂടിക്കാഴ്ചയിൽത്തന്നെ അമ്പരപ്പുണ്ടാകട്ടെ എന്നവൻ കരുതിക്കാണും. അവളും നന്നായി അഭിനയിച്ചു. ആളൊരു രസികത്തിതന്നെ.

വല്ലാത്തൊരു ഉത്സാഹം തോന്നി. അവളെ അഭിനന്ദിച്ചുകൊണ്ട് ജനാലകളടക്കാൻ തുടങ്ങിയപ്പോൾ അവൾ തടഞ്ഞു.

"പ്ളീസ് അടയ്ക്കല്ലെ."

എല്ലാ പഴുതുകളും അടയ്ക്കാനാണ് ഒരു വേശ്യ ആവശ്യപ്പെടുക. ഇരുട്ടാണല്ലോ അവൾക്കു പ്രിയം. ഒരു സ്വപ്നത്തിലെന്നപോലെ അവൾ എന്നോടു പറഞ്ഞു: "സന്ധ്യ എന്നെ തൊടാൻവേണ്ടി അവളുടെ കൈകൾ ഈ ജനാലയിലൂടെ അകത്തേക്കിട്ടിരിക്കുകയാണ്. ജനലടച്ചാൽ അവളുടെ വിരലുകൾ മുറിഞ്ഞുപോകും."

വിചിത്രമായൊരനുഭവം നുകരുന്ന എന്നെ നോക്കി അവൾ പെട്ടെന്ന് കരയാൻ തുടങ്ങി.

വല്ല മനോരോഗികളെയും കൊണ്ടുവന്ന് ഷംസ് എന്നെ പററിച്ചതാണോ?

അവൾ പണിപ്പെട്ട് കരച്ചിലടക്കി എന്റെ കയ്യിൽ കടന്നുപിടിച്ചു. സന്ധ്യയുടെ വർണ്ണരശ്മികൾക്കുമീതെ എന്റെ വിരലുകൾവച്ച് അവൾ മെല്ലെ പറഞ്ഞു:

"എല്ലാവരും കരുതും നാം നാളയെ വിവാഹിതരാകും എന്ന്. പക്ഷെ നാമിന്നേ വിവാഹിതരായി. നാമൊന്നായി. ഇതാണ് നമ്മുടെ ആദ്യരാത്രി; അവസാനത്തേതും. പക്ഷെ അതു നമുക്കുപോലും അറിയില്ലായിരിക്കും." അവൾ സന്ധ്യയെ സാക്ഷിനിർത്തി എന്നെ പരിണയിച്ചു. എന്നിട്ട് എനിക്കുപോലും വിസ്മയമുണ്ടാകുന്ന രീതിയിൽ അവളുടെ മുഖം മാററി. അവൾ പ്രസന്നയായി.

ചന്ദനത്തിന്റെ ഗന്ധമുള്ള ഒരു ദൃശ്യലോകത്തിലേക്ക് അവൾ എന്നെ കൂട്ടിക്കൊണ്ടുപോയി.

വിസ്മൃതിയിൽ വിലയംകൊണ്ട വിനാഴികകൾ! ഒരിടത്തും അനുഭവിച്ചിട്ടില്ലാത്ത ഒരനുഭൂതിയാണ് അവളുടെ ലോകത്തിൽ. അവിസ്മരണപ്രപഞ്ചത്തിൽനിന്ന് ഇനി ഒരിക്കലും വിമുക്തനാവുമെന്ന് തോന്നിയില്ല.

അവളൊന്നു തേങ്ങി.

ഒരു ഞെട്ടലോടെ മാറിൽനിന്നു മുഖമുയർത്തി തിരക്കി.

"എന്തേ."

അവൾ കരയുകയാണെന്നു തോന്നി. നേർത്ത ഇരുളിൽ നിറഞ്ഞൊഴുകുന്ന രണ്ടു തടാകങ്ങൾ കണ്ടു. പുലോമ ഒന്നിലധികമൊ? വധൂസര രണ്ടോ? ഞാനിവിടെ മുങ്ങിപ്പോകുമൊ?

നിമിഷങ്ങളോളം അവളുടെ നിറഞ്ഞ കണ്ണുകളിലേക്കു നോക്കിയിരുന്ന എനിക്ക് അവളോട് പ്രേമംതോന്നി. ആ നിറകണ്ണുകളിൽ ചുംബിച്ചുകൊണ്ടു ഞാൻ തിരക്കി.

"നിന്റെ പേരെന്താ?"

"സീത" അവൾ പറഞ്ഞു.

എനിക്കൊരു നിമിഷത്തേക്ക് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. നാളെ എന്റെ ഭാര്യയാകുന്നവളുടെ പേരും സീത എന്നുതന്നെ പെട്ടെന്ന് ഞാൻ വീടോർത്തു. അതിഥികളെ ഓർത്തു. നാളത്തെ വിവാഹത്തെ ഓർത്തു. എനിക്കുടനെ പോകണമെന്നു തോന്നി.

ഞാനെഴുന്നേൽക്കാൻ തുടങ്ങിയപ്പോൾ അവളെന്നെ തടഞ്ഞു.

"ഈ രാത്രിയെങ്കിലും മുഴുവനായി എനിക്കു തരൂ. നാളെ പുലർച്ച പോകാം."

ഞാനെഴുന്നേററുകൊണ്ടു പറഞ്ഞു:

"ഷംസ് ഇപ്പോൾവരും. എനിക്ക് പോകണം."

പെട്ടെന്ന് അവളെന്റെ പേരു ചൊല്ലി വിളിച്ചു. ഒരാജ്ഞാസ്വരത്തിൽ പറഞ്ഞു:

"ഇവിടെ. എന്റരികിൽ വരു."

ഒരാട്ടിൻകുട്ടിയെപ്പോലെ ഞാൻ അനുസരിച്ചു. അവളുടെ തഴുകലേററ് തളർന്നു മയങ്ങിപ്പോകുന്ന ഒരു വെളുത്ത ആട്ടിൻകുട്ടി:

"എന്റെ പേരെങ്ങനെ അറിയാം" ഞാൻ ചോദിച്ചു അവൾ പൊട്ടിച്ചിരിച്ചു.

"എന്റെ പുരുഷന്റെ പേരെനിക്കറിയില്ലെന്നോ."

ഈശ്വരാ ഉപദ്രവമായൊ. ഇവളോട് എതിർക്കാനുള്ള എന്റെ എല്ലാ കഴിവുകളും നഷ്ടമായിരിക്കുന്ന നേരം ഒന്നു വെളുത്തിരുന്നെങ്കിൽ. അസ്വാസ്ഥ്യത്തോടെ ഞാൻ തിരിഞ്ഞുകിടന്നു.

എന്റെ ഭാവംകണ്ടാവാം അവൾ പെട്ടെന്ന് ശരീരത്തിൽ അവശേഷിച്ചിരുന്ന



വസ്ത്രങ്ങളെല്ലാം അഴിച്ചുമാററി. പരിപൂർണ്ണനഗ്നയായി. എന്നേയും നഗ്നനാക്കി. എന്നിട്ട് നിശ്ചലയായി കിടന്നുകൊണ്ട് അവൾ പറഞ്ഞു അവളെ അമർത്തിപ്പുണരാൻ. ഞാൻ അനുസരിച്ചു. എന്റെ കൈക്കുള്ളിൽ ഒരു കുഞ്ഞിനെപ്പോലെ കിടന്നുകൊണ്ട് അവൾ വീണ്ടും കെഞ്ചി."

"ഇനിയുമമർത്തൂ."

അവളുടെ ശക്തി എന്റെ സിരാവ്യൂഹങ്ങളിലേക്കു പടർന്നുകയറി. അവളുടെ ശരീരംഎന്റെ രോമകൂപങ്ങൾക്കിടയിൽ ലയിച്ചു. അവൾ ഞാനായി:

പുറത്ത് ജനാലയിലൂടെ നേർത്ത വെളിച്ചം കൺപോളകളിൽ തഴുകിയപ്പോഴാണ് പ്രഭാതമായത് അറിഞ്ഞത്. മണിക്കൂറുകൾക്കുള്ളിൽ വിവാഹവേദിയിൽ എത്തേണ്ട വരനാണ് ഇവിടെ ഒരഭിസാരികയുടെ കൈകൾക്കുള്ളിൽ അമർന്നു കിടക്കുന്നത്.

ഒരു ഞെട്ടലോടെ എഴുന്നേൽക്കാൻ നോക്കിയപ്പോൾ അവളുടെ കൈകൾ മരവിച്ചതുപോലെ തോന്നി. പണിപ്പെട്ട് മോചിതനായപ്പോൾ ഭയംകൊണ്ട് ശ്വസിക്കാൻപോലും കഴിഞ്ഞില്ല. വെളുത്തു ചുവന്നു തുടുത്തിരുന്ന സുന്ദരി കറുത്ത് കരിക്കട്ടപോലെയായിരിക്കുന്നു. ഭീതിദമായൊരു കാററ് അവൾക്കു ചുററും വീശിക്കൊണ്ടിരിക്കുന്നു. മുഖം കൈ അടുപ്പിച്ചു നോക്കിയപ്പോൾ ഞെട്ടലോടെ ഒരു സത്യം മനസ്സിലാക്കി:

അവൾ മരിച്ചിരിക്കുന്നു!

വിഭ്രമത്തിൽ വീണുപോയ മനസ്സ് എല്ലാ ദൈവങ്ങളേയും വിളിച്ചു കേണു.

ഈശ്വരാ മണിക്കൂറുകൾക്കുള്ളിൽ വിവാഹമണ്ഡപത്തിലെത്തേണ്ട വരൻ ഒരു വേശ്യയുടെ മൃതിപൂണ്ട വിരലുകൾക്കുകീഴെ തടവുകാരനായിരിക്കുന്നു.

എന്തുചെയ്യണമെന്നറിയാതെ നിന്നപ്പോൾ വാതിൽക്കൽ ഒരു മുട്ടുകേട്ടു. നിർത്തി നിർത്തി വീണ്ടും മുട്ടുകേട്ടു. താളത്തിലുള്ള മുട്ട്.

ആരായിരിക്കും?

ഷംസോ.

പോലീസുകാരോ.

വീട്ടിൽനിന്നാരെങ്കിലുമോ.

വീണ്ടും മുട്ടുകേട്ടു. ഇത്തവണ വാതിലിൽ

(ശേഷം 48-ൽ)

DON'T STOP, I'LL KILL YOU!
'I' bet she's a
She brighten
body says
dead
സാഹിത്യവാരഫലം
സാഹിത്യവാരഫലം

എം കൃഷ്ണൻനായർ

നളിനീ! നിന്നെ ഞാൻ സ്നേഹിച്ചിരുന്നെങ്കിൽ, നീ എന്റെ അടുക്കൽ വന്നിരുന്നെങ്കിൽ, തത്ത്വമസി എന്ന മഹാവാക്യം പറഞ്ഞുതന്ന് മോക്ഷത്തിലേക്കു നയിക്കുമായിരുന്നില്ല. വാസവദത്തേ! നീ എന്നെ ക്ഷണിച്ചിരുന്നെങ്കിൽ "സമയമായില്ല" എന്നു ഞാൻ പറയുമായിരുന്നില്ല. ഉഷേ! നീ എന്നോടു രക്ഷപ്രാപിക്കാൻ അപേക്ഷിച്ചിരുന്നെങ്കിൽ "ഭവൽകാന്തനൊരു തസ്കരനോ സുശീലേ" എന്നു ചോദിക്കുമായിരുന്നില്ല. ബാത്ത്ഷീബ! അത്യന്തസുന്ദരിയായ നീ നഗ്നയായി കുളിക്കുന്നത് ഞാൻ കണ്ടിരുന്നെങ്കിൽ നിന്റെ ഭർത്താവിനെ യുദ്ധത്തിനു പറഞ്ഞയയ്ക്കുമായിരുന്നില്ല ... നളിനിയോടുകൂടി ഞാൻ ജീവിച്ചേനേ. വാസവദത്തയുടെ വീട്ടിൽച്ചെന്ന് അവരുടെ ആതിഥ്യം സ്വീകരിച്ചേനെ. കാരാഗൃഹത്തിൽനിന്ന് ഓടിപ്പോയ ഉഷയുടെ ശയനമുറിയിൽ പ്രവേശിച്ചേനേ. ബാത്ത്ഷീബയെ സ്വൈരമായി ഭർത്താവിനോടൊരുമിച്ചു ജീവിക്കാൻ അനുവദിച്ചേനേ. കാരണം ഞാൻ സൗന്ദര്യത്തെ ആരാധിക്കുന്നു എന്നതുതന്നെ. ലൗകികജീവിതം നയിക്കാതെ ആധ്യാത്മികജീവിതം സാക്ഷാത്കരിക്കുന്നതെന്തിന്? സുന്ദരിയിൽ അഭിനിവേശം തോന്നിയാൽ അവളുടെ ഭർത്താവിനെ കൊല്ലുകയോ? സൗന്ദര്യാരാധനം മതമായി സ്വീകരിച്ചവനു വധം സാദ്ധ്യമോ? ഈ മാനസികനില എനിക്കുള്ളതുകൊണ്ട് സൗന്ദര്യമില്ലാത്ത ഒരു കവിതയും കഥയും എനിക്കിഷ്ടമില്ല. അക്കാരണത്താൽ കലാകൗമുദിയിൽ ശ്രീ മുണ്ടൂർ സേതുമാധവൻ എഴുതിയ "വിധി" എന്ന ചെറുകഥയെ ഞാൻ വെറുക്കുന്നു. ഒരുത്തൻ പ്രഭുവിനെ കാണാൻ ചെല്ലുന്നു. പ്രഭു അവനെയുംകൂട്ടി നടത്തം ആരംഭിച്ചു. അധിത്യകകളും ഉപത്യകകളും അവർ താണ്ടി. പ്രഭു വളരെവേഗത്തിൽ നടക്കുകയാണ്. ഒടുവിൽ ഒരു സമതലത്തിൽ എത്തിയപ്പോൾ പ്രഭുവിനെ കാണാനില്ല. അവൻ അതോടെ വീണു. അന്ധകാരം അവന്റെ മനസ്സിനെ ആക്രമിച്ചു. ഇതിലെ പ്രഭുവും അയാളുടെ പിറകേ പോകുന്നവനും പ്രതീകങ്ങളാണെന്നതിൽ സംശയമില്ല. പക്ഷേ കലാശില്പത്തിലെ പ്രതീകങ്ങൾ മനോഹരങ്ങളാകണമെങ്കിൽ ആവിഷ്കരണത്തിനു ശക്തിയുണ്ടാവണം. കലാകാരന്റെ സംഘട്ടനാത്മകമായ മാനസികനില ആ പ്രതീകങ്ങളിലൂടെ വ്യക്തമാകണം. സേതുമാധവന്റെ കഥയിൽ അതൊന്നുമില്ല. അദ്ദേഹം പ്രതീകത്തിനുവേണ്ടി പ്രതീകം ഉപയോഗിക്കുന്നു. ഫലമോ? മുണ്ടശ്ശേരി പറയുന്നതുപോലെ അമ്പേ പരാജയം.

* * *

ഞാൻ ജോലിസ്ഥലത്തുപോകാൻ വീട്ടിൽനിന്ന് റോഡിലേക്കു ചെന്നു. അപ്പോൾ ഒരു യുവതി റോഡിന്റെ ഒരു വശത്തു എന്തോ നോക്കി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. അവൾ ദയനീയമായി, അപേക്ഷയുടെ മട്ടിൽ എന്നെ നോക്കിയതുകൊണ്ട് ഞാൻ ചോദിച്ചു:— "എന്താണ് കളഞ്ഞത്?" ദുഃഖം കലർന്ന രീതിയിൽ അവൾ മറുപടി നൽകി.

"മോതിരം"

"എത്ര പവൻ?" ഞാൻ ചോദിച്ചു.

"അറിഞ്ഞുകൂടാ, ഇട്ടതാണ് ഒരു പവനെങ്കിലും വരും"

പ്രിയപ്പെട്ട വായനക്കാർക്കു മനസ്സിലായില്ല, അല്ലേ? ഇട്ടതാണ് എന്നു പറഞ്ഞാൽ ഭർത്താവ് കല്യാണമണ്ഡപത്തിൽവച്ച് അവളുടെ വിരലിൽ അണിയിച്ചതാണ് ആ മോതിരമെന്ന് അർത്ഥം. അറിഞ്ഞുകൂടാ എന്ന ആ "ചെല്ലം പെരുത്ത" വാക്കിനും ഇട്ടതാണ് എന്ന ശൃംഗാരച്ഛായകലർന്ന വാക്കിനും ഇടയ്ക്കുനിൽക്കുന്ന തടിയനാണ് ഭർത്താവെന്ന് ഇ. വി. കൃഷ്ണപിള്ളയോടൊരുമിച്ച് പ്രസ്താവിക്കാവുന്നതാണ്. ഞാൻ മോതിരംനോക്കി അങ്ങോട്ടുമിങ്ങോട്ടും നടന്നു. അഞ്ചു മിനിററു നേരത്തെ ശ്രമംകൊണ്ട് മോതിരം കിട്ടി. ആഹ്ലാദത്തോടെ അതു് അവൾ [illegible]കൊണ്ടു. "താങ്ക്സ്" എന്ന് അവൾ മൊഴിയുമെന്നാണ് ഞാൻ വിചാരിച്ചത്. ആ വാക്കു പറഞ്ഞില്ലെന്നു മാത്രമല്ല അവൾ കർക്കടകമാസത്തിലെ അമാവാസിപോലെ മുഖം കറുപ്പിക്കുകയുംചെയ്തു. അതു കണ്ട് ഞാൻ അത്ഭുതപ്പെട്ടില്ല. ഫ്രായിററിന്റെ Psychopatholosy of Everyday life എന്ന പുസ്തകം വായിച്ചിട്ടുള്ള എനിക്ക് ആ മുഖംകറുപ്പിക്കലിന്റെ കാര്യം ഉടനെ മനസ്സിലായി. അവൾക്കു ദാമ്പത്യജീവിതം അത്ര ഇഷ്ടമുള്ളതല്ല. ഗീദിമോപസാങ്ങിന്റെ neddace എന്ന ചെറുകഥയിലെ നായികയെപ്പോലെ റൊമാൻറിക് സങ്കല്പങ്ങൾ വച്ചുപുലർത്തിയിരുന്ന പെൺകുട്ടിയായിരുന്നു അവൾ. പക്ഷേ, വിവാഹം അവളുടെ എല്ലാ സങ്കല്പങ്ങളെയും തകർത്തുകളഞ്ഞു. സാധാരണക്കാരനും വിരസനും ആയ ഭർത്താവിനെയാണ് അവൾക്കു കിട്ടിയത്. ദാമ്പത്യജീവിതം വിരസമാണെങ്കിൽ യുവതിയുടെ കൈയിൽനിന്ന് വിവാഹമോതിരം കളഞ്ഞുപോകും. അബോധമനസ്സിന്റെ പ്രേരണയാലാണ് അതു സംഭവിക്കുന്നത്. അതേസമയം ബോധമനസ്സ് അതു കണ്ടെടുക്കാനുള്ള ശ്രമം നടത്തുകയും ചെയ്യും. ഞാൻ ആ മോതിരം എടുത്തുകൊടുത്തപ്പോൾ അവളുടെ മുഖം കറുത്തതിനു കാരണം അതാണ്. സൈക്കോളജിയിലെ കാര്യമാണിത്. പക്ഷേ, കലയിൽ അസുഖകരങ്ങളായ കാര്യങ്ങൾ എടുത്തുകാണിച്ചാൽ അനുവാചകന്റെ മുഖം കറുക്കുകയില്ല. തെളിയുകയേയുള്ളൂ. ശ്രീ. പി. എം. ദിവാകരൻ കലാകൗമുദിയിൽ എഴു

തിയ "തട്ടക"ത്തിൽ ജീവിതത്തിലെ വിരസങ്ങളും അസുഖകരങ്ങളുമായ പല സംഭവങ്ങളുമുണ്ട്. പക്ഷേ, കലാകാരന്റെ പ്രാഗൽഭ്യത്താൽ അവയ്ക്കു കലാപരമായ മൂല്യം സിദ്ധിക്കുന്നു. സംഭവങ്ങൾ ഹൃദയഹാരിയായവിധത്തിൽ കൂട്ടിയിണക്കപ്പെടുന്നു. വിണ്ടലം കാർമേഘങ്ങളാൽ ആച്ഛാദിതമാകുമ്പോൾ ഞാൻ ആകാശനീലിമ കൊതിച്ചിട്ടുണ്ട്. കൊടുങ്കാററടിക്കുമ്പോൾ തെക്കൻകാററിന്റെ മൃദുലസ്പർശം അഭിലഷിച്ചിട്ടുണ്ട്. കോപനയുടെ ചുണ്ടുകളിൽനിന്നു പരുഷപദങ്ങൾ വീഴുമ്പോൾ മുല്ലപ്പൂക്കൾക്കു സദൃശമായ പുഞ്ചിരി അടർന്നുവീണെങ്കിൽ എന്നു് ആഗ്രഹിച്ചിട്ടുണ്ട്. കലാസാഹിത്യത്തിന്റെ അന്ധകാരത്തിൽ കലയുടെ സുവർണ്ണമയൂഖം വീണെങ്കിൽ! ദിവാകരന്റെ കഥ സുവർണ്ണമയൂഖമല്ല; എങ്കിലും അതൊരു മയൂഖംതന്നെ.

* * *

കലാസൃഷ്ടി ഭാവാത്മകത്വം ആവഹിക്കയും അതു് കാവ്യമാകാതെ രൂപം കൈക്കൊള്ളുകയും ചെയ്യുന്നതു നാം പലപ്പോഴും കണ്ടിട്ടുണ്ട്. അങ്ങനെയുള്ള രൂപം കൊള്ളലിനു് ഗദ്യകവിതയെന്നു പേരു നല്കാം. ചിലപ്പോൾ അതിനു കഥയുടെ രൂപവും ലഭിക്കാറുണ്ട്; അത്തരം കഥകൾക്കു് ഗുണങ്ങൾ കാണും, ദോഷങ്ങൾ കാണും. ശ്രീമതി സാറാ ജോസഫ് മാതൃഭൂമിആഴ്ചപ്പതിപ്പിൽ എഴുതിയ "താഴ്‌വര" ആ രീതിയിലുള്ള ചെറുകഥയാണ്. ഭാവാത്മകതയുണ്ട് അതിനു്; അവ്യക്തതയുമുണ്ട്.

* * *

"പൊൻപൂവ്" കാററിൽ പറക്കുന്നതുപോലെ നിങ്ങളുടെഅടുക്കൽ പറന്നുവന്നു് മൃദുലമായ സ്പർശംകൊണ്ടു്, ഉന്മത്തമായ ചുംബനം കൊണ്ടു് വിശ്വവശ്യമായ പുഞ്ചിരി കൊണ്ടു് നിങ്ങളെ ആഹ്ലാദത്തിലേക്കു് എറിയുന്ന വേശ്യയെ പരിചയമുണ്ടോ? പരിചയമില്ലെങ്കിൽ ഭാഗ്യം. കാരണം ആ ആഹ്ലാദം യഥാർത്ഥത്തിലുള്ള ആഹ്ലാദമല്ല എന്നതു തന്നെ. അവൾ നിങ്ങളെ ഈശ്വരനോടു് അടുപ്പിക്കുന്നില്ല. നിങ്ങളുടെ മനസ്സിനു് ഉന്നമനം വരുത്തുന്നില്ല. പ്രപഞ്ചത്തിലെ മററു വസ്തുക്കളോടു് ബന്ധിപ്പിക്കുന്നില്ല—ഇനി മറെറാരു രംഗം. നിലാവിൽ ഉറങ്ങുന്ന ഗ്രാമം. ആ ഗ്രാമത്തിൽ വെള്ളിപോലെ തിളങ്ങുന്ന കൊച്ചുവീട്. ആ ഭവനവും ഉറങ്ങുന്നു. പക്ഷേ, നിങ്ങൾ വാതിലിൽ തട്ടിയുണ്ടാക്കിയ ചെറിയ ശബ്ദം കേട്ട് ഒരു കന്യക വന്നു് വാതിൽ തുറക്കുന്നു. അതോടെ ആ ഭവനം ഉണരുന്നു. നിങ്ങളുടെ ചേതനയുണരുന്നു: അരുണാഭങ്ങളായ കവിൾത്തടങ്ങൾ. മന്ദഹാസം. ചോദ്യങ്ങൾക്കു ശരിയായ ഉത്തരങ്ങളില്ല. അവളെ ഒന്നു സ്പർശിക്കാൻ ശ്രമിക്കൂ. പൂ അടത്തിയെടുക്കാൻ ശ്രമിക്കുമ്പോൾ പനിനീർച്ചെടി പിറകോട്ടു മാറുന്നതു പോലെ അവൾ മാറുന്നു. സ്നേഹമില്ലാഞ്ഞിട്ടല്ല, സ്നേഹാധിക്യത്താൽത്തന്നെ. അവൾ രജതദേവാലയത്തിലിരിക്കുന്ന സ്വർണ്ണവിഗ്രഹം പോലെയാണ്. കാരുണ്യത്തിന്റെയും പ്രേമത്തിന്റെയും മയൂഖമാലകൾ അവൾ പ്രസരിപ്പിക്കുന്നു. സ്ത്രീയുടെ ഈ രണ്ടുഭാവങ്ങളും, ശ്രീ. പി. ആർ. നാഥൻ ഭംഗിയായി ആവിഷ്കരിക്കുന്നു. (മലയാളനാട്ടിൽ അദ്ദേഹമെഴുതിയ "കൃഷ്ണഗാഥ" എന്ന ചെറുകഥ നോക്കുക.)

ആദ്യം പറഞ്ഞവൾ ഈ വെള്ളക്കടലാസ്സിൽ വീണ്ടും വന്നുനില്ക്കുന്നു. ഹായ്! അവളെ എനിക്കറിയാം. കാറിൽ സഞ്ചരിക്കുമ്പോൾ അവൾ ഉറക്കം നടിച്ചു് ശരീരത്തിലേക്കു മറിഞ്ഞുവീഴുന്നു. നിദ്രയുടെ തീവ്രത കൊണ്ടാണെന്ന മട്ടിൽ അവളുടെ മാറിലെ സാരി മാറിപ്പോകുന്നു. കാല് കാലിൽ ഉരുമ്മുന്നു. രണ്ടാമതു പറഞ്ഞവളും ഇതാ ഇവിടെ വന്നു നില്ക്കുന്നു. അവൾ ഉറക്കം ഭാവിക്കുകയല്ല; ഉറങ്ങുക തന്നെയാണ്. അവളുടെ ശിരസ്സിന്റെ ഒരു ഭാഗം മാത്രമേ നിങ്ങളുടെ തോളിൽ സ്പർശിച്ചിട്ടുള്ളു. "ഞാൻ സ്നേഹിക്കുന്ന ആൾ അടുത്തുണ്ട്" എന്ന ആത്മവിശ്വാസത്താൽ അവളുടെ മുഖം ദീപ്തമാണ്. അവൾ തെല്ലകലെയാണെങ്കിലും അവളുടെ ഹൃദയസ്പന്ദനങ്ങൾ കേൾക്കാറാകുന്നു. ആദ്യത്തെ സ്ത്രീക്കു് മാറിമാറിവരുന്ന ഭാവങ്ങൾ; രണ്ടാമത്തെ സ്ത്രീക്കു് മാറാത്ത ഭാവം. അവൾ ജയിക്കട്ടെ. അങ്ങനെ ഈ ലോകവും ജയിക്കട്ടെ.

* * *

അവനും അവളും മൂന്നാം ക്ലാസ്സിലെ വിദ്യാർത്ഥികൾ. ഒരുമിച്ചാണ് അവർ വിദ്യാലയത്തിൽ പോകുന്നതും തിരിച്ചുവരുന്നതും: ഒരു ദിവസം, സ്നേഹത്തിന്റെ കൂടുതൽ കൊണ്ടു് അവൻ ഒരു തിളങ്ങുന്ന നാണയം—ഒരു പണം (പഴയ തിരുവിതാംകൂർ നാണയം) അവളുടെ കൈയിൽ വച്ചുകൊടുത്തു: അന്നത്തെ ആ ഒരുപണത്തിനു്—നാലു ചക്രത്തിനു്—ഇന്നത്തെ നൂറു രൂപയെക്കാൾ വിലയുണ്ട്. എന്തെല്ലാം അതു കൊണ്ടുവാങ്ങാം! പക്ഷേ, അവൾ ഒന്നും വാങ്ങിയില്ല. ഒരാഴ്ച കഴിഞ്ഞു്, പാതകൾ നാലും കൂടുന്ന സ്ഥലത്തു വച്ചു് വീട്ടിലേക്കു പോകാൻ പിരിഞ്ഞപ്പോൾ അവൾ ഉള്ളംകൈ വിടർത്തിക്കാണിച്ചു: ഭസ്മം കൊണ്ടു മിനുക്കിയ ആ ഒററപ്പണം അവളുടെ മൃദുത്വമാർന്ന കൊച്ചുകൈയിൽ കിടന്നു തിളങ്ങി. അങ്ങനെ കൂടെക്കൂടെ അവൾ ആ പണമെടുത്തു കാണിക്കും. വർഷങ്ങൾ കഴിഞ്ഞു: അവൾ യുവതിയായി. അവൻ യുവാവായി: അങ്ങു ദൂരെ പട്ടണത്തിൽ ജോലി കിട്ടി അയാൾ പോകുകയാണ്: പോകുന്നതിനു മുൻപു് അവളെക്കണ്ടുയാത്ര പറയാൻ അയാൾ ചെന്നു. അവൾ കരഞ്ഞില്ല. എങ്കിലും തെല്ലൊരു വിഷാദത്തോടെ അവൾ ഉള്ളംകൈ വിടർത്തിക്കാണിച്ചു. തിളങ്ങുൻ ഒററപ്പണം അവളുടെ സ്നേഹത്തിന്റെ ശോഭയുണ്ടായിരുന്നു ആ നാണയത്തിനു്. ——കഥാകാരാ! ജീവിതത്തിന്റെ നാണയമെടുത്തു് ഇങ്ങനെ മിനുക്കിക്കാണിക്കാൻ നിങ്ങൾക്കു ശക്തിയുണ്ടോ? ഉണ്ടെങ്കിലേ നിങ്ങൾ തൂലികയെടുക്കാവൂ. മലയാളനാട്ടിൽ ശ്രീ. കെ. രാമചന്ദ്രൻ എഴുതിയ "നിലാവസ്തമിച്ച രാവുകൾ" ഞാൻ വായിച്ചു. താൻ സ്നേഹിച്ചിരുന്ന സ്ത്രീയെ കാണാൻ ഒരുത്തൻ വരുന്നു. അയാൾ അവളെ കൂടെപ്പോരാൻ ക്ഷണിക്കുന്നു അവൾ കൂട്ടാക്കുന്നില്ല. ഇതാണ് രാമചന്ദ്രന്റെ കഥ. നാണയത്തിനു തിളക്കം വരുത്താൻ കഥാകാരനു് അറിഞ്ഞുകൂടാ. ശോഭ നല്കുന്നതിനു പകരം അദ്ദേഹം അതിൽ ക്ലാവു് പിടിപ്പിക്കുകയും ചെയ്യുന്നു.

ഈശ്വരൻ മനുഷ്യനാകുമോ? അറിഞ്ഞുകൂടാ. പക്ഷേ മനുഷ്യൻ വിശ്വശക്തി തന്നിലേക്കു് ആവാഹിച്ച് ഈശ്വരനാകാറുണ്ട്. നമ്മുടെ ആചാര്യന്മാർ അങ്ങനെ ഈശ്വരന്മാരായവരത്രെ. സ്ത്രീ ദേവതയാകാറുണ്ടോ? ഉണ്ട് ദേവത രാക്ഷസിയാകുമോ? അതുമുണ്ട്. കാമുകി ദേവതയാണ്. അവൾ മറെറാരുവനെ വിവാഹം കഴിച്ചാൽ ജീവിതത്തിന്റെ സുരക്ഷിതത്വത്തെക്കരുതി പൂർവ്വകാമുകന്റെ മുൻപിൽ രാക്ഷസിയായി നില്ക്കാറുണ്ട്. ഈ സത്യം കഥയിലൂടെ ആവിഷ്കരിക്കുകയാണ് ശ്രീ. പായിപ്ര രാധാകൃഷ്ണൻ (ചിത്രകാർത്തികയിൽ അദ്ദേഹമെഴുതിയ "ഒടുവിൽ ഒരു സംഗമം" എന്ന കഥ നോക്കുക.) കഥാപാത്രങ്ങളെയും സംഭവങ്ങളെയും സർഗ്ഗാത്മകമായി സമീപിക്കാൻ രാധാകൃഷ്ണനു കഴിയും എന്നു് ഈ കഥ വ്യക്തമാക്കുന്നു.

കോസത്തു്! നിന്റെ വളത്തച്ഛൻ ഴാങ് വൽ ഴാങ് പ്രതിബന്ധസഹസ്രങ്ങൾ സൃഷ്ടിച്ചെങ്കിലും നിന്നെ ഹൃദയപൂർവ്വം സ്നേഹിച്ച മരിയുസാണു ഞാൻ. വാൾട്ടർ സ്കോട്ടിനേക്കാൾ മഹാനായ നോവലിസ്റ്റാണ് മാൻസോണി. അദ്ദേഹത്തിന്റെ മാനസപുത്രിയായ ലൂസിയ! നിന്നെ അതിററു് സ്നേഹിച്ച റെൻസോയാണ് ഞാൻ. ഭീരുവായ ആ പാതിരി അബാൺഡിയോ കവലച്ചട്ടമ്പിയായ റോഡെറിഗോയെ പേടിച്ചു് നമ്മുടെ വിവാഹം നടത്തിയില്ലല്ലോ. എങ്കിലും ആപത്തുകളെ തരണം ചെയ്തു് ഞാൻ നിന്നെ വിവാഹം കഴിച്ചു. സൂസീ! നിന്നെ സ്നേഹിച്ച ജോസാണ് ഞാൻ. പക്ഷേ നീ മറെറാരുത്തനെ വിവാഹം കഴിച്ചു. നീ ഇന്നു് ഗർഭിണിയാണ്. ഞാൻ വേറൊരുത്തിയെ സഹധർമ്മിണിയായി സ്വീകരിച്ചു. അവളും ഇന്നു ഗർഭിണിയാണ്. ജീവിതത്തിന്റെ വൈചിത്ര്യം, വൈവിധ്യം എന്നേ പറയാനുള്ളൂ. ജോസായ എന്നെ ഇവിടെ അവതരിപ്പിച്ചതു് സാജൻ പെരുവടന്നയാണ്. "ജനയുഗത്തിൽ" എന്നെ കാണാം.

പുലരി ഇലച്ചാർത്തുകളിലൂടെ പാട്ടുപാടുന്നു. യാമിനി നക്ഷത്രങ്ങളിലൂടെ ആത്മാവിഷ്കാരം നിർവ്വഹിക്കുന്നു. സായാഹ്നം അരുണാഭങ്ങളായ ചിത്രങ്ങൾ വരയ്ക്കുന്നു. എല്ലാം മനോഹരങ്ങളായ കലാസൃഷ്ടികൾ. മനുഷ്യൻ വാക്കുകളിലൂടെയാണ് ആത്മാവിഷ്കാരത്തിനു ശ്രമിക്കുക. അതു പലപ്പോഴും പരാജയപ്പെടുന്നു. ഈ സത്യം മനസ്സിലാക്കുന്ന കലാകാരൻ വിമർശകനോടു് കോപിക്കുകയില്ല.

(21-ൽ നിന്നു തുടർച്ച)

ഷം കലർന്ന ഫലിതം, ഫ്രെഞ്ചു് പോസ്റ്റുകാർഡുകൾ, ദിവാസ്വപ്നങ്ങൾ ഇങ്ങനെ നിസ്സാരമായ പലതും അവരെ ഉത്തേജിപ്പിക്കുന്നു.

ഭാര്യയ്ക്കും, ഭർത്താവിനും, വ്യത്യസ്ത അഭിരുചികളായിരിക്കും. പുരുഷന്റെ സമയവും സ്ഥലവും നിർണ്ണയിക്കാം; എങ്കിലും സെക്സിൽ അവളുടെ ഇഷ്ടത്തിനനുസരിച്ചു്, കാര്യങ്ങൾ മുന്നോട്ടുപോവുകയാവും ഭംഗി. അതിനാൽ ഓരോരുത്തരും അടുത്തയാളുടെ ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കി പെരുമാറണം. സാധാരണ ഭർത്താക്കന്മാരാണു് സമയവും സ്ഥലവും തിരഞ്ഞെടുക്കുന്നതു്. എങ്കിലും ഡാക്ടർ ഹിലിയാർ പറയുന്നതു് "അവളുടെ ഇഷ്ടത്തിനു് വിടുന്നതാണു് ഭംഗി" സമയവും സാഹചര്യവും നല്ലതായിരുന്നാൽ—ഏററവും കൂടുതൽ സെക്സ് ആസ്വദിക്കാൻ കഴിയും. ഭാര്യയ്ക്കും ഇക്കാര്യത്തിൽ ചിലതു് ചെയ്യുവാൻ കഴിയും. ഭർത്താവിന്റെ താല്പര്യം മനസ്സിലാക്കി അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതാണു് രണ്ടുകൂട്ടർക്കും കൂടുതൽ ആസ്വാദ്യകരമായി മാറുന്നതു്. ഇക്കാര്യത്തിൽ ഭാര്യ ഭർത്താവിന്റെ അഭിരുചികളെ മാനിക്കുന്നു എന്നു് വരുത്തിത്തീർക്കുന്നതാണു് നല്ലതു്. ഇതയാളെ കൂടുതൽ സന്തുഷ്ടനാക്കിയേക്കും. എങ്കിലും, ചെറുപ്പത്തിലെ ധാരാളം കുട്ടികൾ, അമ്പലം (പള്ളി) തുടങ്ങിയവയിലേക്കുള്ള പോക്കു്, സാമ്പത്തികവിഷമം, വീട്ടുജോലി, മററു പ്രതികൂല സാഹചര്യങ്ങൾ എന്നിവയുണ്ടാകുമ്പോൾ സെക്സ് ഇരുട്ടിന്റെ സന്തതിയായി മാറുന്നു: ക്ഷീണിച്ച ശരീരം, വൈകിയ വേളയിലെ പ്രേമവ്യാപാരമാകുമ്പോഴാണു് ദമ്പതികളിലൊരാൾ ഇഷ്ടപ്പെടാതെ വരുന്നതു്. വാരാന്ത്യത്തിലായാലോ അതു നല്ലതാണെന്നു് കരുതുന്നവരുണ്ടു്. അതിരാവിലെയുള്ള "രതികേളി" നല്ലതാണെന്നഭിപ്രായമുള്ള ദമ്പതികളുണ്ടു്. കുട്ടികളുണർന്നിട്ടില്ല. പ്രഭാതമാകുന്നതിനാൽ, ശരീരക്ഷീണവുമില്ല

ഒരുകൂട്ടം മനഃശാസ്ത്രജ്ഞന്മാർ പറയുന്നതു് മാതാപിതാക്കളുടെ ശൃംഗാരം കുട്ടികൾ കാണുന്നതു് നല്ലതല്ല. എന്നാൽ ഈ വിചാരംതന്നെ നല്ലൊരു വിഭാഗം ദമ്പതികളെ അലോരസപ്പെടുത്തുന്നുണ്ടു്.

"വലിയ ആളുകൾക്കു് അവരുടേതായ രഹസ്യങ്ങളുണ്ടെന്നു്" കുട്ടികളോടു് പറയുകയാണുത്തമം എന്നു് ഡാക്ടർ ലീ-വെൻ അഭിപ്രായപ്പെടുന്നതു്. വലിയവരുടെ കാര്യത്തിൽ കുട്ടികൾ തലയിടേണ്ടെന്ന താക്കീതു് നല്ലതാണു്. തിരക്കുപിടിച്ച ജീവിതംനയിക്കുന്ന ദമ്പതികൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ടു്. അവരുടെ പരസ്പര സ്നേഹത്തിന്റെ ഉറപ്പിലാണു് കുട്ടികളുടെ രക്ഷ. മാതാപിതാക്കൾ സന്തുഷ്ടരല്ലെങ്കിൽ, കുട്ടികളും പൂർണ്ണമായി സന്തുഷ്ടരായിരിക്കുകയില്ല. ഇതോടെ കുടുംബം തകരാറിലാവുന്നു.

ഏതാണു് നല്ല സമയം? പ്രത്യേകിച്ചു് ഒരു സമയമില്ല. സമയങ്ങളാണു്. പ്രഭാതങ്ങളോ, പ്രദോഷമോ, വൈകുന്നേരമോ ആവാം. ഇരുട്ടോ വെളിച്ചമോ ആകാം. വാരാന്ത്യഒഴിവുദിവസമാവാം. ഒന്നിടവിട്ടുള്ള ദിവസങ്ങളാവാം, ആഴ്ചയിലൊരു കലാവാം. ഇക്കാര്യത്തിൽ അവസാന തീരുമാനമെടുക്കേണ്ടതു് ദമ്പതികളാണു്.

എന്നാൽ ശരിയായ സമയം കണ്ടെത്തുന്ന ദമ്പതികൾ ഭാഗ്യമുള്ളവരാണു്.

(ഒരു ഇംഗ്ലീഷ് ലേഖനത്തോടു് കടപ്പാടു്)

* * *

(44-ൽ നിന്നു തുടർച്ച)

നിന്നു മാത്രമല്ല, മുറിയുടെ എല്ലാ മൂലയിൽ നിന്നും വിരിച്ചുവന്ന ആ ശബ്ദങ്ങൾ ഒന്നായി, ഒരേതാളത്തിൽ ക്രമീകരിച്ച ഒരു സംഗീതംപോലെ തോന്നി. ശ്രദ്ധിച്ചിരിക്കെ ഉച്ചസ്ഥായിലേക്കു കയറിപ്പോയ ആ സംഗീതം മനസ്സിനെക്കൂടി പറിച്ചുകളഞ്ഞു.

സുന്ദരിയുടെ കറുത്ത ശവത്തിലെ നിറഞ്ഞ മാറിലേക്കു മുഖംമൂക്കിക്കൊണ്ടു് ആദ്യം കണ്ണടച്ചു. പിന്നെ കാതടച്ചു. ഒടുവിൽ പറിഞ്ഞുപോയ മനസ്സിന്റെ വ്രണവും മൂടി.

ഒന്നും കാണേണ്ടാ.
ഒന്നും കേൾക്കേണ്ടാ.
ഒന്നും അറിയേണ്ടാ.

* * *

കഥ

അനവധി അടയാളങ്ങൾ

ആർ. മുരളീധരൻ

പുഴകൾ ഒഴുകാതിരിക്കില്ല. പൂക്കൾ പുഞ്ചിരിക്കും. കാററ് വീശും. ചിന്തകൾ അനായാസേന നിങ്ങളിൽ നാമ്പെടുക്കും.

തടസ്സങ്ങൾ കൃത്രിമങ്ങളത്രെ!

രാജാപ്പേട്ടിലേക്കു പോകുമ്പോൾ ഖവ്ലാലിയിലെ കുന്നുകൾ പോലെ, ഖണ്ഡാലയിലെ കാവൽപുരകൾ പോലെ പ്രൊഫസർ രഘുരാമന്റെ മനസ്സ് വെയിൽ വീണു് മഞ്ഞളിച്ചിരുന്നു. അത്രയൊന്നും ചിന്തിക്കരുതു് എന്നു് അയാൾ പൂപ്പലെടുത്ത മനസ്സിനു് താക്കീതു കൊടുത്തിരുന്നു. പുറപ്പെട്ടപ്പോൾത്തന്നെ മുൻവിധിയുടെ കതകുകൾ ഓടാമ്പലിട്ടു കിടന്നിരുന്നു.

രാജാപ്പേട്ട് ഇനിയും അകലെയാണു്. ഒരു രാത്രി മുഴുവൻ ട്രെയിനിൽ കഴിച്ചുകൂട്ടേണ്ടതുണ്ടു്. രാവിലെ മേനോന്റെ വസതിയിലെത്താം. മേനോൻ തന്നെ സ്വീകരിക്കുമ്പോൾ ശാലുവിന്റെ മുഖം മൃത്യുമുഖം പോലെ രൂക്ഷവും പ്രാകൃതവുമായിരിക്കുന്നതു് കാണേണ്ടിവരില്ലേ?

രഘുരാമൻ പരാജയപ്പെടുന്നതു് എന്തുകൊണ്ടും യാദൃച്ഛികമായിട്ടല്ല. പുഴകൾ ഒഴുകാതിരിക്കണമെങ്കിൽ എത്ര യത്നം ആവശ്യമായി വരും എന്ന മാത്രം ഒരുവട്ടം കണക്കാക്കുമ്പോൾ അതിന്റെ സാധാരണത്വം പ്രകടമാകും. തടസ്സങ്ങൾ കൃത്രിമങ്ങളെന്നതു പോലെ നശ്വരങ്ങളുമത്രെ.

ചിന്തകളെ വഴി മാററിവിട്ടിട്ടു്, പ്രൊഫസർ രഘുരാമൻ തന്റെ കിടക്ക നിവർത്തി ഒന്നു തല ചായ്ക്കാനുള്ള വട്ടംകൂട്ടി. ട്രെയിൻ ഗുലാബ്ഗാവു് പിന്നിട്ടതു് അയാളറിഞ്ഞു. ബാവ്ലായിൽ എത്തിയിട്ടാകാം അത്താഴം. അതുവരെ വല്ലതും വായിച്ചിരുന്നാൽ അനാവശ്യമായി പൂക്കൾ പുഞ്ചിരിക്കുന്നതു് ഒഴിവാക്കാം. പ്രൊഫസർ തന്റെ കൈവശമുണ്ടായിരുന്ന ഫ്രോയിററിന്റെ ഒരു ഗ്രന്ഥം തുറന്നു. യാത്രക്കിടയിൽ വായിക്കാൻ ഇത്തരമൊരു ഗ്രന്ഥമല്ല കരുതേണ്ടിയിരുന്നതു് എന്നു പ്രൊഫസർക്കു തോന്നാതിരുന്നില്ല. പക്ഷേ, തനിക്കെന്തിലെങ്കിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ അയാൾക്കു സംശയമുണ്ടായിരുന്നു.

എതിരേയുള്ള ബർത്തിൽ സുമുഖനായ ഒരു ചെറുപ്പക്കാരൻ ഏതോ അപസർപ്പകനോവലും വായിച്ചു കിടക്കുന്നു. താഴെയുള്ള സീററിൽ ഒരു സ്ത്രീയും പുരുഷനും എല്ലാവരും സന്ധ്യയോടെ തന്നെ കിടന്നു ഇരുണ്ടപച്ചനിറമുള്ള ഇരിപ്പടങ്ങളിൽ തട്ടി കംപാർട്ട്മെന്റിലെ ബൾബിന്റെ ശക്തികുറഞ്ഞ വെളിച്ചം ഇരുട്ടിന്റെ മുഖച്ഛായ തേടുന്നു.

പുറമേയുള്ള ഒന്നും രഘുരാമൻ എന്ന മദ്ധ്യവയസ്കനു് ഇപ്പോൾ കാണാൻ കഴിയുന്നില്ല. വണ്ടിച്ചക്രങ്ങൾ പാളത്തിലുരസുന്നതും, ജീവിതം തിരക്കിന്റെ താളത്തിൽ, യന്ത്രികതയുടെ ധൃതിയിൽ തേഞ്ഞുതേഞ്ഞില്ലാതാവുന്നതും അയാളറിഞ്ഞു. ഫ്രോയിററിന്റെ ഗ്രന്ഥം അയാളുടെ ശ്വസിക്കുന്ന നെഞ്ചത്തു് നിദ്രാണമായ ഒരുതരം രിക്തത തേടി കിടന്നു. അയാളുടെ കണ്ണുകളിൽ അപൂർണ്ണമായ ആദിരൂപങ്ങൾ മിന്നിമറയാൻ തുടങ്ങി. ഖവ്ലാലിയിലെ പാടിപ്പാടിയൊഴുകിനീങ്ങുന്ന കൊച്ചുകൊച്ചുകാട്ടരുവികൾ. ഇംഗിതങ്ങൾ ഇടറിവീഴുന്ന ശിലാസഞ്ചയങ്ങൾ. വാകകൾ നിത്യഹരിതമായ ഖവ്ലാലയുടെ താഴ്വര

കളിൽ, രഘുരാമന്റെ നഗരമായ പുലർവേളകളിൽ ഒരിക്കലും അർത്ഥശൂന്യങ്ങളായിരുന്നില്ല. പഴകിപ്പൊളിഞ്ഞ വാചാലതയൊക്കെയും പുരാതനമായ ആ നഗരഗ്രാമത്തിലെത്തിയാൽ പൂചിയ വസന്തമാകുന്നു. ഇച്ഛയുള്ളവരിൽ തൃഷ്ണകളുടെയും സ്ഥായിയാകുന്ന പ്രകൃതിയുടെ ഇന്ദ്രജാലം. മെല്ലെ, അയാളുടെ കണ്ണുകൾ താനേ അടഞ്ഞു.

കണ്ണുകളടഞ്ഞതോടെ, ഇരുട്ടിൽ നിന്നായിരിക്കാം, പ്രത്യാശയുടെ തിളക്കം രഘുരാമന്റെ ഉള്ളിന്റെ ഉള്ളിലേക്ക് കടന്നു ചെന്നു.

ശാലു മടങ്ങിവരാതിരിക്കില്ല. ശൂന്യപാണിയായി തന്നെ അവൾ മടക്കി അയക്കില്ല. അല്ലെങ്കിൽ, വെറും പരിഭവം കൊണ്ടുമാത്രം, ആസുരനിമിഷങ്ങളെ മറന്നുകളയാൻ ഒരു പെണ്ണിന് എങ്ങനെ കഴിയും? തന്റെ പ്രായം—

ഇരുമ്പുചക്രങ്ങൾ പാളങ്ങളിലുരസുന്ന രൂക്ഷമായ ശബ്ദം, പിന്നെപ്പിന്നെ മൗനത്തിന്റെ ഒരു ഉപപാദമായി അയാളിൽ ലയിച്ചു. സുമുഖനായ ചെറുപ്പക്കാരനെ ഒന്നുകൂടെ കാണാനായി അയാൾ കണ്ണുകൾ തുറന്നു. ചെറുപ്പക്കാരൻ ഉറക്കം പിടിച്ചിരുന്നു. പെറി മേസൺ എന്ന് ഇംഗ്ലീഷിൽ കനത്തിരുണ്ട അക്ഷരങ്ങളിൽ എഴുതിയിരുന്ന പുറംചട്ടയുള്ള അനാഢ്യമായ ചേലുള്ള പുസ്തകം അയാളുടെ കൈയിൽ നിന്നും ഉറക്കം പിടിച്ച് വഴുതിവീണ് വിസ്മൃതിയുടെ ഒരു വിഴുപ്പുകെട്ടു പോലെ കിടക്കയെ അലങ്കോലപ്പെടുത്തുന്നുണ്ടായിരുന്നു.

രഘുരാമന്റെ കൺമുമ്പിൽ രണ്ടുരൂപങ്ങൾ തെളിഞ്ഞു. രണ്ടു മുഖങ്ങൾ. മനസ്സിന്റെ മാറാലകീറി മുഖങ്ങൾ വ്യക്തത നേടവേ പ്രൊഫസർ കണ്ണുകൾ പിന്നെയും ഇറുകെയടച്ചു. പുളിപ്പും ചവർപ്പും തിരളുന്ന [illegible] ൽനിന്നും മുൻകാലമെന്ന [illegible] ഗുഹയിലേക്ക് ഉൾവലിയാം എന്ന ആഗ്രഹത്തോടെയാണ് അയാൾ കണ്ണടച്ചത്. എന്നാൽ അടച്ച കണ്ണുകൾ, കാണുക എന്ന അവയുടെ പ്രാഥമികധർമ്മം [illegible] ചെയ്തു. തെളിഞ്ഞു കണ്ട രണ്ടുമുഖങ്ങൾ പിന്നെയും വ്യക്തത പ്രാപിച്ചുകൊണ്ടിരുന്നു.

ശാലു എന്ന മിസ് ശാലിനിമേനോനും പ്രീതി എന്ന തന്റെ മോളും. പ്രീതിക്ക്, അടുത്ത ബർത്തിലുറങ്ങിക്കിടക്കുന്ന ചെറുപ്പക്കാരന്റെ മുഖച്ഛായയുണ്ടെന്ന് അയാൾക്ക് തോന്നി. അവളും പെറിമേസൺ, ആൽബർട്ടോ മൊറേവിയാ എന്നീ നാലാംതരം എഴുത്തുകാരുടെ നാലാംതരം നോവലുകൾ വായിക്കാറുണ്ടെന്ന കാര്യം അയാൾക്കോർമ്മ വന്നു. ഈ കുട്ടികൾ തോമസ് മന്നിനേയും ഹ്യൂഗോയേയും ദസ്തയേവ്സ്കിയേയും അറിയുക കൂടെയില്ലായിരിക്കും. എ ചീപ്പ് ജനറേഷൻ റാഥർ!

ഒന്നുകൂടെ കണ്ണുതുറന്ന് ചെറുപ്പക്കാരനെ നോക്കിയാലോ വേണ്ട. അത്ര യോഗ്യമായ ഒരു നടപടിയായിരിക്കില്ലെന്ന് പ്രൊഫസർക്ക് തോന്നി. മയക്കം അയാളെ അടക്കിവരിഞ്ഞു കഴിഞ്ഞിരുന്നു. ശാലുവും പ്രീതിയും അയാളെ പിൻതുടർന്നുകൊണ്ടേയിരുന്നു. വിചിത്രമായ ഒരു കാഴ്ചയാണ് പിന്നീടയാൾ കണ്ടത്. ശാലുവിന്റെ കൈയിൽ ഒരു ഇരുമ്പുചങ്ങലയുടെ അററം. ചങ്ങലക്കണ്ണികളുടെ ഇരുണ്ട ദൈർഘ്യം പിന്നിട്ട് വേഗം നിറഞ്ഞ പ്രസരിപ്പോടെ അയാളുടെ ദൃഷ്ടി എത്തിപ്പെട്ടത് ഒരു മദയാനയുടെ മസ്തകത്തിന്റെ പിന്നിലാണ്. ആനയുടെ കഴുത്തിൽ ആ ചങ്ങല ചുററിയിരിക്കുന്നു. അതിന്റെ മെല്ലെ ചലിക്കുന്ന മുൻകാലിനും മുമ്പിൽ തന്റെ പൗരുഷമാർന്ന കൈകൊണ്ട് ആനക്കൊമ്പിൽ അധികാരഭാവേന പിടിച്ചുകൊണ്ട്, അതിനെ ഇടവും വലവും നയിച്ചുകൊണ്ട് പ്രീതിയും!

ഭീകരനായ ഒരു കൊമ്പനാനയും രണ്ടു പെൺകൊടികളും!

പ്രൊഫസർ രഘുരാമന് സ്ഥലപരിമിതിയിൽ ഭ്രമമുണ്ടായി: താൻ കിടക്കുന്നത് ട്രെയിനിലുള്ള ഒരു ബർത്തിലാണെന്നും താനൊരു യാത്രക്കിടയിലാണെന്നും മധ്യവയസ്കനായ രഘുരാമൻ എന്ന സാർത്ഥവാഹകൻ മറന്നു. കടന്നു പോകുന്ന ചെറുതും വലുതുമായ സ്റ്റേഷനുകൾ അയാളുടെ ശ്രദ്ധയിൽപെട്ടില്ല. താൻ കഴിക്കണമെന്നുദ്ദേശിച്ച ചായയോ പാലോ വാങ്ങിക്കഴിക്കാൻ മറന്നുപോയിരിക്കുന്നു. മദംപൊട്ടിയ ഒരു കാട്ടാനയെ മെരുക്കി നടക്കുന്ന തന്റെ പെൺമോളെയും ശാലുവിനെയും കണ്ട്, താനൊരു പക്ഷിയായി മാറുന്നതായും, അവരുടെ വഴികളിൽ അവരുടെ തലക്കുമുകളിൽ ചെമ്പിച്ച ആകാശങ്ങളിൽ തന്റെ മങ്ങിയ തൂവലുകൾ പൊഴിച്ചുകൊണ്ട് താൻ വട്ടമിട്ടു പറക്കുകയാണെന്നും അയാൾക്ക് തോന്നി.

പെട്ടെന്നാണ് ടി. ടി. ഇ വന്ന് ടിക്കററ് പരിശോധന തുടങ്ങിയത്. അയാൾ പ്രൊഫസർ രഘുരാമനെ കുലുക്കിവിളിച്ചു. “യുർ ടിക്കററ് പ്ലീസ്”.”

ഒരു പററം കാടൻപൂച്ചകളുടെ നടുവിലേക്കാണ് താൻ കണ്ണു തുറന്നെത്തിയതെന്ന് രഘുരാമനു തോന്നി. അയാളുടെ ചെവികളെ നനച്ചുകൊണ്ട്, അവയുടെ ഈററയുണങ്ങുന്ന കരച്ചിൽ താളം കൊണ്ടു. അയാൾ ഒരു അപസ്മാരരോഗിയെപ്പോലെ ഗോഷ്ടികൾ കാണിച്ചു. ചെവി രണ്ടും പൊത്തി. കണ്ണുകൾ ഇറുക്കിയടച്ചു. മാന്യനായ ഈ യാത്രക്കാരൻ വല്ലാത്ത ഉറക്കപ്പിച്ചിലാണെന്നു തോന്നിയ ടി. ടി. ഇ ഒരു നനഞ്ഞ ചിരിയോടെ പ്രൊഫസറുടെ കാലുകളിൽ തട്ടിത്തുടങ്ങി: പ്രൊഫസർ ക്രമേണ സ്ഥിതിയിലേക്കുണർന്നു: കാടൻപൂച്ചകൾ എവിടേക്കോ ഓടിമറഞ്ഞു താൻ കണ്ട ആനയും ശാലുവും പ്രീതിയും വളരെ അകലെയാണെന്ന ബോധ്യമായിട്ടെന്ന പോലെ അയാൾ നെടുവീർപ്പിട്ടു.

“ഐം വെരി സോറി സർ.”

ടിക്കററെടുത്ത് ടി. ടി. ഇ യുടെ കൈയിൽ കൊടുത്തുകൊണ്ട് അയാൾ പറഞ്ഞു: “സാരമില്ല” എന്നു പറഞ്ഞ് ടിക്കററിലെന്തോ വരച്ചശേഷം ടി. ടി. ഇ ടിക്കററ് മടക്കിക്കൊടുത്തു. “ഇനി സുഖമായി ഉറങ്ങിക്കോളൂ” എന്ന് പറഞ്ഞിട്ട് അയാൾ അടുത്ത റൂമിലേക്ക് പോയി.

രഘുരാമൻ ബർത്തിൽ നിന്നിറങ്ങി. ഇനി ഊണു കഴിഞ്ഞിട്ടുറങ്ങാം എന്നു തീരുമാനിച്ചു. ഒന്നുമുഖം കഴുകിവന്ന്, അപ്പോഴേക്കും ഉറക്കം നിർത്തി എഴുന്നേററിരുന്ന ചെറുപ്പക്കാരനുമായി സംസാരിക്കാനാരംഭിച്ചു. ചെറുപ്പക്കാരൻ സംഭാഷണത്തിൽ താല്പര്യം കാണിക്കാതിരുന്നപ്പോൾ പ്രൊഫസർ അതിൽ നിന്നു പിന്തിരിഞ്ഞു. ഉറക്കം വരണമെങ്കിൽ ഇനി വിശപ്പടങ്ങണം: അയാൾ പുസ്തകം കൈയിലെടുത്തു. തന്റെ ശ്രദ്ധ ഓരോർമ്മയുടെ വഴികളിലൂടെ പിന്നോക്കം നടന്നു പോയതല്ലാതെ ഫ്രോയിററിന്റെ ഭൂമികളിൽ ഉടക്കി നിൽക്കുന്നില്ലല്ലോ എന്നയാൾ ഖേദിച്ചു. ഒരു മാസം മുമ്പ് തന്റെ ആത്മസുഹൃത്തായ നരേന്ദ്രമേനോനെ കാണാൻ പോയ ബിന്ദുവിൽ നിന്നും ഓർമ്മയുടെ കണ്ണുകൾ പിന്നെ പിമ്പിലേക്ക് സഞ്ചരിച്ചു. അന്ന് പ്രീതിയും ഒപ്പമുണ്ടായിരുന്നു. ബീഥോവന്റെ അന്ധതയുടെ രാഗത്തെപ്പററി അവളെന്തൊക്കെയോ പറഞ്ഞുകൂട്ടിക്കൊണ്ടിരുന്നു. ഒരു സിംഫണിയും വ്യർത്ഥതാല്പര്യങ്ങളുടെ പൂജയല്ല എന്നവൾ പ്രഖ്യാപിച്ചു: അജന്തയിലെ താമസസൗന്ദര്യം ശില്പിയുടെ അന്തർഗ്ഗതമല്ല; ശില്പികളുടെ ത്രാസമത്രേ! അമ്മയില്ലാത്ത പൊന്നുമോൾക്ക് അച്ഛൻ സുഹൃത്തുപോലുമായിരുന്നു. ശാലു അവളുടെ മററൊരു മകളും. നാഗപ്പൂരിനപ്പുറത്തേക്ക് മേനോനും ശാലുവും പോയപ്പോൾ പ്രീതിക്ക്, ശാലുവും രഘുരാമന് മേനോനും നഷ്ടമായി.

കാലം അങ്ങനെ പലപ്പോഴും നഷ്ടത്തിന്റെ കടങ്കഥയായിപ്പോകുന്നു.

കടങ്കഥകൾ, പുഞ്ചിരി പോലെ ശിഥിലമാകുന്ന ഓർമ്മകളും!

കഴിഞ്ഞുപോയ ആറുമാസങ്ങളുടെ ചിത്രം ഒരു നീലയവനിക പോലെ പ്രൊഫസ്സറുടെ ചേതസ്സിന്റെ ചില്ലു ജാലകത്തിൽ തൂങ്ങിക്കിടക്കുന്നു. മേനോൻ, ശാലുവിനെ തന്റെ കൈയിലേല്പിക്കയാണുണ്ടായത്. ഖവ്ലാലിയിൽ അവൾ ഒററയ്ക്കങ്ങനെ താമസിക്കും. കാത്തിരുന്നു കിട്ടിയ ജോലി സ്വീകരിക്കാതിരിക്കാനും തരമില്ല.

—"മോളു് ഞങ്ങടെ കൂടെപ്പോന്നോളൂ. മോളും പ്രീതിയും എനിക്കൊരു പോലെയേ ഉള്ളൂ."

ശാലു കൂടെപ്പോന്നു.

പ്രൊഫസർക്ക് മക്കൾ രണ്ടു പേരായി എന്നു അയൽക്കാർക്കു തോന്നി. ശാലുവും പ്രീതിയും പ്രൊഫസർ രണ്ടു സ്ത്രീകളെ കണ്ടു. ചലിക്കുന്ന വികാരങ്ങളുടെ രണ്ടു സാലഭഞ്ജികകൾ. രണ്ടു മരംകൊത്തിപ്പക്ഷികൾ. ഖവ്ലാലിയിലെ വൃക്ഷവ്യൂഹങ്ങൾ ഖണ്ഡാലയിലെ കുന്നുകളോളം വ്യാപരിച്ചിരിക്കുന്നു. മരംകൊത്തികൾക്ക് ധാരാളം പൊത്തുകൾ പണിയാം. ആദിമമായ താളം സൃഷ്ടിച്ചുകൊണ്ട് അവ ഖവ്ലാലി മുതൽ ഖണ്ഡാലവരെ പറന്നു നടക്കും. മരത്തിന്റെ പട്ടകൾ കൊത്തിപ്പൊളിക്കുമ്പോൾ കാട്ടിന്റെ പാടലചർമ്മങ്ങളിൽ ആദിതാളം മാറെറാലികൊള്ളുന്നു. ഖവ്ലാലി താളസമൃദ്ധമാകുന്നു. പ്രൊഫസർ ചെവിയോർത്തിരിക്കുന്നു. പ്രീതിയും ശാലുവും രണ്ടു വ്യാമുഗ്ദ്ധനിമിഷങ്ങളായി. ഇളവെയിലിന്റെ ഈണത്തിൽ തന്റെ പാരത്രികശരീരത്തെ [illegible] —

അപ്പോഴൊക്കെയും പ്രൊഫസർ രണ്ടു സ്ത്രീകളെയാണ് കാണാനിഷ്ടപ്പെട്ടത്. ഇപ്പോൾ അയാൾ ഓർക്കുന്നു: പണ്ട് തന്റെ വീട്ടിൽ രണ്ടു സ്ത്രീകളുണ്ടായിരുന്നു. ഒരു പെൺകൊടിയും ഒരു യുവതിയും. പ്രീതിയും അവളുടെ അമ്മയും. ഇപ്പോഴിതാ ആറുമാസം തന്റെ വീട്ടിൽ രണ്ടു യുവതികളുണ്ടായിരുന്നു. പ്രീതിയും ശാലുവും......

കോളേജിൽനിന്ന് പ്രീതിയും ഓഫീസിൽനിന്ന് ശാലുവും വീട്ടിലെത്തുക മിക്കവാറും ഒരേ സമയത്തായിരിക്കും. പ്രൊഫസർ ക്ലാസ്സുകൾ കഴിഞ്ഞ് മടങ്ങിയെത്തി. തന്റെ സായാഹ്നം വളരെയകലയല്ല എന്നതു മറന്ന് വ്യായാമകാര്യങ്ങളിലേർപ്പെട്ടു തുടങ്ങി. ഒരു കോർട്ടിൽ ശാലുവും പ്രീതിയും മറുകോർട്ടിൽ താനൊററയ്ക്കും നിന്ന് ബാഡ്മിന്റൻ കളിക്കുക പതിവായി. പന്തുകൾ പച്ചക്കിളിയായി, അവ അമ്പുകളായി പാഞ്ഞുപോകുന്നതു കണ്ട് അയാളുടെ നെററിയിലെ ചിന്താരേഖകൾ പിടയാറുണ്ടായിരുന്നു. അമ്പുകൾ കൊണ്ട് ശാലുവിന്റെ കരൾ മുറിയില്ലേ? പച്ചക്കിളികൾ അവളുടെ മാറിലെ മാംസം കൊത്തിപ്പറിക്കില്ലേ? ചോര പൊടിയില്ലേ?

മിക്കപ്പോഴും രണ്ടു പെൺകുട്ടികളെയും മറഞ്ഞുനിന്നു നോക്കുന്നതിൽ പ്രൊഫസർ അന്നൊക്കെ രഹസ്യമായ താല്പര്യം കാണിച്ചു. തന്നെ അവരിൽനിന്ന് അകററിനിർത്തുന്ന സമയത്തിന്റെ, കനത്ത, വിസ്തൃതമായ ഉപരിതലമുള്ള കടുംചുവപ്പായ പിംഗ്പോങ് ടേബിൾ അയാൾ എപ്പോഴും കണ്ടിരുന്നു. അവരുടെ മുറിയിൽനിന്നും അടക്കംപറച്ചിലുകളും നെടുവീർപ്പുകളും വളകിലുക്കവും, തിളക്കംപൂണ്ട ചിരിയൊച്ചയും കേൾക്കുമ്പോൾ അയാൾ കിടുങ്ങാറുണ്ടായിരുന്നു. വല്ലപ്പോഴുമെങ്കിലും താക്കോൽപഴുതിലൂടെ അവരുടെ മുറിയിലേക്ക് ഒന്നു സൂക്ഷിച്ചുനോക്കുവാൻ മുതിരുകയും, നോക്കിയിട്ട് താൻ ചെയ്ത തെററിനെക്കുറിച്ചോർത്തോ എന്തോ, പരിഭ്രമംപൂണ്ട് ഒരു ഞെട്ടലോടെ അയാൾ പിന്തിരിയുകയും ചെയ്തിരുന്നു:

പ്രീതി അപ്രതീക്ഷിതമായി ഒരു സ്റ്റഡി ടൂറിനുപോയി. ഒരുമാസത്തെ ഏർപ്പാട്. കാലത്തിന്റെ ഒരു ചീളുചീന്തി അന്ന് പ്രൊഫസർ രഘുരാമൻ കുപ്പയിലേക്കെറിഞ്ഞു. എന്തോ നിഷ്ഠുരമായ ഒരു ധാർഷ്ട്യം അന്ന് തന്നെ നയിച്ചിരുന്നതായി ഇപ്പോൾ രഘുരാമനോർക്കുന്നു. ട്രെയിൻ ചീറിയോടുന്നതോടൊപ്പം അന്നത്തെ രാത്രികൾ രഘുരാമന്റെ വിറപൂണ്ട മസ്തിഷ്കത്തിൽ ഒരു ജ്വരമാപിനിയിലെ രസരേഖപോലെ കുതിച്ചുകയറി. അയാൾ തലകുടഞ്ഞു. പല്ലുകൾ ഞെരിച്ച് ആ കാലസന്ധി തന്നിൽനിന്ന് ഉതിർന്നുപോകാതിരിക്കാൻ ആവുംമട്ട് പരിശ്രമിച്ചു.

പ്രീതി മടങ്ങിവന്നതും ക്രമേണ വീണ്ടും പ്രൊഫസർ മദ്ധ്യവയസ്കരുടെ ഇഴയുന്ന താളത്തിൽ ഒററപ്പെട്ടവനായതും മറെറാരു കടങ്കഥപോലെ. തന്റെ ഇന്നലെകളെ മറികടന്ന് അയാളെ വേദനിപ്പിച്ചു.

ആരാണ് പ്രതിയോഗി?

ഏതോ മനഃശാസ്ത്രപുസ്തകത്തിലെ, വെളിച്ചമില്ലാത്ത ഒരു ദ്വീപിന്റെ ചരിത്രം രഘുരാമനോർമ്മവന്നു. ഒററപ്പെട്ട ആ വിജനതയിലേക്ക് തലമുറകളിൽനിന്നും തലമുറകളിലേക്കുള്ള പ്രയാണം തുടരാൻ —

ശാലുവും പ്രീതിയും ആനയെ തള്ളുന്നു.

ഒരൊററയാനെ തള്ളുന്ന രണ്ടു പെൺകുട്ടികൾ!

പെട്ടെന്ന്, വളരെപ്പെട്ടെന്നാണ്, പ്രീതിയുടെ മുഖം ഉരുണ്ടുവന്നത്. ഒരു ഫോട്ടോച്ചിത്രത്തെച്ചൊല്ലി, അവൾ ശാലുവിനെ ഒരു നാൾ നന്നേ ശകാരിച്ചു. ഇലകൊഴിഞ്ഞു നഗ്നമായ രണ്ടു വൃക്ഷങ്ങൾ കൊമ്പുകളുരസുന്ന സുന്ദരമായ ഒരു ചിത്രം. ശാലു ഇതിൽ എന്തു പിഴച്ചു?

ശാലു തന്നെ വഞ്ചിക്കയാണുണ്ടായതെന്ന് പ്രീതി ധരിച്ചുവശായി. അവൾ ശാലുവിനെ ഭത്സിക്കുന്നതും, അവരുടെ മുറിയിൽ ഭയദമായ ഒരുതരം നിശബ്ദത കളിയാടുന്നതും പ്രൊഫസ്സർ അറിഞ്ഞു. ഇക്കഴിഞ്ഞ മൂന്നേമൂന്നു ദിവസങ്ങൾക്കുമുമ്പാണ് ശാലു, യാത്രപോലും പറയാതെ, രാജാപ്പേട്ടിലേക്കു മടങ്ങിപ്പോയത്.

പ്രൊഫസർക്ക്, ശപിക്കാൻ, കാലത്തെ പിന്നോക്കം മറികടന്ന് തന്നെത്തന്നെ തിരഞ്ഞുപിടിക്കേണ്ടിവന്നു!

ഇതു തെററാണ്. ശാലു പോകരുത്. അവൾ മടങ്ങിവന്നേ തീരൂ.

ഇതാ, ഭുസാവൽ എത്തിയിരിക്കുന്നു. അയാൾ മറവിയുടെ തിരശ്ചീനമായ തട്ടിൽനിന്നും താഴേയ്ക്കിറങ്ങി. കൻറീനിൽ നിന്നും ഭക്ഷണം വരുത്തികഴിച്ചു. ഇനി ഉറങ്ങിയുണരുമ്പോഴേക്കും നേരം വെളുക്കും. രാജാപ്പേട്ടിൽ ഇറങ്ങാം: തന്റെ ചങ്ങാതിയുടെ വീട്ടിലേക്ക് സ്റ്റേഷനിൽനിന്ന് നടന്നെത്താവുന്ന ദൂരമേയുള്ളൂ.

രാജാപ്പേട്ടിലിറങ്ങിയപ്പോൾ നേരം പുലർന്നു. അവിടം ഒരു സ്വവർഗ്ഗകാമിയെപ്പോലെ നിരുത്തരവാദപരമായ ഒരുതരം നിസ്സംഗതയിൽ അമർന്നു കാണപ്പെട്ടു. പുലർച്ചയുടെ തിളക്കം കലർന്ന് പുകമഞ്ഞിന്റെ പടലങ്ങൾ അവിടവിടെയായി രൂക്ഷതയുടെ തട്ടുകൾ പ്രകടമാക്കി. പ്രൊഫസർക്ക് അതിലേക്ക് നൂന്നിറങ്ങി തന്റെ ലക്ഷ്യത്തിലേക്ക് പറന്നുപോകാൻ ഒട്ടു മടിതോന്നിയില്ല. അയാളുടെ കണ്ണെത്തിപ്പെട്ട ദൂരങ്ങളിൽ ചാവാലിക്കുതിരകൾ കാലിട്ടുതല്ലിക്കൊണ്ട് നില്പുണ്ടായിരുന്നു. ചോളത്തിന്റെ വൈക്കോൽ തിന്നുകയായിരിക്കാം അവയെന്ന് രഘുരാമൻ വെറുതെയെങ്കിലും വിചാരിച്ചു വഴിയിൽ കണ്ട ഒരു ഹോട്ടലിന്റെ ഒരു വശത്ത് തെരുവുനായ്ക്കൾ.

"വിളി"കേൾക്കുന്ന കാഴ്ച അയാളിൽ ചെടിപ്പുണ്ടാക്കി. അയാൾ മുഖംതിരിക്കാതെ തന്നെ കാണാതിരിക്കാൻ ശ്രമിച്ചുകൊണ്ട് നടന്നു.

നരേന്ദ്രമേനോൻ പരിഭവമൊന്നും പ്രകടിപ്പിച്ചില്ല.

ശാലിനി പരിചയഭാവത്തിനപ്പുറത്തുനിന്ന് മന്ദമായി ഒന്നു ചിരിക്കുകമാത്രം ചെയ്തു. അവളുടെ മുടിയിഴകൾ പാപത്തിന്റെ സങ്കീർണ്ണതപോലെ ജടപിടിച്ചുകിടന്നു. അവളുടെ പല്ലുകൾ വിളറിയിരുന്നു. ആരെ, എങ്ങനെ നേരിടും എന്നൊരു ചോദ്യഭാവം അവളുടെ മയങ്ങുന്ന കണ്ണുകളിൽ.

"പക്ഷേ, ശാലു ഇനി വരുന്നില്ല എന്റെ രഘൂ. അവൾക്കെന്തുപററിയെന്ന് തനിക്കറിയോ?"

"എന്തുപററി?"

തന്റെ ചോദ്യം അസ്ഥാനത്തായില്ലേ എന്ന് രഘുരാമൻ തെല്ലിട സംശയിച്ചു. പക്ഷേ, ചോദിച്ചുപോയല്ലോ, തെററായാലും ശരിയായാലും, എന്നയാൾ സമാധാനിച്ചു.

"അവൾ ആകെ അവശയായിരിക്കുന്നു. ഒരു ചോദ്യത്തിനും മറുപടിയില്ല. എന്തുപററിയെന്നാർക്കറിയാം."

മകളെ വിളിച്ചു. ശാലു കൂട്ടാക്കിയില്ല. "വരുന്നില്ല" എന്നെങ്കിലും ഒന്നു പറഞ്ഞുകൂടേ!

പ്രൊഫസർ നിരാശനായി മടങ്ങി.

ഇനി [illegible]

ശല്യ വരില്ല.

താക്കോൽപ്പഴുതുകൾ അടയട്ടെ.

താക്കോലുകൾ തുരുമ്പിക്കട്ടെ.

പക്ഷേ, ആരാണ് പ്രതിയോഗി?

പിന്നെയെല്ലാം വേഗമായിരുന്നു. നരേന്ദ്രന്റെ ആവർത്തിച്ചുള്ള നിർബ്ബന്ധംപോലും നിരസിച്ച് പ്രൊഫസർ ഉടൻതന്നെ ഖവ്‌ലാലിയിലേക്ക് മടങ്ങി. ഒരു പകൽ കഴിഞ്ഞതു മിക്കവാറും ഒരു നീണ്ട കാലയളവിന്റെ ദൈർഘ്യത്തിലാണെങ്കിലും ഒരു നിമിഷത്തിന്റെ സൗന്ദര്യം പിന്നീട് രഘുരാമൻ അതിൽ ദർശിച്ചു.

അയാൾ വീട്ടിലെത്തി.

പ്രീതിയുടെ മുഖം പിന്നെയും വ്രണിതമായ മൗനംപോലെ ചുമന്ന് വ്യഥിതമായിരുന്നു.

പ്രൊഫസർ അവളോട് മിണ്ടാൻപോലും കൂട്ടാക്കിയില്ല.

രാത്രി: ദുഃഖംപോലെ കാളരാത്രി.

ഒരു കാട്ടുപൂച്ചയുടെ കരച്ചിൽ കേട്ട് പ്രൊഫസർ എഴുന്നേറ്റു. അയാൾ കണ്ടു—തിളങ്ങുന്ന കണ്ണുകൾ. നഗ്നമാത അനാമി. അയാൾ കണ്ണുകൾ വെട്ടിത്തുറന്നു. കതകുകൾ തുറന്നടഞ്ഞു. കൈയിൽ കിട്ടിയതെടുത്ത് അയാൾ അതിനെ ആഞ്ഞാഞ്ഞു തല്ലി, അതു കരയുകയായിരുന്നു എന്നയാളറിഞ്ഞില്ല.

ദുഃഖം സ്വപ്നമല്ല എന്നയാൾ അറിഞ്ഞു. പ്രൊഫസർ രഘുരാമൻ ഉണർന്നില്ല. അയാൾ ഉറങ്ങിയില്ല. മൃത്യു കബന്ധരൂപേണ അയാളുടെ കൈയിൽനിന്നു നൃത്തംചവിട്ടി. പ്രീതിയുടെ അച്ഛൻ ഉറങ്ങിയില്ല. അയാൾ ഉണർന്നില്ല.

നേരം പിന്നെയും പുലർന്നു.

പ്രീതിയുടെ ശവം പ്രൊഫസറുടെ വീട്ടിന്റെ കല്പടികളിൽ കിടക്കുന്നതുകണ്ട് വഴിപോക്കർ ഞെട്ടി. അവളുടെ വായനിറയെ തുണികൾ കുത്തിനിറച്ചിരുന്നു. കണ്ണുകൾ മരണത്തിന്റെ വെൺമെഴുക് ഉരുകിനിറഞ്ഞിരിക്കുന്നു. കഴുത്തിൽനിന്നും കറുത്ത രക്തം ഒഴുകി കട്ടപിടിച്ച് ആനയെത്തളക്കുന്ന ചങ്ങലപോലെ കിടന്നു. ഖവ്‌ലാലിയിൽ ആ രാത്രി ആദിതാളത്തിനുശേഷമത്രേ, നേരം പുലർന്നത്, എന്നിട്ടും പ്രൊഫസർ ഉണർന്നില്ല. അയാളറിഞ്ഞില്ല.

കേശാലങ്കാരത്തിന് ന്തുകൾ!

കേശാലങ്കാരത്തിന് സ്ത്രീകൾ പൂവുകളാണ് സാധാരണയായി ഉപയോഗിക്കാറുള്ളത്. ആ പൂക്കളുടെ സ്ഥാനത്ത് പല്ലികളെയോ ഓന്തുകളെയോ കണ്ടാൽ ആ സ്ത്രീയെക്കുറിച്ച് നമ്മുടെ മനസ്സിൽ എന്തു വികാരമാവും ഉണ്ടാവുക. ദിവസങ്ങളോളമോ മാസങ്ങളോളമോ നീണ്ടുനിൽക്കുന്ന ഞെട്ടലോട്ടും അറപ്പോടുംകൂടി നാം അവയിൽനിന്നും കണ്ണുകൾ തിരിച്ചുകളയും. എന്നാൽ ആ അറപ്പുണ്ടാക്കുന്ന ജന്തുക്കളുടെ സവിശേഷതയെക്കുറിച്ച് കേൾക്കുമ്പോൾ നമ്മുടെ മാനസികനിലയ്ക്ക് എന്തെങ്കിലും സ്ഥാനചലനമുണ്ടാവുമോ? ക്രിസ്റ്റീനീറീസ് പറയുന്നതു ശ്രദ്ധിക്കുക "ശൽക്കങ്ങളുള്ള വലിയ അമേരിക്കൻ പല്ലികളും ഓന്തുകളുമാണ് എന്റെ പ്രിയപ്പെട്ട സമ്പത്ത്. അവയെ എന്റെ കേശഭാരത്തിൽ അപൂർവ്വമായ ആഭരണമായി അണിയുമ്പോൾ എന്റെ ശരീരം പുളകംകൊണ്ടുപൂക്കും. ഈ പല്ലികളെ ഉമ്മവെച്ചുകൊണ്ട് ഉറങ്ങാത്ത രാത്രികളെക്കുറിച്ച് എനിക്കു ചിന്തിക്കാൻപോലും കഴിയില്ല. ലോകത്തിലെവിടെയും അറപ്പ് എന്ന വാക്കിന്റെ അർത്ഥമായി മാറിയ ഈ പല്ലികളില്ലായിരുന്നെങ്കിൽ എന്റെ വീട് ശൂന്യമായേനേ, സ്വപ്നങ്ങൾ അലങ്കരിക്കുന്ന എന്റെ വീട് എന്നു ഞാൻ എപ്പോഴും പറയുമല്ലോ. അതു പറയാൻ എനിക്കു കഴിയുന്നതു എന്റെ ഈ പ്രിയപ്പെട്ട ഓമനകളുള്ളതുകൊണ്ടാണ്" റോൺ, ക്രിസ്റ്റീനീറീസ് ദമ്പതികൾ ഇന്ന് അമേരിക്കൻപത്രങ്ങളിലെ കൗതുകവാർത്തയുടെ സ്ഥലങ്ങൾ മുഴുവൻ അപഹരിച്ചിരിക്കുന്നു. റീസ് ഒരു ദിവസം ഓന്തിനെ തലയിൽ ചൂടിയിട്ടില്ലെങ്കിൽ, തന്റെ പ്രിയപ്പെട്ടവളുടെ അധരങ്ങളിൽ അമർത്തി ചുംബിച്ചുകൊണ്ട് റോൺ പറയും: "എന്റെ ഓമനേ മേരി, (ഓന്തിന്റെ പേര്) യെ നിന്റെ തലയിൽ കാണാത്ത ഒരു നിമിഷംപോലും എനിക്ക് സങ്കല്പിക്കവയ്യ. എന്റെ സന്തോഷത്തിനുവേണ്ടി, നീ എപ്പോഴും സുന്ദരിയായിരിക്കാൻ മേരിയെ തലയിൽ ചൂടുക: പ്ലീസ്." ആ വാക്കുകൾ അന്തരീക്ഷത്തിൽ ലയിച്ചുതുടങ്ങുന്നതിന് മുമ്പുതന്നെ മേരി റീസിന്റെ തലയിൽ സ്ഥാനംപിടിക്കും. ഓന്തിനേയോ പല്ലിയേയോ കണ്ടാൽ അറച്ചുമാറുന്ന നമ്മുടെ, ജീവിതത്തിൽ ഇത്തരമൊരു സംഭവം എക്കാലത്തേക്കുമുള്ള സ്മരണയായിരിക്കുകയില്ലേ?

ലണ്ടനിലെ സ്റ്റീവനേജിനടുത്താണ് ഈ അപൂർവ്വദമ്പതികളുടെ വീട്. രണ്ടുപേരും ഹെർപിറ്റോളജിസ്റ്റുകളാണ്. ഇഴജന്തുക്കളെക്കുറിച്ച് മാത്രമേ അവർക്ക് സംസാരിക്കാനുള്ളൂ. അവരുടെ ചിന്തയും ചിരിയും വികാരവും വിശ്വാസവും കണ്ണീരും ഹർഷോന്മാദവും എല്ലാമെല്ലാം അവർ വളർത്തുന്ന ഇഴജന്തുക്കളുടെ ചലനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു: പതിനഞ്ച് വലിയ പല്ലികളാണ് റീസിന്റെ വീട്ടിലുള്ളത്. അവയിൽ മേരിയെയാണ് റീസ് തന്റെ കേശഭാരത്തെ അലങ്കാരമായി ഉപയോഗിക്കുന്നത്. ഇവയെക്കൂടാതെ എട്ട് പാമ്പുകളും ഒരാമയുമുണ്ട്. ഇവയോടൊപ്പം വൈവിധ്യത്തിനുവേണ്ടി ഒരു ജോടി ചെക്കാന്തവല്ലകളും ഒരു എലിയുമുണ്ട്. ഈ ജന്തുക്കളുടെ മാനസികസന്തോഷത്തിൽ ജീവിതസംതൃപ്തി നേടുന്ന റോണും ക്രിസ്റ്റീനയും "ഗിന്നസ് ബുക്ക് ഓഫ് റിക്കാർഡ്സി"ലെ പ്രധാനപ്പെട്ട അത്ഭുതവാർത്തകളുടെ മുൻപന്തിയിലെത്തിച്ചേർന്നിരിക്കുന്നു.

റീസിന്റെ വീട്ടിൽ രണ്ടു കിടക്കമുറികളേയുള്ളൂ. ഇഴജന്തുക്കളെല്ലാം ഒന്നിച്ചു.

റീസും ഭർത്താവും അടുത്തതിലുമാണു് കിടന്നുറങ്ങുന്നതു്. "അതിഥികൾ അന്തിയുറങ്ങാനുണ്ടെങ്കിൽ എന്റെ പ്രിയപ്പെട്ട കുട്ടികൾ അവർക്കു് ഒരു ശല്യവും ചെയ്യാറില്ല. അവരോടൊത്തു കിടന്നുറങ്ങാൻ അവർക്കെല്ലാം എന്താഗ്രഹമാണെന്നോ. പക്ഷേ ഭയന്നു പിന്മാറിപ്പോകുന്ന അവർ അതിനവസരം നല്കില്ലല്ലോ."

"മററല്ലാ മൃഗങ്ങളോടും കാണിക്കുന്ന ആദരവും സ്നേഹവും നിങ്ങൾ ഇത്തരം ഇഴജന്തുക്കളോടു് കാണിക്കണം. ഒരിക്കലും അവ നമ്മുടെ ജീവിതത്തിൽ തടസ്സങ്ങളോ പ്രയാസങ്ങളോ സൃഷ്ടിക്കുകയില്ല." പത്രക്കാരോടു് റീസ് ആവർത്തിച്ചു പറയാറുണ്ടു്. പക്ഷേ ആ വികാരത്തെയും വിശ്വാസത്തെയും മാനിക്കാനവർക്കെങ്ങനെ കഴിയും?

പാമ്പുകളെ എല്ലാ ആളുകൾക്കും ഭയമാണു്. ആ ഭയം അസ്ഥാനത്താണെന്നു് പല്ലികളുടെ പ്രിയപ്പെട്ട അമ്മ പറയുന്നു. പാമ്പുകളെ കുറിച്ചെല്ലാമറിഞ്ഞുകഴിഞ്ഞാൽ ആ ഭയം മാറിക്കൊള്ളുമെന്നു് അവർ പൂർണ്ണമായും കരുതുന്നു. ഇഴജന്തുക്കളെ മാറോടു് ചേർത്തണച്ചു് നിർവൃതികൊള്ളുന്ന റീസ് ചിലന്തിയെ ഭയപ്പെടുന്നു. "അതിന്റെ പേരു് കേൾക്കുമ്പോൾതന്നെ എനിക്കു് ഭയമാണു്. ഓ! ഇത്ര ഭീകരമായ ഒരു ജീവി ലോകത്തില്ലതന്നെ"

ആഹാരം കഴിക്കുന്ന സമയത്തും, ഭർത്താവിനോടൊത്തു് സല്ലപിക്കുമ്പോഴും പാമ്പും പല്ലികളും അവരുടെ ശരീരങ്ങളിൽ സ്വച്ഛംകണ്ടുകൊണ്ടു് ഇഴഞ്ഞുപോകുന്നതു കാണാം. സംഭോഗസമയത്തുമാത്രം റീസ് പാമ്പുകളെ പ്രത്യേകം [illegible]യുള്ള കൂടുകളിലിട്ടുപൂട്ടുന്നു. അങ്ങിനെ ചെയ്യാതിരുന്നാലുള്ള അപകടത്തെക്കുറിച്ചു് റീസ്തന്നെ പറയുന്നു." ഞങ്ങൾ രതിമൂർച്ഛയിലെത്തുമ്പോൾ പാമ്പുകളിൽ ചിലതു് മെത്തയിലേക്കു് കടന്നു് ഞങ്ങളുടെ ശരീരങ്ങളിൽ ചുററിപ്പിണയും. അങ്ങിനെയൊരു സംഭവമുണ്ടായി: അവയെ ശരീരത്തിൽനിന്നു് വേർപെടുത്താൻ ഞങ്ങളേറെ പ്രയാസപ്പെട്ടെന്നോ. അന്നുമുതല്ക്കാണു് ഈ സുരക്ഷിതനടപടി സ്വീകരിച്ചതു്."

മിററ്ബീററ്സിലെ അനേകം ചിത്രങ്ങളെഴുതിയ "ഫെററിബീസ്ററ്സ്" എന്ന ലേഖനം വായിച്ചിട്ടു് വളരെയധികം സ്ത്രീകൾക്കു് മാനസികാഘാതമുണ്ടായി. മലയാളനാടിന്റെ വായനക്കാരിലും ചിലർക്കും ആഘാതം അനുഭവപ്പെട്ടേക്കാം. കാരണം നാം ഏററവും കൂടുതൽ വെറുക്കുകയും ഭയക്കുകയും ചെയ്യുന്ന ഇഴജന്തുക്കളാണല്ലോ ഇവ. —വി.

* * *

(16-ൽ നിന്നും തുടർച്ച)

ച്ചുവട്ടിലെ വെളിച്ചം ആ തന്ത്രി സ്പർശിക്കുമ്പോൾ മാത്രമേ സംഭവിയ്ക്കാറുള്ളു— അലൗകികത പോലെ പരന്നു കിടക്കുന്ന മഞ്ഞിനു മുൻപിൽ മോഹപരവശനായി നില്ക്കുന്ന മനുഷ്യനും, എന്തൊരു ഭീതിദമായ ഗർത്തങ്ങളാണു് തനിയ്ക്കു താഴെയെന്നോർത്തു് വിറകൊള്ളുന്ന മനുഷ്യനും ഏതൊരു ചൈതന്യമാണു് ഈ കാളിഘട്ടിൽനിന്നും തന്നിലേയ്ക്കു് പ്രസരിയ്ക്കുന്നതെന്നു് ആശ്ചര്യപ്പെടുന്ന മനുഷ്യനും, സമുദ്രതീരത്തു് താനൊരിക്കലും കണ്ടെത്താത്ത കാലത്തെ ഒരു ബിംബത്തിലേയ്ക്കാവാഹിയ്ക്കാൻ യത്നിയ്ക്കുന്ന മനുഷ്യനും നമ്മെ ആ പ്രഭവതന്ത്രി കണ്ടെത്താൻ സഹായിയ്ക്കുന്നുണ്ടോ? തന്റെ വിശ്വരൂപം കാണാൻ അർജ്ജുനനു് പ്രത്യേകം സിദ്ധി കൃഷ്ണൻ കൊടുത്തതായി വായിച്ചിട്ടുണ്ടു്. അതിനു സമാനമായൊരു സിദ്ധി, നിമിഷനേരത്തേയ്ക്കെങ്കിലും ഇവിടെ കല നമുക്കു് പ്രദാനം ചെയ്യുന്നുണ്ടോ? "ക്ഷുദ്രമാമെൻ കർണ്ണത്താൽ കേൾക്കുവാനാവാതൊരു ഭദ്രനിത്യതയുടെമോഹനഗാനം" ഒരന്തർശ്രോത്രത്തിന്റെ സഹായത്തോടെ മാത്രമേ കേൾക്കവയ്യൂ. തനിയ്ക്കു് പുറത്തെ വിസ്തൃതി തന്റെ അകത്താണെന്ന ഉന്മാദകരമായ ബോധം—സൂക്ഷ്മസത്തയുടെ ശബളിമയാർന്ന ഒരു വിവർത്തനമാണു് സ്ഥൂലലോകമെന്ന പൊരുൾ—അവരെ അപ്പോൾ ത്രസിപ്പിച്ചിരിക്കുമെന്നു തന്നെ നമുക്കു് നിരൂപിയ്ക്കുക. നാം, വിഷയികൾക്കു്, ആ വിനാഴികയിൽ ഉൾച്ചേർന്നു പോവാൻ കഴിയുകയില്ലല്ലോ. ഫോസ്സിനെപ്പോലെ നമുക്കും പ്രാർത്ഥിയ്ക്കാം. ഒരു പക്ഷേ നിരർത്ഥകമായിത്തന്നെ—ഈ വിനാഴിക കാലാതീതമായിത്തീർന്നെങ്കിൽ.

* * *

മുഖഭാഗചിത്രങ്ങൾ

എലിയററ് എന്ന ദൈവം ഇന്നലെയും ഇന്നും

ഇന്നലെരാത്രി പഴയ ഫയലുകൾ തിരഞ്ഞുനോക്കുമ്പോൾ എനിക്കു് കിട്ടിയ ഒരു കത്തു് എന്റെ ശ്രദ്ധ പിടിച്ചുനിറുത്തി. മലയാളസാഹിത്യത്തിൽ അത്യന്താധുനികത സംഭ്രമംസൃഷ്ടിച്ച കാലത്തെ ഒരു കത്തായിരുന്നതു്. മലയാളത്തിലെ പ്രശസ്തനായ ഒരു നിരൂപകൻ എനിക്കയച്ച ദീർഘമായ കത്തു്. അത്യന്താധുനികതയുടെ എല്ലാ ചെണ്ടമേളങ്ങളും അവസാനിച്ചിരിക്കുന്ന ഈ സമയത്തു്, നല്ല സാഹിത്യം മാത്രം സത്യമെന്ന ചിന്തയിലേക്കു് സാഹിത്യവുമായി ബന്ധപ്പെട്ട എല്ലാവരും എത്തിച്ചേർന്ന ഈ സമയത്തു് ആ കത്തിലെ പ്രസക്തമായ ഏതാനും വരികൾ ഉദ്ധരിക്കട്ടെ.

"കൊന്നത്തെങ്ങിന്റെ സ്ഥാനത്തു്, ഇവിടെ നാളെമുതൽ ഗൗളിപാത്രതെങ്ങുകളാണെന്നോർമ്മിക്കുമ്പോൾ, ഉണങ്ങിയ ഉണക്കമരത്തിന്റെ സ്ഥാനത്തു് എന്റെ പമ്പാതീരത്തു് പൂത്തുതളിർത്ത കടമ്പുമരങ്ങളാണെന്നോർക്കുമ്പോൾ, അഹല്യയുടെ സ്ഥാനത്തു് വഴിയിൽ എന്റെ രാധയാണെന്നോർമ്മിക്കുമ്പോൾ മനസ്സു് എന്നോടു് മന്ത്രിക്കുന്നു, ദുഃഖിക്കരുതു് നീ ഒട്ടും ദുഃഖിക്കരുതു്. എന്നാലും, എന്നാലും എന്റെ അനിയാ ഞാൻ എന്തുചെയ്യണമെന്നു് എനിക്കറിയില്ല. ഞാൻ ഇന്നലെയെ ഓർത്തു കരയണോ, നാളെയെയോർത്തു് ഉച്ചത്തിൽ ആഹ്ലാദിക്കണോ? എന്തു ചെയ്യണം എന്നെനിക്കറിയില്ല. സത്യമായും എനിക്കറിയില്ല. എന്തുകൊണ്ടെന്നാൽ ..." അപൂർണ്ണത നിറഞ്ഞുനില്ക്കുന്ന പൂർത്തിയാകാത്ത ഈ കത്തിൽനിന്നു പൂർണ്ണമാക്കിമാററാവുന്ന ചിന്താവ്യാപാരത്തിലേക്കു് ഞാൻ വായനക്കാരെ ക്ഷണിക്കുന്നു. ഇന്നിനെക്കുറിച്ചു് ഒന്നും പറയാത്ത പ്രഗത്ഭനായ എന്റെ പ്രിയപ്പെട്ട നിരൂപകന്റെ ഈ കത്തിനു് സമകാലീന പ്രാധാന്യമുണ്ടു്. നമ്മുടെസാഹിത്യം ഇന്നെവിടെ എത്തിനില്ക്കുന്നു നമ്മുടെ സാഹിത്യം എങ്ങു വഴിത്താരതേടുന്നു. പ്രബുദ്ധരായ വായനക്കാരേ നിങ്ങളുടെ ചിന്താസരണിയിലേക്കു് അറച്ചുനില്ക്കുന്ന എന്നെയും ക്ഷണിക്കുക.

ടി. എസ്സു്. എലിയററ് എന്ന ദൈവം ഇന്നലെയും ഇന്നും

പുതിയ തലമുറയിലെ ശ്രദ്ധേയനായ ഒരെഴുത്തുകാരൻ ബുദ്ധിജീവികളുടെ ഒരു സദസ്സിൽവച്ചു് ടി. എസ്സ്. എലിയററിനെ ഈയിടെ തള്ളിപ്പറയാൻ ധൈര്യം കാണിച്ചു. ഇതേ എഴുത്തുകാരൻതന്നെ വർഷങ്ങൾക്കുമുമ്പു് എലിയററിനെ ആധുനികതയുടെ ദൈവമായി ചിത്രീകരിച്ചിരുന്നു. കാലം നമ്മുടെ ചിന്താഗതിയിൽ, വിശ്വാസങ്ങളിൽ, വികാരങ്ങളിൽ മാററങ്ങളുണ്ടാകുക സ്വാഭാവികമാണു്. പക്ഷേ ആ മാററങ്ങൾക്കു് ഹൃദയംവേണമെന്നതു് നിസ്തർക്കമായ കാര്യമാണു്. തറപ്പിച്ചു് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ചില ഉന്നതന്മാ

കം മാററിപ്പറഞ്ഞിട്ടുണ്ട്. അവയിൽ പലതിനും ഹൃദയമില്ലാതിരുന്നു എന്നതാണ് വാസ്തവം. നിരൂപകസിംഹമായിരുന്ന ജോസഫ് മുണ്ടശ്ശേരിയെവരെ ഇക്കാര്യത്തിൽ മാററിനിറുത്താനാവില്ല.

ടി. എസ്സ്. എലിയട്ടിന്റെ കാര്യത്തിലേക്കുതന്നെ മടങ്ങിവരാം. വിദേശങ്ങളിൽ 1929 അവസാനമായപ്പോഴേക്കുതന്നെ അപൂർവ്വശക്തിയും ചിന്താശേഷിയുമുള്ള ചെറുപ്പക്കാർ എലിയററിനെതിരെ കലാപമാരംഭിച്ചുകഴിഞ്ഞിരുന്നു. ജോൺ ലീമാന്റെ "ദി വിസ്പറിംഗ് ഗ്യാലറി" ഒന്നു തുറന്നു നോക്കുക, പേജ് നമ്പർ നൂററിനാല്പത്തിയൊമ്പത്. ജൂലിയനും ജോണുംകൂടി കൊണ്ടുപിടിച്ചാലോചനയായിരുന്നു ഈ എലിയററും എഫ് ആർ ലീവിസ്സുംകൂടി വരുത്തിത്തീർത്തിരിക്കുന്ന തൊന്തരവുകൾക്ക് ഒരറുതിവരുത്തുന്നതെങ്ങനെയെന്ന്. എന്നാൽ ഏഴു വർഷങ്ങൾക്കു മുമ്പുമുതൽ ചില ഗജകേസരികൾ എലിയററിനെ ആധുനികതയുടെ ദൈവമായി പ്രവാചകനായി എഴുന്നള്ളിച്ചുകൊണ്ടു നടന്നു. ഇപ്പോഴിതാ തള്ളിപ്പറയുന്നു. ഹൃദയം പലപ്പോഴും നമ്മുടെ ചിന്തകൾക്കും വികാരങ്ങൾക്കുമില്ലല്ലോ അതേപ്പററി കഴലുതി നടന്നിട്ടെന്തുകാര്യം.?

മഹാഭാരതവും രാമായണവും കേശവദേവും

എന്നും എതിർപ്പിന്റെ ചക്രവർത്തിയെന്നറിയപ്പെട്ടിരുന്ന കേശവദേവ് പലപ്പോഴും വിവാദത്തിന്റെ അലകൾ ഉയർത്തിവിട്ടിട്ടുണ്ട്. രാമായണവും, മഹാഭാരതവും ചുട്ടുകളയണമെന്നു പറഞ്ഞ കാലത്ത് അദ്ദേഹത്തിനെതിരെ ഉയർന്ന ശബ്ദങ്ങൾ ഇന്നും നിലച്ചിട്ടില്ല. താൻ പറയുന്നതു തെററായാൽപോലും അതിൽ ഉറച്ചുനില്ക്കാൻ ധൈര്യംകാട്ടുന്ന ദേവ് ആഗസ്റ്റ് 22ന് തൃശ്ശൂരിൽവച്ച് കാളിദാസനേയും കയ്യേററം ചെയ്തിരിക്കുന്നു. മഹാഭാരതവും രാമായണവും ഉണ്ടായശേഷം വളരെക്കാലം ഇവിടെ സാഹിത്യസൃഷ്ടികൾ ഉണ്ടായിട്ടില്ലെന്ന് ദേവ് തറപ്പിച്ചു പറഞ്ഞു. അതിനുശേഷമുണ്ടായതെല്ലാം മോഷണവും അനുകരണവുമാണെന്നും, കാളിദാസൻപോലും ഇതിൽനിന്നും മുക്തനല്ലെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. മേഘസന്ദേശം മാത്രമാണ് കാളിദാസന്റെ സ്വന്തം കൃതിയെന്ന് ഈ സാഹിത്യാചാര്യൻ പറയുന്നു. എനിക്ക് ചെറിയൊരു സംശയം. മഹാഭാരതവും രാമായണവും ഉണ്ടായശേഷം വളരെക്കാലം ഇവിടെ സാഹിത്യസൃഷ്ടികൾ ഉണ്ടായിട്ടില്ലെന്നു പറയുമ്പോൾ അവ സാഹിത്യസൃഷ്ടികൾതന്നെയെന്ന് കേശവദേവ് പൂർണ്ണമായി സമ്മതിക്കുന്നു. വർഷങ്ങൾക്കു മുമ്പ് മഹാഭാരതവും രാമായണവും ചുട്ടുകരിക്കണം എന്നു പറഞ്ഞപ്പോൾ ഞങ്ങൾ മൂക്കത്തു വിരൽ വച്ചു. മറിച്ചിപ്പോൾ പറയുമ്പോഴും പറയുന്നതു സത്യമാണെങ്കിൽക്കൂടി ഞങ്ങൾ പാവം വായനക്കാർ, കേൾവിക്കാർ മൂക്കത്തു വിരൽവച്ചു പോകുന്നു.

സാഹിത്യഅക്കാദമിയുടെ അവാർഡുകൾ

കേരളസാഹിത്യഅക്കാദമിയുടെ ഈ വർഷത്തെ അവാർഡുകൾ പ്രഖ്യാപിച്ചിരിക്കുന്നു. പി. വത്സല, പാലാ നാരായണൻനായർ, കെ. എസ്സ്. നമ്പൂതിരി, എം. സുകുമാരൻ, എം. അച്യുതൻ, മാണി മാധവചാക്യാർ എന്നിവർക്കാണ് ഇത്തവണ അവാർഡുകൾ ലഭിച്ചിട്ടുള്ളത്. അക്കാദമിയുടെ അവാർഡുകളെപ്പററി പലപ്പോഴും വലിയ പരാതികൾ പൊന്തിവന്നിട്ടുണ്ട്. അർഹിക്കാത്ത പലർക്കും അവാർഡുകൾ കിട്ടിയിട്ടുണ്ട്. സാഹിത്യകാരന്മാരെ ആദരിക്കുകയും സഹായിക്കുകയും ചെയ്യുക മാത്രമാണീ അവാർഡുകളുടെ പിന്നിലുള്ളതെന്നും, അവാർഡിനർഹമാകുന്ന ഗ്രന്ഥങ്ങളെ സൂക്ഷ്മമായി വിമർശിച്ചു വിലയിരുത്തുന്നതു പൂർണ്ണമായും ശരിയല്ലെന്നു അക്കാദമിയുടെ അദ്ധ്യക്ഷൻ ഒരിക്കൽ എന്നോടു പറഞ്ഞു, ഞാനതിനോടു പൂർണ്ണമായും യോജിക്കുന്നു. ഇപ്രാവശ്യത്തെ അവാർഡുകളെക്കുറിച്ച് ആസ്വാദകർക്ക് അനുകൂലാഭിപ്രായമാണുള്ളത്. എം. അച്യുതന്റെ "മലയാള ചെറുകഥ ഇന്നലെ ഇന്നു"" മലയാളനിരൂപണഗവേഷണഗ്രന്ഥങ്ങളിൽ തികച്ചും അവാർഡിനർഹമെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. അക്കാദമിഭാരവാഹികളെ ഞാൻ അനുമോദിക്കുന്നു. — വി. ബി. സി. നായർ

* * *

എനിക്ക് എന്റെ താവളം

ഗോപി, കൊടുങ്ങല്ലൂർ

നഷ്ടബോധത്തെയും സൗഭാഗ്യങ്ങളെയുംകുറിച്ചുള്ള വ്യാകുലത. അവസാനം അന്യതാവബോധവും ആത്മപീഡനവുംകൊണ്ട് സ്വയം നിർമ്മിച്ച തടവറയ്ക്കുള്ളിൽ അഭയംകണ്ടെത്തുക. ഒരർത്ഥത്തിൽ ക്രൂരമായ ഒരുതരം ആത്മസംതൃപ്തി! നിശ്ശബ്ദവും വേദനാമയവുമായി ഉററിനില്ക്കുന്ന ഈ ആത്മഹാസം കൊടും നൈരാശ്യവും ശൂന്യതയുമായി പരിണമിച്ച് പകയും വിദ്വേഷവുമായി ആളിപ്പടരുന്നു. അനിവാര്യമായ ഈ ദുരന്തം സമകാലികമായ ഒരു പ്രതിഭാസമായിത്തീർന്നിരിക്കുന്നു. എന്തുകൊണ്ടിതു സംഭവിക്കുന്നു? പ്രപഞ്ചം കൂടുതൽ കൂടുതൽ സങ്കീർണ്ണമാവുന്തോറും അവനവന്റെ താവളങ്ങൾ നഷ്ടംഗതമാവുന്ന എന്ന തോന്നൽതന്നെ. ഭൂതകാലത്തിന്റെ ശബളാഭമായ നിമിഷങ്ങളിൽ നിന്ന് പിൻതിരിഞ്ഞ്, അഹംതേടി, സ്വന്തം താവളങ്ങളിൽ മുളയാൻ വെമ്പുന്ന — ശൂന്യതയിൽ അസ്തിത്വം തേടുന്ന — നിരർത്ഥകതയിൽ സായൂജ്യം കണ്ടെത്താൻ ശ്രമിക്കുന്ന മൂന്നുപേരുടെ നാലു കഥാസമാഹാരങ്ങളാണ് എന്റെ മുമ്പിൽ, ഒടുവിൽ അവിരാമമായ യാത്രയെന്നോണം, "മുത്തു കൈമോശംവന്ന ചിപ്പിപോലെ" ശൂന്യമായ മനസ്സുമായി പ്രയാണംതുടരുന്നു. ഒരേകാന്തപഥികന്റെ പ്രയാണത്തിന്റെ അനുരണനങ്ങളാണ് തേക്കിൻകാടിന്റെ കഥകൾ.

പത്തു കഥകളുടെ സമാഹാരമാണ് "എനിക്കെന്റെ താവളം," "ഗ്രീഷ്മത്തിന്റെ വേരുകളിൽ" പതിനഞ്ചു കഥകളും. ഒരു കഥാകൃത്തിന്റെ രണ്ടു സമാഹാരങ്ങളെന്ന നിലയിൽ പാരസ്പര്യബന്ധവും പ്രകടമായ സാദൃശ്യവും നമുക്കീ കഥകളിൽ കണ്ടെത്താം. ആദ്യത്തെ പ്രസിദ്ധീകരിച്ച സമാഹാരമെന്നതുകൊണ്ടാകാം, "എനിക്ക് എന്റെ താവള"ത്തിലെ കഥകളാണ്, ഇരുത്തംവന്ന ഒരു കഥാകൃത്ത് എന്ന ഖ്യാതി ജോസഫിനു നേടികൊടുക്കുന്നത്. മനുഷ്യമനസ്സിന്റെ അഗാധതകളിലേക്ക് ചുഴിഞ്ഞിറങ്ങുവാനും തുടർന്ന് അന്തഃസംവേദനത്തിനും ഇതിലെ കഥകൾ പ്രേരിപ്പിക്കുന്നു. അതുകൊണ്ടുതന്നെ "ഗ്രീഷ്മത്തിന്റെ വേരുകളിൽ" മുളപൊട്ടിയ കഥാകൃത്തിന്റെ അഭിനിവേശങ്ങളുമായി താദാത്മ്യം പ്രാപിച്ചുകൊണ്ടു മാത്രമേ പുതിയ കഥാസമാഹാരത്തെ വിലയിരുത്താനാവൂ:

പതിനഞ്ചുകഥകളുൾക്കൊള്ളുന്ന "ഗ്രീഷ്മത്തിന്റെ വേരുകളിൽ" ഉദാത്തമായ രചനാസൗഭഗംകൊണ്ട് ഉയർന്നുനില്ക്കുന്ന കഥയാണ് "അസമയത്ത്" ഒരാൾ." ഒരു കഥാകൃത്തിന് അനുപമമായി ഉണ്ടായിരിക്കേണ്ട "സിദ്ധി" ഇതിന്റെ രചനാശില്പത്തിൽ ദീക്ഷിച്ചിട്ടുണ്ട്. രാത്രിയുടെ നിർവ്വികാരമായ ഏകാന്തതയിൽ ദുഃഖശതങ്ങളായ ഓർമ്മകളിൽ മയക്കം പിടിക്കുമ്പോൾ ഭീതിദമായ മരണത്തിന്റെ പാദസ്പർശംപോലെ ഏതോ ഒരപരിചിതസ്വരം. മുഖംനിറയെ വസൂരിക്കുത്തുകളും തീക്ഷ്ണവും ചോരകിനിയുന്നതുമായ ആ കണ്ണുകളുമൊക്കെ പ്രതീകാത്മകത്വമുള്ള ഉപോദ്ബലകമാണ്. താൻ ഒററപ്പെടാൻ ശ്രമിക്കുന്തോറും കെട്ടുപിണഞ്ഞുകിടക്കുന്ന ബന്ധങ്ങളെന്ന ഊരാക്കുടുക്കുകളിൽ അറിയാതെ മുറുകിപ്പോകുന്നു. അമ്മയെപ്പററിയും വീടിനെപ്പററിയുമുള്ള നിരന്തരമായ ഓർമ്മകളും ഭീതികളുമാണ് പലപ്പോഴും അയാളുടെ ഏകാഗ്രത ഭഞ്ജിക്കുന്നതും. ഒററവായനയിൽ ദുർഗ്രഹത തോന്നാമെങ്കിലും നല്ലൊരു മാനസികാപഗ്രഥന (Psycho analysis)ത്തിന് ദൃഷ്ടാന്തമാണീകഥ. ആധുനികമായ രചനാ സങ്കേതങ്ങളുപയോഗിച്ചുള്ള ചെറിയൊരു കസർത്ത് എന്നു കരുതിയാൽ മതി "ഈ രക്തത്തിൽ ഞങ്ങൾക്കു പങ്കി

ല്ല്" എന്ന കഥ, പാരമ്പര്യത്തെ പരിഹാസചതുരതയോടെ "നാഗാലസ്യ"ത്തിൽ ഒളിയമ്പെയ്യുമ്പോൾ, സ്ഥിരസങ്കേതത്തെ ആധുനീകരിച്ച് "ടൈപ്പ്" ആക്കി മാററുന്ന "മൃഗതൃഷ്ണ" കാല്പനികദുഃഖത്തിന് (Romantic tragedy) എടുത്തുദാഹരിക്കാം "സന്ധ്യയിൽ അലിയുന്ന നിഴൽ" നീറുന്ന ഒരാത്മാവിന്റെ പൊരിച്ചിലാണ് "മദ്ധ്യാഹ്ന"ത്തിലേക്ക് ഉറക്കുന്ന പകൽ" ഹൃദ്യമായ ശൈലിയിൽ പറഞ്ഞുവെയ്ക്കാൻ കഥാകൃത്തിന്നിതിൽ കഴിഞ്ഞിട്ടുണ്ട്. ഈ കഥാതന്തുവിന്റെ മറെറാരനുകരണമാണ്, പേരുകൊണ്ടുപോലും, "ഉള്ളഭേദം." ഗോപേട്ടൻ — ശോഭിയേട്ടനായി മാറിയെന്നേയുള്ളു. സദാചാരത്തിന്റെ ഉരുപ്പിജാക്കി ഇസ്പേഡ് ഏഴുകൊണ്ട് വെട്ടിയെടുത്തിട്ടല്ല, അസ്വാഭാവികത നേരിയതോതിലെങ്കിലും "ഗ്രീഷ്മത്തിന്റെ വേരുകൾ" എന്ന കഥയെ അപഹരിച്ചിട്ടുണ്ട്. എത്രയൊക്കെയായാലും സരിതയുടെ മാനസികവ്യാപാരങ്ങളുടെ ഔചിത്യഭംഗി ചോർന്നുപോയി. ഏറെക്കുറെ ഈ കഥയോട് സാദൃശ്യമുള്ള "നിഴലിൽ ഒരു നിർവൃതി" പൊടിപ്പനമായി. സൗദാമിനി എന്നു പേരുള്ള, സൗമിനിയെന്ന് ഓമനപ്പേരുള്ള പെൺകുട്ടിയുടെ ഹൃദയാഭിലാഷത്തിന്റെ സൂക്ഷ്മചലനങ്ങൾ കഥാകൃത്ത് ശരിക്കും ഒപ്പിയെടുത്തു. — രവിയേട്ടനുമായുള്ള പൂർവ്വകാലബന്ധം അനുസ്മരിക്കാതെതന്നെ. അസ്തിത്വത്തിന്റെ വേരുകളററ്, ശബ്ദങ്ങളുടെ ജനിമൃതികളിൽ ആവേശംകൊള്ളാതെ, നഷ്ടബോധവുമായി ഗ്രാമത്തിന്റെ നാൽക്കവലയിൽ ബസ്സിറങ്ങിയ സിന്ധുവിന്റെ ഹൃദയവ്യാപാരം അവാച്യമാണ്. കഥാശീർഷകത്തിൽപ്പോലും സിംബലിസത്തിനോട് പരാധീനതകാട്ടിയ "വിഗ്രഹം കാത്തുസൂക്ഷിച്ച പെൺകുട്ടി" ആകർഷകമായ കഥകളിലൊന്നാണ്. മൃഗതൃഷ്ണതേടി അലയുന്ന നിരർത്ഥകമായ മനുഷ്യമനസ്സുകളുടെ ഘനീഭൂതമായ ദുഃഖം ഈ സമാഹാരത്തിലെ കഥകളിൽ നിറഞ്ഞുനില്ക്കുന്നുണ്ട്.

മലയാളം മാത്രം
അറിയാവുന്നവർക്കും??

ഹ്രസ്വകാലത്തിനുള്ളിൽ S. S. L. C MATRIC, P. D. C. B. A പരീക്ഷകൾ പാസാകാം:
ഇംഗ്ലീഷിൽ സംസാരിക്കാൻ പ്രത്യേകം ട്യൂഷൻ:
പഠിപ്പും, പ്രായവും കാണിച്ചു് ഒരു കത്തയയ്ക്കുക.

P.T. College

Manacaud,
TRIVANDRUM. 9

കഥാനിബന്ധത്തിലും ആഖ്യാനത്തിലും കുറെക്കൂടി മേന്മയേറിയ കഥകളാണ് "എനിക്ക് എന്റെ താവള"ത്തിൽ. അനുഭവങ്ങളുടെ വൈവിദ്ധ്യമില്ലായ്മ പലപ്പോഴും ഏകസ്വരത വരുത്തുന്നുണ്ടെങ്കിലും. അകലങ്ങളിൽ സ്വയം നഷ്ടപ്പെട്ടു നില്ക്കുന്ന ബദാംമരങ്ങൾ ഒരു സിംബോളിക് അനുഭൂതിയാണ്. സ്വതേ കാല്പനികതയോട് ആഭിമുഖ്യമുള്ള ഈ കഥാകൃത്തിന് നിഗൂഢചേതസ്സിന്റെ വാസനാവ്യാപാരങ്ങൾ അനാവരണം ചെയ്യാൻ ഇതേറെയും സഹായകമായി. യൗവ്വനത്തിന്റെ അണകെട്ടി നിർത്തിയിരുന്ന ഉന്മാദലഹരിപോലെ ആത്മാവിൽ പ്രതികരണമുണർത്തുന്ന കഥയാണ് "നിഴലുറങ്ങുന്ന സങ്കേതങ്ങൾ." മാദകമായ ഒരു സ്വപ്നത്തിലെന്നോണം മുന്തിരിച്ചാറുപോലുള്ളൊരു ജീവിതം നൊട്ടിനുണയാൻ ആരംഭിച്ചപ്പോഴേക്കും അതാ കഴിഞ്ഞകാലം സൃഷ്ടിച്ച നിഴലുകളുടെ കറുത്ത വൃത്തങ്ങൾ. കഥയെന്നതു് കേവലം പുറന്തോടു മാത്രം. അവൾ അവനിലേക്ക് പടർന്നു കയറുമ്പോൾ രമേശിന്റെ വാക്കുകൾ: "ഞാൻ നിന്നെ കണ്ടെത്താൻ പാടില്ലായിരുന്നു." അഭിലാഷങ്ങളുടെ മൊട്ടുകൾ വിരിയുമ്പോഴും ഒരുതരം നിസ്സംഗത. എന്തുകൊണ്ടാണിതു? "മുട്ടിവിളിക്കാനാവാത്തവിധം അകന്നുനില്ക്കുന്ന കണ്ണികളാണ്" നാമൊക്കെയെന്നതുതന്നെ. അതുകൊണ്ട് ഒരു സമതലത്തിൽ എത്തിച്ചേരുന്നപററു. അനതിഗമ്യമായ ഈ യാഥാർത്ഥ്യം തിരശ്ശീല മാററുകയാണ് "എനിക്ക് എന്റെ താവളം". അവസാനം പതിനൊന്നു വർഷങ്ങൾക്കുശേഷം അയാൾ ഇങ്ങനെയൊരു തീരുമാനമെടുത്തു. പത്തായപ്പുരയ്ക്കുള്ളിൽ കോസടി വിരിച്ച് രോഗശയ്യയിൽ കിടക്കുന്ന അച്ഛനെയും, മാലയോഗമുണ്ടാകാതെ, ജീവിക്കാൻ വേണ്ടി യാതനകൾ മാത്രം ചുമന്ന്; ദിനരാത്രങ്ങൾ എണ്ണിത്തീർക്കുന്ന സഹോദരിമാരേയും കാണണം. എന്തേ ഇങ്ങനെ തോന്നാൻ? ഉപബോധമനസ്സ് സൃഷ്ടിക്കുന്ന ഉത്ക്കടമായ അസ്വാസ്ഥ്യം. പിറന്ന മണ്ണിന്റെ ഗന്ധം ശ്വസിക്കാൻ അഞ്ചു ദിവസം ലീവെടുത്ത് വീട്ടിലെത്തിയ അയാൾ, പിറേറന്നു രാവിലെ ദേവുനോട് പറയുന്ന വാക്കുകൾ ഇന്നത്തെ മനുഷ്യന്റെ വിഭ്രാമകമായ അസ്വസ്ഥതയെ നിർദ്ധാരണം ചെയ്യുന്നു: "വേഗം ഒരുങ്ങ്. നമുക്കു പോകാം. നമ്മുടെ താവളത്തിലേക്ക്—" (P. 13). ഇവിടെ ഓർക്കേണ്ട ഒരു വസ്തുതയുണ്ട്. തനിക്ക് ഒരു താവളം തേടിയാണ് അസ്വസ്ഥമായ മനസ്സോടെ അയാൾ യാത്ര പുറപ്പെട്ടതു്. ഭൂതകാലത്തിന്റെ വഴിത്താരയിലൂടെ നടക്കുമ്പോൾ ഒരു പിടി ഓർമ്മകൾ മാത്രം കൈമുതലായുള്ള ചെറുപ്പക്കാരന്റെ മാനസിക ചലനങ്ങളാണ് "ഞാവൽപ്പക്ഷിയുടെ മരണം." ഒരു റൊമാൻറിക് ദുരന്തമാണ് "വൈശാഖത്തിലെ തണൽ." ഹൃദ്യമായ ചാരുതയുണ്ട് "ഇളംമനസ്സു നിറയെ" എന്ന കഥയ്ക്കു്. "ഒരു തണൽ തേടി" എന്ന കഥ ദുർബ്ബലനായ ഒരു ചെറുപ്പക്കാരന്റെ ആത്മഗതവും. മൂട്ടകളും പഴന്താരകളുമിരിക്കുന്ന തടങ്കൽപ്പാളയത്തിൽ ആലസ്യത്തിന്റെ വിമ്മിട്ടവുമായിരിക്കുന്ന രമേശ് എന്ന ചെറുപ്പക്കാരൻ പറയുന്നു: "എനിക്കു ദുഃഖമില്ല സഹോദരാ" എന്ന്. ചുംബനത്തിന്റെ കുളിർമയും മാധുര്യവും നുകർന്നുകൊണ്ട്, ഷാംപെയിൻ ഗ്ലാസ്സുടയുന്നതുപോലുള്ള സുമിത്രയുടെ ചിരിയിൽ മതിമയങ്ങിയിരിക്കുമ്പോൾ പാദസരത്തിന്റെ കിലുക്കംപോലെ സ്മൃതികളുണരുന്നഅയാളുടെലോകം ("ഏററുപറയുന്ന സമ്മോഹനം") എന്നും വർണ്ണാഞ്ചിതമാണ്. അറിയാത്ത വീഥികളിലൂടെ സ്വകാര്യ ദുരന്തത്തിന്റെ ആഘാതവും ചുമന്ന് നടന്നു നീങ്ങുന്ന ഇവർക്ക് താവളങ്ങളെന്നും ഒരു മരീചികയാണ്. പതിനൊന്നു വർഷങ്ങൾക്കുമുമ്പ് എന്നും അമർഷമായി നില്ക്കുന്ന അച്ഛൻ, തേങ്ങലുണർത്തുന്ന അമ്മ, രമേശ്, ഗോപേട്ടൻ തുടങ്ങി വ്യക്തികളും സംഭവങ്ങളും ഒരേ പുസ്തകത്തിൽത്തന്നെ പല കഥകളിലും തേക്കിൻകാട്ട് ആവർത്തിക്കുന്നതു കാണാം. ഈ ഏകസ്വരത വർജ്ജിച്ചേ തീരൂ.

സാമാന്യമനുഷ്യരുടെ നിശ്ശബ്ദവേദനകൾ തന്നെയാണ് എസ്. കെ. ആർ. കമ്മത്തിന്റെ "സ്വപ്നങ്ങളേ അനുഗ്രഹിച്ചാലും." നമ്മുടെ ബോധമനസ്സിനെ വശീകരിക്കുകയും വ്യാകുലപ്പെടുത്തുകയും ചെയ്യുന്ന ചുററുപാടുകളുടെ വ്യത്യസ്തമായ മുഖഭാവങ്ങളുണർത്തുന്ന പതിനൊന്നു കഥകളാണിതിൽ. ഗുപ്തൻനായർ വിസമ്മതിച്ചാലും, കാൽനൂററാണ്ടിന്റെ പഴക്കമുള്ളവയുണ്ട് കമ്മത്തിന്റെ കഥകൾക്ക്. തികച്ചും പഴയ രചനാസങ്കേതങ്ങളുമാണ് കമ്മത്തിന്റേതു്. അനുഭവങ്ങളുടെ ഊഷ്മളതയുണ്ടെന്നുള്ളതു് നേരുതന്നെ. തൊഴിലില്ലാതെ അലയുന്ന ഒരു യുവാവിന്റെ വ്യഥയും അമർഷവുമാണ് "സ്വപ്നങ്ങളെ അനുഗ്രഹിച്ചാലും" എന്ന കഥ തന്നെ. അപരന്റെ വാക്കുകൾ: "കൊല്ലണം—തകർക്കണെടാ തകർക്കണം. —ചാമ്പലാക്കണം" (P 86). സെക്ഷൻ ക്ലാർക്കായിരുന്ന കൃഷ്ണമാരാരുടെ പടിപടിയായുള്ള ഉയർച്ചയ്ക്കു് താനും ഒരു നിമിത്തമായിരുന്നു. ടൈപ്പ് റൈറ്ററിന്റെ മുമ്പിൽ സർവ്വവും സമർപ്പിച്ച്, ആയുഷ്ക്കാലം മുഴുവൻ ത്യജിച്ച ശുദ്ധഹൃദയനായ ദാമോദരക്കുറുപ്പിലൂടെ നിയതമായ ഒരു ജീവിതസത്യത്തെ ആത്മാവിലള്ളിപ്പിടിക്കുംവിധം ആവിഷ്ക്കരിക്കുന്നു. "ആഹ്ലാദം പരകോടിയിൽ". ആണ്ടറുതിയിൽ ഇൻക്രിമെന്റും പ്രമോഷനും കണക്കിലെടുക്കുമ്പോൾ ഇങ്ങനെയൊക്കെ വരുമെന്ന് നമ്മുടെ ബോധമനസ്സ് നേരത്തേതന്നെ മന്ത്രിക്കുന്നുണ്ട്. ആഖ്യാനത്തിലെ നേരിയ പാളിച്ചയ്ക്കു ദൃഷ്ടാന്തമായാണിതു് ചൂണ്ടിക്കാട്ടിയതു്. ദാമോദരക്കുറുപ്പിന്റെ പരിണാമമോർക്കുമ്പോൾ ഒരർത്ഥത്തിൽ നമുക്കു പൊട്ടിപ്പൊട്ടിച്ചിരിക്കാനേ തോന്നൂ. അർത്ഥശൂന്യമായ ഈ മന്ദഹാസമാണ് "ഏഴരശ്ശനി"യിലെ ഭദ്രന്റേതും. പത്രപ്രവർത്തകന്റെ സംഭവവിവരണത്തിന്റെ രീതികൊണ്ടാണ് കമ്മത്തിന്റെ കഥകളോട് ചിലർക്കെങ്കി

ലും അരുചി തോന്നുന്നതു്. ഒരുദാഹരണം: സഫലമാകാത്ത അഭിലാഷങ്ങളുടെ സാങ്കല്പികമായ സാക്ഷാത്കാരമല്ലേ സ്വപ്നം" (P. 84) കഥാകൃത്തു തുറന്നു സമ്മതിച്ചതുപോലെ, വൈയക്തികാനുഭവങ്ങൾ സമൂഹവത്കരിച്ചാലേ ഇത്തരം കഥകൾക്കു് തീവ്രതയും സാംഗത്യവും കൈവരൂ. ഗുപ്തൻനായർ അവതാരികയിൽ വ്യക്തമാക്കിയ ഒരു സത്യം എടുത്തു പറയാതെ വയ്യ. സുനിയന്ത്രിതവും സുപ്രയുക്തവുമായ അമർഷത്തിനിടയിൽ കഥാകൃത്തു് ഒച്ച പൊന്തിക്കുന്ന സന്ദർഭം ഒന്നുപോലുമില്ല.

സങ്കീർണ്ണമെന്നും തീർത്തും വിശേഷിപ്പിക്കാനാവാത്ത ചില ജീവിതബന്ധങ്ങളുടെ ഉലച്ചിലാണു് ശാരദാബാലചന്ദ്രന്റെ "പനിനീർത്തുള്ളികൾ." ഇമേജറികളുടെ ധാരാളിത്തം കൊണ്ടു് കഥയുടെ ദാർഢ്യം പലപ്പോഴും അയഞ്ഞുപോകുന്നതു കാണാം. സമൂഹത്തിലെ ഉന്നതതട്ടുകളിലുള്ള ഭവനങ്ങളിലെ പ്രൗഢകളായ സ്ത്രീകളുടെ ജീവിതദുഃഖങ്ങളാണു് ഇവരെ കൂടുതലും ആകർഷിച്ചിട്ടുള്ളതു്. ഒററ നോട്ടത്തിൽ അലക്കിത്തേച്ച ഷർട്ടിനുമേൽ മടക്കിയിട്ട കസവു വേഷ്ടിയാണിവർക്കു് കഥയെന്നു തോന്നും. സൂക്ഷ്മവിശകലനത്തിൽ നല്ല കഥകളെഴുതാൻതക്കവണ്ണം ശില്പഭദ്രത സ്വായത്തമായിട്ടുണ്ടെന്നു കാണാം. ഒരിക്കലും സ്ത്രൈണഭാവം ശൈലിയെ സ്വാധീനിച്ചിട്ടില്ല.

ഏഴു കഥകളാണു് പനിനീർത്തുള്ളി"യിൽ. ജന്മാഷ്ടമി എന്ന പ്രഥമകഥ തികച്ചും ഹൃദയാവർജ്ജകമാണു്. നിരപരാധിയായ ഒരു സ്ത്രീ—വിമല താങ്ങേണ്ടിവരുന്ന കദനഭാരം നമ്മെ അലോസരപ്പെടുത്തും. "വഴുതിപ്പോയ ദിവസങ്ങളും ഒഴുകിപ്പോയ വെള്ളവും തിരിച്ചു വരാനാവില്ലല്ലോ"— ദുഃഖത്തിന്റെ തീരങ്ങളിൽ അനാഥമായി അലയുന്ന മനസ്സുകൾക്കു് ഇങ്ങനെയൊക്കെയേ സമാധാനിക്കാനാവൂ. സ്വാനുഭവത്തിന്റെയോ ആവിഷ്കരണത്തിന്റെയോ ഊഷ്മളത ലവലേശമില്ല "പറവ" എന്ന കഥയ്ക്കു്. നല്ലൊരു റിപ്പോർട്ടിങ്ങ്! ഹൃദയദ്രവീകരണക്ഷമമാണു് "അവളുടെ ലോകം." പനിനീർത്തുള്ളികളിലെ ഏററവും ശ്രദ്ധേയമായ കഥ "നിലയ്ക്കാത്ത ശബ്ദങ്ങളാണു്" മോഹാവേശങ്ങളോടെ കടന്നുവന്ന ജീവിതം. ഒരിക്കൽ അതൊരു ലഹരിയായിരുന്നു. അപ്പോഴാണു് "പറമ്പിൽ തിളങ്ങുന്ന തെങ്ങോലപ്പീലികളുടെ നിബിഡമായ നിഴലിൽ നിന്നു് ഇല്ലിക്കാടുകളിലേക്കു് ഒരാൾ അരിച്ചു നീങ്ങുന്നതു്." സന്ദർഭങ്ങളുണ്ടായിട്ടും തിരുത്തപ്പെടാൻ കഴിയാതെ പോയ തെററുകളിൽ ഏകാന്തദുഃഖം ഉറഞ്ഞുകൂടിനില്ക്കുന്നു. "ഫ്ളാഷ്ബാക്ക്" സങ്കേതത്തിലെഴുതിയ ഈ കഥയ്ക്കു് ചടുലതയേറും. അട്ടഹാസച്ചിരി, ചിന്തകളുടെ ശരവ്യൂഹം, ജർജ്ജര തുടങ്ങി യാതൊരു പ്രസക്തിയുമില്ലാത്തപദങ്ങൾ ദുർവ്വിനയം ചെയ്യുന്നതു കാണാം. വൈശാഖസന്ധ്യ, അപരാഹ്നത്തിലെ വെയിൽ, സൈക്കഡെലിക് വെളിച്ചം തുടങ്ങിയ മധുരപദങ്ങൾ തേക്കിൻകാടിന്റെ കഥകളിലും വേണ്ടതിലേറെയുണ്ടു്.

കമ്മത്തിനെ മാററിനിർത്തിയാൽ മററു രണ്ടുപേരും കഥാസാഹിത്യത്തിലെ നാലാം തലമുറയെ പ്രതിനിധാനം ചെയ്യുന്നു. സങ്കീർണ്ണമായ ജീവിതമേഖലകളിലേക്കു് ആഴ്ന്നിറങ്ങിയാൽ ഭേദപ്പെട്ട കഥകൾ ഇവർക്കെഴുതാൻ കഴിയും. ദർശനത്തിലല്ലെങ്കിലും, ശൈലിയിലൂടെ സ്വന്തം പാളയങ്ങളിൽ നങ്കൂരമടിക്കാനും. ഗ്രീഷ്മത്തിന്റെ വേരുകൾ" ഒഴിച്ചുള്ള മൂന്നു പുസ്തകങ്ങളുടെയും ആകർഷകമായ കവർ സവിശേഷശ്രദ്ധ അർഹിക്കുന്നു.

ഗ്രീഷ്മത്തിന്റെ വേരുകൾ—തേക്കിൻകാട് ജോസഫ്, വില 3-00 പ്രസിദ്ധീകരണം, പൂർണ്ണാ പബ്ളിക്കേഷൻസ്, കോഴിക്കോട്.

എനിക്ക് എന്റെ താവളം—തേക്കിൻകാട് ജോസഫ്, വില 2-75

സ്വപ്നങ്ങളേ അനുഗ്രഹിച്ചാലും — എസ്. കെ. ആർ. കമ്മത്ത്, വില 4-00

പനിനീർത്തുള്ളികൾ— ശാരദാബാലചന്ദ്രൻ, വില 3-50 [നാലും കഥാസമാഹാരങ്ങൾ. മൂന്നിന്റേയും പ്രസിദ്ധീകരണം: സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.]

—*—



ഇനിയും പ്രദർശനശാലകളിലെത്തിയിട്ടില്ലാത്ത മലയാള ചിത്രമാണു് ഏകാകിനി. സംസ്ഥാനഗവൺമെന്റിന്റെ അവാർഡിനർഹമായ ഈ ചിത്രം ഇക്കഴിഞ്ഞദിവസം കൊല്ലത്തു് പ്രദർശിപ്പിക്കുകയുണ്ടായി. സംവേദന ഫിലിംഫോറമാണു് അംഗങ്ങൾക്കു് വേണ്ടി ഈ പ്രദർശനം സംഘടിപ്പിച്ചതു്. അന്നുവൈകുന്നേരം പ്രസ്ക്ലബ്ബ് ഹാളിൽ വച്ചു് ചിത്രത്തെക്കുറിച്ചൊരു ചർച്ചയും നടന്നു.

ഏകാകിനിയും കാഴ്ചക്കാരും സംവിധായകനും

ഏകാകിനിയുടെ സംവിധായകനായ ജി. എസ്. പണിക്കർ തിരക്കഥാകൃത്ത് പി. ആർ. നായർ നടൻ ഇന്ദ്രബാലൻ എന്നിവരുടെ സാന്നിദ്ധ്യത്തിലാണു് ചർച്ച നടന്നതു്. സംവേദനയുടെ പ്രസിഡന്റ് ആർ. ഹരികുമാർ അദ്ധ്യക്ഷത വഹിച്ചു.

ഇത്രമാത്രം സിനിമാററിക് പെർഫക്ഷനുള്ള ഒരു മലയാളചിത്രം അടുത്തകാലത്തൊന്നും കാണാൻ കഴിഞ്ഞിട്ടില്ലെന്നു് ഹരികുമാർ പറഞ്ഞു. മാദ്ധ്യമത്തിന്റെ മുഴുവൻ സാദ്ധ്യതകളെയും ചോർത്തിയെടുക്കാനുള്ള പണിക്കരുടെ കഴിവാണു് ഏകാകിനിയെ നൂറുശതമാനവും ഒരു സിനിമയാക്കിയതു്. ഒരു നല്ല മലയാളചിത്രം സംഭാവനചെയ്തതിനു് ഏകാകിനിയുടെ ശില്പികളെ അദ്ദേഹം അനുമോദിച്ചു.

തുടർന്നുനടന്ന ചർച്ചയിൽ നിറമാലയുടെ എഡിററർ ടി. കെ. ലോറൻസ് സംസാരിച്ചു. ഏകാകിനിയുടെ സാങ്കേതികപൂർണ്ണതയെക്കുറിച്ചായിരുന്നു അദ്ദേഹത്തിനു പറയാനുണ്ടായിരുന്നതു്. കടവിൽശശി പറഞ്ഞതു് ജി. എസ്. പണിക്കർ മലയാളസിനിമയുടെ നേട്ടമാണെന്നും, ഒരു ചിത്രത്തിന്റെ നിർമ്മിതിക്കുശേഷം നിഷ്ക്രിയനാവാതെ ഇനിയും ഈടുററ സംഭാവനകൾ നൽകണമെന്നുമാണു്. സേനൻ, ജയിംസ്, ലൂക്കോസ് എന്നിവരും ചർച്ചയിൽ പങ്കെടുത്തു. ഏകാകിനിയെ

ജി. എസ്. പണിക്കർ മറുപടി പറയുന്നു

ടി. ആർ. ഓമന പ്രമീള "മാനസവീണ"യിൽ

കുറിച്ചും മൊത്തത്തിൽ സിനിമയെക്കുറിച്ചുമുള്ള ഗൗരവമേറിയ ചോദ്യങ്ങൾക്ക് പണിക്കരും പി. ആർ. നായരും മറുപടി പറഞ്ഞു.

കൊല്ലത്തെ ചലച്ചിത്രപ്രേമികളെ സംബന്ധിച്ചിടത്തോളം ചിത്രവും ചർച്ചയും പുതിയൊരനുഭവംതന്നെയായിരുന്നു. ***

അഭിനന്ദനം

സഞ്ജയ് പ്രൊഡക്ഷൻസിന്റെ പുതിയ ചിത്രമാണ് "അഭിനന്ദനം". ഐ. വി. ശശി. സംവിധാനംചെയ്യുന്ന ഈ ചിത്രത്തിൽ ഉമ്മർ, ഭാസി, ബഹദൂർ, വിൻസന്റ്, ജയഭാരതി, സോമൻ, റാണിചന്ദ്ര, രാഘവൻ തുടങ്ങിയ താരങ്ങളെല്ലാം അഭിനയിക്കുന്നുണ്ട്. ഷറീഫ് എഴുതിയ അഭിനന്ദനത്തിന്റെ ഗാനങ്ങൾ ശ്രീകുമാരൻതമ്പിയും കണ്ണൂർ രാജനുംകൂടി തയ്യാറാക്കിയിരിക്കുന്നു. ചിത്രീകരണം അവസാനിക്കാറായ അഭിനന്ദനത്തിൽ ലതിക എന്ന ഒരു പെൺകുട്ടിയും യേശുദാസിനോടൊപ്പം ഒരു ഗാനം ആലപിച്ചിട്ടുണ്ട്". ***

(8–ൽ നിന്നു തുടർച്ച)

because it presents memorable types of men and things apart from unmeaning circumstances, so in its primary substance and texture poetry is more philosphical than prose, because it is nearer to our immediate experience."

(George Santayana—Poetry and Religion)

അനുഭവത്തിന്റെ കല്പടവുകളിലേക്ക് ഞാൻ തിരിഞ്ഞു നോക്കി. അദ്വൈതവും വിശിഷ്ടാദ്വൈതവും, ശുദ്ധാദ്വൈതവും, ദ്വൈതാദ്വൈതവും സൃഷ്ടിച്ച മൂടൽമഞ്ഞു എങ്ങോ അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു.

—*—

Edited Printed & Published by S. K. Nair, at New India Printers, Quilon